
ഗുരുണാ പ്രേഷിതാ വയം.
ബ്രഹ്മശ്രീ
ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2020 മെയ് – ജൂൺ, വാള്യം :17 – ലക്കം : 3
ശന്നോ ദേവിരഭീഷ്ടയ
ആപോഭവന്തു
പീതയേ,
ശംയോരഭിസ്രവന്തുനഃ

## ഒന്നാം ശ്രാദ്ധ ദിനം
(15 ഏപ്രിൽ 2020)

# മിനി ദാമോദരൻ നമ്പൂതിരി

ഊരകത്തില്ലം , കാവുംഭാഗം പി ഒ
ചെറുവള്ളി, കോട്ടയം ജില്ല.

**സന്തപ്ത**
**കുടുംബാംഗങ്ങൾ**





കാണുവാനിനിയാവില്ലെന്നറിയാം പരസ്പരം
വാണീടുകെന്നും മനസ്സിലെക്കോവിലിൽ...

2020 മെയ് – ജൂൺ : വാല്യം 17 – ലക്കം 3

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**ശ്രീ. പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം– 686 634, ഫോൺ : 8281108575

**ശ്രീ. ടി. വി. നാരായണ ശർമ്മ** (കേന്ദ്ര പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം, മാലം പി.ഒ., കോട്ടയം– 686 019
ഫോൺ : 9562356959

**ശ്രീ. കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ.,
തൃശൂർ– 680 615, ഫോൺ : 8589895026, 8129480591

**ശ്രീ. എം. എൻ. കേശവൻ ഇളയത്**
രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ,
എറണാകുളം– 682 301, ഫോൺ : 9995110078

**ശ്രീ. നീലാംബരൻ ഇളയത്**
തോട്ടത്തിൽ ഇല്ലം (ശ്രീവത്സം), ചെറുതുരുത്തി പി.ഒ.,
തൃശൂർ– 679 531, ഫോൺ : 94468 89931

**ശ്രീമതി. ശാരദാമണി കെ. കെ.**
കൃഷ്ണപ്രഭ, കളവംകോടം പി. ഒ., ചേർത്തല ,
ആലപ്പുഴ– 688 524, ഫോൺ : 94976 34008

**ഡോ. കെ.എൻ.ഹരികൃഷ്ണ ശർമ്മ**
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയ– 686 503, ഫോൺ : 98475 98896

**ശ്രീ. അരുൺ കീച്ചേരിൽ** (സർക്കുലേഷൻ)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ. – 686 575, ഫോൺ : 94468 46461

**ശ്രീ. വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം– 682 306, ഫോൺ : 94475 66168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

ബ്രാഹ്മണന്റെ പൂണൂലിലെ അദൃശ്യമായ അനേകം ഇഴകളിൽ ഒന്നായിരുന്നു പിശുക്ക് എന്ന് ആലങ്കാരികമായി ഭൗതിക തലത്തിൽ പറയാം. ബ്രാഹ്മണനാണോ പിശുക്കനായിരിക്കും എന്ന ഒരു സങ്കല്പം സമൂഹമനസ്സിൽ ഉണ്ടായി വന്നത് വെറുതെയല്ല. ദക്ഷിണയായി ലഭിയ്ക്കുന്നത് മാത്രം പണത്തിന്റെ രൂപത്തിലുള്ള വരുമാന സ്രോതസ്സായിരുന്ന കാലഘട്ടത്തിൽ ജീവിച്ചവർ ചിലവാക്കാൻ അല്പം മടി കാണിച്ചതിൽ അത്ഭുതമില്ല. കയ്യിലുള്ള ധനം ചെലവഴിക്കാനുള്ള മടി മാത്രമായി ഈ ചിലവുനിയന്ത്രണ സ്വഭാവവിശേഷത്തെ കാണുന്നത് വളരെ സങ്കുചിതമാകും.

ജീവിതത്തിലെ ആഗ്രഹങ്ങളെ ലഘൂകരിച്ചവരെയും നമ്മൾ പിശുക്കന്മാർ എന്ന് തന്നെയാണ് വിളിക്കുന്നത്. വേറൊരു വീക്ഷണ കോണിലൂടെ നോക്കിയാൽ ഇത് ഒരു സദ്ഗുണം തന്നെയല്ലേ? വലിയ വലിയ കാര്യങ്ങളൊന്നും ഈ ദൃശ്യലോകത്തിൽ നേടാനില്ല എന്ന അവബോധം ഉറയ്ക്കുമ്പോളാണ് ആശകൾ ചുരുങ്ങുകയോ ഇല്ലാതാവുകയോ ചെയ്യുന്നത്. ധനത്തെ അത്യാവശ്യത്തിനു മാത്രം ചിലവാക്കി ,വിഷ്ണുപദപ്രാപ്തി മാത്രമാണ് മനുഷ്യ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന് തിരിച്ചറിയുകയും അതിനുവേണ്ടി കലിയുഗത്തിലെ ഏറ്റവും എളുപ്പമാർഗ്ഗമായ ഭക്തിമാർഗം സ്വീകരിയ്ക്കുകയും ചെയ്ത് എല്ലാം നാരായണനിൽ സമർപ്പിച്ച് നാരായണ നാമം ജപിച്ച് ആചാരാനുഷ്ഠാനങ്ങളിൽ നിമഗ്നരായിപ്രകൃതിയെ ദ്രോഹിയ്ക്കാതെയും സിംഹാസനങ്ങളെ ആഗ്രഹിയ്ക്കാതെയും നിശബ്ദമായി കഴിഞ്ഞുകൂടിയവരെയും കഴിഞ്ഞുകൂടുന്നവരെയും നമ്മൾ പിശുക്കന്മാരുടെ ഗണത്തിലാണ് പെടുത്തുക.

അടുത്ത പേജിൽ ➡

***ഉപദേശകസമിതി***
**ഡോ പി.വി വിശ്വനാഥൻ നമ്പൂതിരി**
**ഡോ പി.സി.മുരളീമാധവൻ | പ്രൊഫ. ബാലചന്ദ്രശർമ**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam


ശ്രീരാമ രാമ രാമ ശ്രീരാമചന്ദ്ര ജയ
ശ്രീരാമ രാമ രാമ ശ്രീരാമഭദ്ര ജയ


പിശുക്കന്മാരെ ഇങ്ങിനെ ന്യായീകരിയ്ക്കുന്നതു കേട്ട് പലരും ചിരിയ്ക്കുന്നുണ്ടാകും !! (ഭർത്താക്കന്മാരുടെ പിശുക്കിനെ കുറ്റപ്പെടുത്താത്ത ധർമ്മദാരങ്ങൾ ഇല്ലങ്ങളിൽ വിരളമായിരിയ്ക്കും !.
ഏതായാലും ധൂർത്തും പിശുക്കുമായി താരതമ്യം ചെയ്താൽ ഈ പിശുക്കു തന്നെയാണ് നല്ല ഗുണം എന്ന കാര്യത്തിൽ തർക്കം ഉണ്ടാവാനിടയില്ല.
ഉർവീസുരന്മാരുടെ ഈ നിയന്ത്രണം സ്വന്തം സുഖങ്ങളിലും അനാവശ്യ ആഡംബരങ്ങളിലുമായിരുന്നു ! ആയിരിക്കണം !
'അറുത്ത കൈയ്ക്ക് ഉപ്പു തേക്കാതിരിയ്ക്കുന്ന' നിലയിലേയ്ക്ക് പോകരുതെന്ന് മാത്രം.
'മരതകക്കൂമ്പുപോലെ ' പൊടിയ്ക്കുന്ന മർത്ത്യമനസ്സിലെ ആഗ്രഹങ്ങളെയും ദൈനംദിന ജീവിതത്തിലെ ആവശ്യങ്ങളെയും കഴിയുന്നത്ര ഒതുക്കി, സന്തോഷത്തോടെ സംതൃപ്തമായി ജീവിക്കാനായി ആഹ്വാനം ചെയ്തുകൊണ്ട് ഒരു പുതിയ 'തത്ത്വചിന്ത' ഈയിടെയായി 'മിനിമലിസം' എന്ന പേരിൽ പ്രചരിയ്ക്കുന്നത് പലരും ശ്രദ്ധിച്ച കാണും.
സംഭവം ഈ പിശുക്കുതന്നെ!!

ലോകം മുഴുവൻ ഭാരത സംസ്കൃതിയേയും നമ്മുടെയൊക്കെ ജീവിതരീതിയെയും പിന്തുടരാനാഗ്രഹിയ്ക്കുന്ന കാലമാണ് കടന്നു വരുന്നത്. സസ്യാഹാരമാണ് ആരോഗ്യത്തിനു ഉത്തമം എന്ന് അംഗീകരിയ്ക്കുന്നതും, പുറത്തുപോയി വന്നാൽ കൈകാലുകൾ കഴുകുകയോ കുളിയ്ക്കുകയോ ചെയ്യുന്നത് ഉത്തമമാണെന്ന് സമ്മതിയ്ക്കുന്നതും പരസ്പരാഭിവാദനം കൂപ്പുകൈകളോടെ ആകുന്നതാണ് ശരിയെന്നു തിരിച്ചറിയുന്നതും ഒക്കെ അനിവാര്യമായ ഈ മാറ്റത്തിന്റെ തുടക്കം മാത്രമാണ്.
അതുകൊണ്ട് ലോകം മാതൃകയാക്കാൻ പോകുന്ന ഇത്തരം അസുലഭ സ്വഭാവഗുണങ്ങളെയും ലളിതശാന്തമായ ജീവിതരീതിയെയും നമ്മുടെ തനിമയെയും നില നിർത്തുക തന്നെ വേണം.
'കൈത്തിരി കത്തിച്ചിരുൾ നിര ഭേദിച്ചൊളിമഴ പെയ്തവർ ' തന്നെ ആ കൈത്തിരി ഊതിക്കെടുത്തുന്നത് ശരിയല്ലല്ലോ !!

ഹരി
**പത്രാധിപർ**

# രാമായണ സന്ദേശം

രാമായണ വായന ഒരു ഓർമ്മ പുതുക്കൽ ആണ്. മനുഷ്യൻ ധർമ്മപാതയിൽ നിന്ന് വ്യതിചലിക്കുമ്പോൾ അവനെ നേർവഴിയിലേയ്ക്ക് മടക്കിക്കൊണ്ടുവരുവാനുള്ള ഓർമ്മ പുതുക്കൽ. വർഷംതോറുമുള്ള രാമായണപാരായണം അതിന് അവസരമൊരുക്കുന്നു. രാമായണകാവ്യം സ്നേഹമസൃണമായ ശകാരങ്ങളും ഉപദേശങ്ങളും തരും. അതായിരിക്കണം രാമായണം ഇത്ര മാത്രം പ്രചാരം നേടുവാനുള്ള കാരണം. രാമായണം നമ്മളെ പഠിപ്പിക്കുകയല്ല ജീവിതം കാണിച്ചു തരികയാണ് ചെയ്യുന്നത്. കഥയ്ക്കു മാറ്റമില്ലെങ്കിലും ഉൾക്കാമ്പിന് പുതിയ മാനം നൽകുവാൻ കഴിയുന്നത് രാമായണത്തിന് എന്നും പുതുമ നൽകുന്നു. വിശകലനം ചെയ്യുംതോറും പുതിയ പുതിയ മാനങ്ങൾ തുറന്നുകാണിക്കുന്ന അതിന്റെ അർത്ഥ വ്യാപ്തിയായിരിക്കാം കുടിച്ചാൽ മതി വരാത്ത അമൃതായി അതിനെ മാറ്റുന്നത്. കാലഗതിയിൽ വന്ന മാറ്റങ്ങൾ മനുഷ്യമനസ്സിലും മാറ്റമുണ്ടാക്കി. ആദ്ധ്യാത്മിക, ധാർമ്മിക ചിന്തകളിൽ നിന്ന് അവൻ അകന്നു. അത് ധർമ്മച്ച്യുതിയിലേയ്ക്കാണല്ലോ നയിക്കുന്നത്. രാമായണ പാരായണം അതിനെതിരേയുള്ള ചികിത്സകൂടിയാണ്. ഉത്തമജീവിതത്തിനുതകുന്നതെല്ലാം രാമായണം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. തെരഞ്ഞെടുക്കേണ്ടതെന്താണെന്ന് സൂചിപ്പിക്കുന്നുണ്ട്. താരതമ്യങ്ങൾ കാണിച്ചുതരുന്നുണ്ട്, വിവേകിയ്ക്ക് വേണ്ടതുകാണാം, മനസ്സിലാക്കാം, സ്വീകരിയ്ക്കാം.
നമുക്ക് രാമായണത്തെ വരവേൽക്കാം.



**റ്റി.വി.നാരായണശർമ്മ**
എം.ബി.എസ്.കേന്ദ്രപ്രസിഡന്റ്
9562356959

ജയ്ശ്രീറാം, ജയ്ഹനുമാൻ

# ഏകാന്തതയും വൃത്തിയാക്കലും

സൗമ്യ എൻ.കെ.
പുതുമന ഇല്ലം, ചേർത്തല

ഏകാന്ത വേളയിതനന്തമാം ചിന്തയ്ക്കു
മൂകമായ് നേരമൊരുക്കിടുന്നു
'ചുറ്റിനും നോക്കുക ചീത്തകൾ മാറ്റുക
ഏറ്റവും വൃത്തിയായ് വച്ചീടുക '
കേൾപ്പൂ മേലുപദേശം പല നേരമായിതാ
കേൾക്കാതിരിക്കൊല, സൽപുത്രി (!) ഞാൻ
ചൂലുമായ് ചുറ്റും വെടിപ്പാക്കി വച്ചിട്ടു
ചാലെ പുരയ്ക്കകത്തേറി മെല്ലെ
'വൃത്തി പുറത്തേക്കു മാത്രമൊതുക്കൊല
ചിത്തവും ശുദ്ധിയായ് വയ്ക്ക വേണം.'
ഏറെ രസാവഹം ഉള്ളിലേക്കൊന്നു ഞാൻ
വേറിട്ടുനിന്നൊന്നു നോക്കിയപ്പോൾ
ചീത്തകൾ മാറ്റീട്ടു വൃത്തിയാക്കീടുവാൻ
ചിന്തയാം ചൂലിനെയുള്ളിലേന്തി,
നല്ലതടുക്കിവച്ചല്ലാത്തതുമാറ്റി
വല്ലാത്തൊരിണ്ടലെന്നെത്തലോടി
എന്നെ ഞാനാക്കുന്ന വേറിട്ട ഭാവങ്ങൾ
എല്ലാം കിടപ്പുണ്ടുവേണ്ടാത്തതിൽ!
വാരിയെടുത്തിവ ദൂരെക്കളയുകിൽ
പാരിലീ ഞാനിന്നു ശൂന്യയാകും
അന്യയായ് മാറുമെനിക്കു ഞാൻ താനുമി-
ന്നന്യഥാ ബോധമെന്നെപ്പൊതിയും
മറ്റൊരു പോംവഴി ചിന്തിച്ചു ചിന്തിച്ചു
വറ്റൊന്നും ചെന്നില്ലന്നുള്ളിലേക്കായ്
വേണ്ടാത്തതിൽ പേർത്തും പേർത്തും നിരീക്ഷിച്ചു
മാലിന്യമില്ലെന്നുറപ്പിച്ചു ഞാൻ
വാരിയെടുത്തവ ദൂരെയെറിയാതെ
മൂലയ്ക്കൊരിടത്തു കൂട്ടി വച്ചു.
അറിയുമൊ നിങ്ങളാക്കൂനയിൽ
നിന്നിടയ്ക്കനവധിയനവധി ചിന്തകളെ
ചാടിപ്പുറത്തേയ്ക്കു പോകാൻ വിടാറുണ്ടു
ഞാനെന്റെയേകാന്ത വേളകളിൽ
ചാലെ മടങ്ങി വരാറുണ്ടവയെല്ലാം
കാലവും നേരവും തെറ്റിടാതെ....

# കൊറോണ ക്ഷേത്രത്തിൽ

ലാൽ മംഗലശ്ശേരി – പേരൂർ ഫോൺ: 9400689601

രക്ഷിക്കവേണമിബിലീസുകൊറോണയിപ്പോൾ
ദംഷ്ട്രാ കരാളവദനത്തിലടുത്തിടുന്നു
പാവം ജനങ്ങൾ ഭയവിഹ്വലരായടുത്ത
ദേവാലയത്തിലഭയത്തിനുകേണിടുന്നു

പൂജാദികർമ്മ മലർനേദ്യമതൊന്നുമില്ല
ദേവന്നു കഷ്ടമഭിഷേകവുമില്ലതന്നെ
സന്ധ്യയ്ക്കുകൈത്തിരി കൊളുത്തിയിരുട്ടകറ്റാൻ
പറ്റാതെയായവിടെ ഭക്തജനങ്ങളില്ല

ക്ഷേത്രങ്ങളോ നടയടച്ചു കോവിഡു തന്റെ-
യേകാധിപത്യമവിടൊക്കെ നിറഞ്ഞു നിന്നു
ദേവന്റെ പൂജ ചെറുതാക്കിയ ശാന്തിതന്റെ
അസ്പർശ്യമല്ലകലനീതി നടപ്പിലാക്കി

ഇന്ദ്രാദിദേവകളോടിയൊളിച്ചു പണ്ട്
രക്ഷോവരാദിയസുരർ പടകൂട്ടിയപ്പോൾ
വൈറസുഭീകരർ പെരുത്തു ജനങ്ങളെല്ലാം
ദൂരത്തിലായ് മുറിയടച്ചു വസിച്ചിടുന്നു

ആഘോഷമേറിയനാളിലകമ്പടിക്കാ-
യാറാട്ടിനാനകളതില്ലൊരു യാത്രയില്ലാ
വൈറസിനാദരവു കൂടിയതല്ല ശംഭോ
പ്രാർത്ഥിച്ചിടുന്നു ദയ കാട്ടണമെന്ന് മാത്രം


## ഗീതയെക്കുറിച്ച്....

അറുകൊലയ്ക്കു പ്രേരണ നൽകുന്ന സംഹിതയാണ് ഗീത എന്ന പരാതി ഒരർത്ഥത്തിൽ ശരിയാണ് ഈ ശത്രുവിനെ കൊല്ലൂ എന്ന് ഈ അധ്യായത്തിൽ (കർമ്മയോഗം) ആവർത്തിച്ചു പറയുന്നുണ്ട്. പക്ഷെ ഈ ശത്രു സ്വന്തം മനസ്സിലെ കാമക്രോധ വിഷമാണ്. രക്തവും മാംസവുമുള്ളൊരു പടയാളിയല്ല. ഏതു തരം ജയത്തിനായാണ് മഹാഭാരതയുദ്ധം നടന്നതെന്നും ഗീതയുടെ പ്രധാന ലക്ഷ്യമെന്തെന്നും തിരിച്ചറിയാൻ ഇത്രയും പോരേ?

**– ഗീതാദർശനം**
സി രാധാകൃഷ്ണൻ

താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ

# മലയാള ബ്രാഹ്മണസമാജവും പി. പരമേശ്വരനും



**പ്രൊഫ. സി. എൻ. പുരുഷോത്തമൻ**
ചിറമംഗലത്തില്ലം ആനിക്കാട്
9447598171

മലയാള ബ്രാഹ്മണസമാജത്തിന്റെ അദ്ധ്യക്ഷൻ ശ്രീ. റ്റി. വി. നാരായണശർമ്മ ഒരു ദിവസം എന്നെ ഫോണിൽ വിളിച്ചു. 'പദ്മവിഭൂഷൺ ലഭിച്ച പി. പരമേശ്വരനെ പൊന്നാടയണിയിക്കാനും അദ്ദേഹത്തിന് ഉപഹാരം നൽകാനും മലയാള ബ്രാഹ്മണസമാജത്തിന്റെ കേന്ദ്രസമിതി തീരുമാനിച്ചു. അദ്ദേഹത്തിന്റെ താമസസ്ഥലത്തെത്തി അത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതിന് ആരെയാണ് ബന്ധപ്പെടേണ്ടത്' എന്ന് അന്വേഷിച്ചാണ് വിളിച്ചത്. പരമേശ്വർജിയുടെ സന്തതസഹചാരിയും രാഷ്ട്രീയ സ്വയം സേവക സംഘത്തിന്റെ പ്രചാരകനുമായ ശ്രീ. വി. സുരേന്ദ്രൻ ചേട്ടനെ വിളിച്ച് ഞാൻ ഈ കാര്യങ്ങൾ പറഞ്ഞു. അതിന് വേണ്ട സൗകര്യങ്ങളെല്ലാം ചെയ്യാം എന്ന് സുരേന്ദ്രൻ ചേട്ടൻ ഏൽക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഫോൺ നമ്പരും സമാജ അദ്ധ്യക്ഷനു കൊടുത്തു. അതനുസരിച്ച് സംസ്ഥാന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ മലയാള ബ്രാഹ്മണ സമാജത്തിന്റെ മുതിർന്ന പ്രവർത്തകർ തിരുവനന്തപുരത്ത് ഭാരതീയ വിചാരകേന്ദ്രത്തിന്റെ കാര്യാലയമായ സംസ്കൃതി ഭവനിലെത്തി പരമേശ്വർജിയെ ആദരിച്ചു. ആ ചടങ്ങ് കഴിഞ്ഞപ്പോൾ സുരേന്ദ്രൻ ചേട്ടൻ എന്നെ വിളിച്ചിരുന്നു. കോട്ടയത്തു നിന്ന് ശർമ്മസാറും മറ്റും വന്നിരുന്നു. ആദരിക്കൽ ചടങ്ങുകളെല്ലാം കഴിഞ്ഞ് അവർ തിരികെ പോയി എന്നുപറഞ്ഞ് പരമേശ്വർജിയുടെ കൈയിൽ ഫോൺ കൊടുത്തു. 'മലയാള ബ്രാഹ്മണ സമാജത്തിന്റെ ആളുകൾ വന്നിരുന്നു. പൊന്നാടയും ഉപഹാരവും തന്നു. വളരെ നല്ല ആളുകൾ എന്ന് പരമേശ്വർജി പറയുകയും ചെയ്തു. ഭാരതത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സിവിലിയൻ ബഹു മതിയായ പദ്മവിഭൂഷൺ ലഭിച്ച പരമേശ്വർജിയെ ആദരിച്ചതിലൂടെ മലയാള ബ്രാഹ്മണ സമാജ ത്തിന്റെ യശസ്സും പതിന്മടങ്ങായി വർദ്ധിച്ചു.

പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയിൽ നിന്ന് പത്മവിഭൂഷൺ ലഭിച്ച നിമിഷം, പരമേശ്വർജിയുടെ ജന്മം കൊണ്ട് പവിത്രമായ ചേർത്തല മുഹമ്മ താമരശ്ശേരി ഇല്ലത്തിനും മലയാള ബ്രാഹ്മണസമാജത്തിനും അവിസ്മരണീയമാണ്. 2004 ൽ പദ്മശ്രീ ലഭിച്ചിരുന്നു എന്നുള്ളത് ഈ അവസരത്തിൽ ഓർമ്മിക്കാം. രാഷ്ട്രത്തിനും സമൂഹത്തിനും വേണ്ടി സ്വന്തം ജീവിതം സമർപ്പിച്ച് ഭാരതമെമ്പാടും പ്രസിദ്ധനായ പരമേശ്വർജി കേരളത്തിന് എന്നെന്നും അഭിമാനമാണ്. 2020 ഫെബ്രുവരി 8–ാം തീയതി ശനിയാഴ്ച രാത്രി 12 മണിക്ക് പൊടുന്നനെ പരമേശ്വർജി ദിവംഗതനായി. ഏതാനും വർഷങ്ങളായി പരമേശ്വർജിയെ ചികിത്സിച്ചിരുന്ന ഒറ്റപ്പാലത്തെ സേതുമാധവൻ ഡോക്ടറുടെ മകന്റെ വിവാഹമായിരുന്നു അന്ന്. രാഷ്ട്രീയ സ്വയം സേവകസംഘത്തിന്റെ മുൻ അഖിലഭാരതീയ ബൗദ്ധിക് പ്രമുഖ് ആർ. ഹരിയേട്ടനുമൊരുമിച്ച് ആ വിവാഹച്ചടങ്ങിൽ പങ്കെടുത്ത ശേഷം ഒറ്റപ്പാലത്തു തന്നെ ഒരു വീട്ടിൽ താമസിക്കുകയായിരുന്നു. പിറ്റേ ദിവസം എറണാകുളത്തേക്ക് പോരാനിരിക്കെയാണ് രാത്രി മരണം സംഭവിച്ചത്. 'അനായാസേനമരണം' എന്നുള്ളത് സുകൃതം ചെയ്തവർക്കു മാത്രം ലഭിക്കുന്ന ഈശ്വരാനുഗ്രഹമാണ്. പരമേശ്വർജിയുടെ ഭൗതികദേഹം എറണാകുളത്ത് മാധവനിവാസിലും തിരുവനന്തപുരത്ത് സംസ്കൃതിഭവനിലും മഹാത്മാ അയ്യങ്കാളി ഹാളിലും തുടർന്ന് മുഹമ്മ താമരശ്ശേരി ഇല്ലത്തും പൊതുദർശനത്തിന് വച്ചപ്പോൾ ആയിരക്കണക്കിന് ആളുകളാണ് അന്ത്യോപചാരം അർപ്പി ച്ചത്.


കർമ്മങ്ങളെല്ലാം വിധിച്ചവണ്ണം പര
ബ്രാഹ്മണി നിത്യേ സമർപ്പിച്ചു ചെയ്യണം


രാഷ്ട്രീയ സ്വയം സേവകസംഘം സർകാര്യവാഹ് മാനനീയ ഭയ്യാജി ജോഷി, മുഖ്യ മന്ത്രി ശ്രീ. പിണറായി വിജയൻ, മദ്ധ്യപ്രദേശ് മുഖ്യ മന്ത്രി ശ്രീ. ശിവരാജ്സിംഗ് ചൗഹാൻ, കേന്ദ്രമന്ത്രി മാരായ ശ്രീ. വി. മുരളീധരൻ, ശ്രീ. സദാനന്ദഗൗഡ, സ്വാമി ചിദാനന്ദപുരി തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിലെ പ്രമുഖർ ആദരാഞ്ജലി കൾ അർപ്പിച്ചു. താമരശ്ശേരി ഇല്ലത്ത് ബ്രാഹ്മണ വിധി പ്രകാരം നടന്ന സംസ്കാരചടങ്ങുകൾക്ക് താമരശ്ശേരി കുടുംബത്തിന്റെ ഓതിക്കൻ മാന്താന ത്തില്ലത്ത് ശ്രീ. പരമേശ്വരൻ ഇളയതാണ് മുഖ്യ കാർമ്മികത്വം വഹിച്ചത്. സമാജം കോട്ടയം ജില്ലാ അദ്ധ്യക്ഷൻ ശ്രീ. റ്റി. എൻ. ബാബുകുമാറും സഹായത്തിനുണ്ടായിരുന്നു. മരണാനന്തര കർമ്മ ങ്ങൾ ചെയ്തത് പരമേശ്വർജിയുടെ ജ്യേഷ്ഠന്റെ പൗത്രൻ ശ്രീ. പ്രദീഷാണ്. മലയാള ബ്രാഹ്മണ സമാജത്തിന്റെ അദ്ധ്യക്ഷനുൾപ്പടെ പ്രമുഖരായ ധാരാളം പ്രവർത്തകർ സന്നിഹിതരായിരുന്നു. ഫെബ്രുവരി 18, 19 തീയതികളിലായിരുന്നു പരമേ ശ്വർജിയുടെ പിണ്ഡം, സപിണ്ഡി എന്നീ അടിയ ന്തിര ചടങ്ങുകൾ യാതൊരു ലോപവും കൂടാതെ ക്രിയകൾ നടത്തിയതിൽ സമാജാംഗങ്ങളുടെ പങ്കാളിത്തം എടുത്തു പറയേണ്ടതാണ്. സപി ണ്ഡി ദിനം വിഷ്ണുപൂജയ്ക്കു ശേഷം നടന്ന അനുസ്മരണ സമ്മേളനത്തിൽ സമാജത്തിന്റെ ചേർത്തല ശാഖാ പ്രസിഡന്റ് കണത്തുരുത്തി ഇല്ലത്ത് ശ്രീ. സേതുമാധവശർമ്മ അദ്ധ്യക്ഷനാ യിരുന്നു. സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. റ്റി. വി. നാരായണശർമ്മ, മാന്താനില്ലത്ത് ശ്രീ. പരമേശ്വരൻ ഇളയത്, കണത്തുരുത്തി ഇല്ലത്ത് ശ്രീ. ബാലചന്ദ്ര ശർമ്മ, പുല്ലയിൽ ഇല്ലത്ത് ശ്രീവത്സൻ നമ്പൂതിരി, അഡ്വ. എ. പി. അനിൽകുമാർ, സംഘപ്രസ്ഥാന ങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ഭാരതീയ വിചാരകേന്ദ്രം ജോയിന്റ് ഡയറക്ടർ ശ്രീ. ആർ. സഞ്ജയൻ, പരമേശ്വർജിയോടൊപ്പം എന്നും ഉണ്ടായിരുന്ന ശ്രീ. വി. സുരേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

ഫെബ്രുവരി 26-ാം തീയതി തിരുവനന്ത പുരത്ത് നടന്ന അനുസ്മരണ സമ്മേളനത്തിൽ രാഷ്ട്രീയ സ്വയം സേവകസംഘത്തിന്റെ പൂജനീയ സർസംഘചാലക് ഡോ. മോഹൻഭാഗവത് തന്നെ നേരിട്ട് എത്തുകയുണ്ടായി. ദൽഹിയിൽ നടന്ന സമ്മേളനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. അമിത് ഷായും സംഘത്തിന്റെ സഹസർ കാര്യവാഹ് ശ്രീ. കൃഷ്ണ ഗോപാൽജിയും പങ്കെ ടുത്തു.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രചാരകനായി വിവിധ ചുമതലകൾ വഹിച്ച് പ്രവർത്തിക്കുമ്പോൾ സ്വന്തം കുടുംബത്തോടും ബന്ധുക്കളോടുമുള്ള പരമേശ്വർജിയുടെ അടുപ്പം എങ്ങനെയായിരുന്നു ?

കുടുംബാംഗങ്ങളുടെ താല്പര്യത്തിനും സ്നേഹ ത്തിനും വഴങ്ങി പെരുമാറുന്ന അനുഭവമാണ് നമുക്ക് കാണാൻ കഴിയുന്നത്. താമരശ്ശേരി ഇല്ലത്തു വച്ച് 1996 ൽ പരമേശ്വർജിയുടെ സപ്തതി കൊണ്ടാടിയതും 2017 ൽ നവതി ആഘോഷിച്ചതും തെളിയിക്കുന്നത് ഇതു തന്നെയാണ്. സപ്തതി ആഘോഷസമയത്ത് മലയാള ബ്രാഹ്മണ സമാജത്തിന്റെ പ്രവർത്തനം ഇന്നത്തേതുപോലെ സജീവമായിരുന്നില്ല എങ്കിലും മുതിർന്ന സമാ ജാംഗങ്ങളുടെ നേതൃത്വത്തിൽ പൂജാദികർമ്മ ങ്ങളും കാൽ കഴുകിച്ചൂട്ടും നടക്കുകയുണ്ടായി. അന്നത്തെ അനുമോദന സമ്മേളനത്തിൽ ശ്രീ. അനിൽ ചേർത്തല എഴുതിയ മംഗളപത്രം പുല്ല യിൽ ഇല്ലത്ത് ശ്രീ. പ്രഭാകരൻ നമ്പൂതിരിയാണ് വായിച്ച് സമർപ്പിച്ചത്.

പ്രസ്തുത മംഗളപത്രം ചുവടെ ചേർക്കുന്നു.


സപ്തതി ആഘോഷിക്കുന്ന

താമരശ്ശേരിൽ ഇല്ലത്ത്

പി. പരമേശ്വരന് സമർപ്പിക്കുന്ന

മംഗളപത്രം

അന്നത്തെ ഫിലിം ഡെവലപ്മെന്റ് കോർപ്പ റേഷൻ ചെയർമാനും മാർക്സിസ്റ്റ് സൈദ്ധാന്തി കനും പരമേശ്വർജിയുടെ ആത്മമിത്രവുമായിരുന്ന ശ്രീ. പി. ഗോവിന്ദപ്പിള്ള ആ ചടങ്ങിൽ അനു മോദനങ്ങളർപ്പിക്കാൻ എത്തിയിരുന്നു. കുടുംബാംഗങ്ങളു ടേയും ബന്ധുക്ക ളുടേയും ഉത്സാഹത്തിൽ 2017 ൽ താമരശ്ശേരി ഇല്ലത്തു നടന്ന വിപുലമായ നവതി ആഘോഷങ്ങളും പരമേശ്വർജിക്ക് അവരോടും അവർക്ക് തിരിച്ചും ഉണ്ടായിരുന്ന ബന്ധത്തിന്റെ ദൃഢത എടുത്തു കാണിക്കുന്ന തായിരുന്നു. പുതിയ തലമുറ ഉൾപ്പടെ പരമേശ്വർ ജിയുടെ കുടുംബാംഗങ്ങളെല്ലാം ഇന്ന് മലയാള ബ്രാഹ്മണസമാജത്തിന്റെ സജീവ അംഗങ്ങളാണ് എന്നുള്ളതും ഇവിടെ എടുത്തു പറയേണ്ടതാണ്.

കുടുംബാംഗങ്ങൾക്ക് പരമേശ്വർജി യോടുള്ള സ്നേഹത്തിന്റെ ആഴം കാണിക്കുന്ന മറ്റൊരു സംഭവം കൂടി സൂചിപ്പിക്കട്ടെ. 2016 ഡിസംബർ 31-ാം തീയതി പള്ളിക്കത്തോട് അര വിന്ദചാരിറ്റബിൾ സൊസൈറ്റിയുടെ 'അരവിന്ദ കീർത്തിമുദ്ര' സ്വീകരിക്കുന്നതിനായി വന്നപ്പോൾ ഒരാഴ്ചക്കാലം ഞങ്ങളുടെ വസതിയിലാണ് പരമേശ്വർജി താമസിച്ചത്. അതിനിടയ്ക്ക് ഒരു ദിവസം പരമേശ്വർജിയെ കാണാൻ വേണ്ടി ജ്യേഷ്ഠന്റെ മകൾ ഗീതച്ചേച്ചിയും മകന്റെ സഹ ധർമ്മിണി മഞ്ജുച്ചേച്ചിയും എത്തുമെന്ന് അറിയി ച്ചിരുന്നു. അന്ന് രാവിലെ മുതൽ തന്നെ പരമേശ്വ ർജി അവരെ കാത്തിരിക്കുകയാണ്. ഓരോ മണി ക്കൂർ കഴിയുമ്പോഴും എന്താണവർ താമസിക്കു ന്നത് എന്ന് അസ്വസ്ഥത പ്രകടിപ്പിച്ചു കൊണ്ടിരു ന്നു. ഉച്ചയ്ക്ക് ശേഷമെത്തിയ അവർ ഏതാണ്ട് രണ്ട് മണിക്കൂർ സമയം അവരുടെ 'കൊച്ചപ്ഫ നോ'ടൊപ്പം ചെലവഴിച്ചു. അവർ യാത്രപറഞ്ഞ് പോയിക്കഴിഞ്ഞും പരമേശ്വർജി വികാരാധീന ഭാവത്തിലായിരുന്നു.



വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം

മറ്റൊരു ദിവസം രാത്രിയിൽ പരമേശ്വർജിയുടെ ജ്യേഷ്ഠന്റെ ഭാര്യാസഹോദരനായ ഡോ. റ്റി.എൻ. പി. നമ്പൂതിരിയും ഭാര്യയും മകനും വന്നിരുന്നു. വാകത്താനത്തു നിന്നാണ് അവർ വന്നത്. പരമേശ്വർജിയുടെ അസുഖവും ഓർമ്മക്കുറവും അറിയാമായിരുന്ന ഡോക്ടർ 'തുണ്ടത്തിലെ പുരുഷനാണ്' എന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ടാണ് വർത്തമാനം തുടങ്ങിയത് തന്നെ. ഒരു മണിക്കൂറിനു ശേഷം യാത്ര പറഞ്ഞ് പോകാനൊരുങ്ങുമ്പോൾ അദ്ദേഹം പരമേശ്വർജിയുടെ മുൻപിൽ സാഷ്ടാംഗം നമസ്കരിച്ചു. (ഡോ. റ്റി.എൻ.പി. നമ്പൂതിരി ഇന്ന് നമ്മോടൊപ്പമില്ല. ഏതാണ്ട് ഒന്നരവർഷം മുൻപ് അന്തരിച്ചു.)

ബാലഗോകുലത്തിന്റെ പ്രധാന സംസ്ഥാന ചുമതലകൾ ഉണ്ടായിരുന്നപ്പോൾ എനിക്ക് പരമേശ്വർജിയുമായി പരിചയപ്പെടാനും സംസാരിക്കാനും ധാരാളം അവസരങ്ങൾ കിട്ടിയിട്ടുണ്ട്. എന്നാൽ പരമേശ്വർജിയുടെ കുടുംബസംബന്ധമായ കാര്യങ്ങൾ കൂടുതൽ അറിയാൻ ഇടയായത് അദ്ദേഹം ഒരിക്കൽ വീട്ടിൽ വന്നു താമസിച്ചപ്പോഴാണ്. ഞങ്ങളുടെ അച്ഛന്റെ സഹോദരിയുടെ മകളെ ചേർത്തല കംത്തു രുത്തി ഇല്ലത്തെ വാസുദേവച്ചേട്ടനാണ് വിവാഹം കഴിച്ചത് എന്നുപറഞ്ഞപ്പോൾ പരമേശ്വർജി ചില കാര്യങ്ങൾ പറഞ്ഞു. 'കണത്തുരുത്തിയിലെ കേശവച്ചേട്ടനേയും വാസുദേവച്ചേട്ടനെയും അറിയാം. എന്റെ ജ്യേഷ്ഠന്റെ ഭാര്യസഹോദരിയാണ് കേശവച്ചേട്ടന്റെ സഹധർമ്മിണി. മകൻ ബാലചന്ദ്രനുമായും അടുത്ത് അറിയാം. ഞങ്ങളുടെ വാദ്ധ്യാർ കുടുംബം മാന്താനമാണ്.' കടുത്തുരുത്തിയിലെ വാസുദേവച്ചേട്ടന്റെ മകൻ സേതുവാണ് ഞങ്ങളുടെ സഹോദരിയെ വിവാഹം കഴിച്ചിരിക്കുന്നത് എന്നും ഞാൻ പറഞ്ഞു. ഞാൻ എസ്. ബി. കോളേജിൽ അദ്ധ്യാപകനാണ് എന്നറിഞ്ഞപ്പോൾ എസ്.ബി.യിൽ ഇന്റർമീഡിയറ്റിനു പഠിച്ചതിനെപ്പറ്റിയും അന്നത്തെ പ്രിൻസിപ്പൽ ആയിരുന്ന വില്യം അച്ചനെപ്പറ്റിയും പരമേശ്വർജി സംസാരിച്ചു.

പി. പരമേശ്വരൻ ആരായിരുന്നു ? അദ്ദേഹത്തിന്റെ വലിപ്പം മരണശേഷമാണ് അത്ഭുതത്തോടെ പലരും തിരിച്ചറിയുന്നത്. ആലപ്പുഴ ജില്ലയിലെ ഒരു സാധാരണ ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച ഒരാൾ സ്വന്തം പരിശ്രമംകൊണ്ടും ഇച്ഛാശക്തി കൊണ്ടും ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടും എങ്ങനെ ജീവിതത്തിന്റെ പടവുകൾ കയറി എന്ന് എല്ലാ സമാജാംഗങ്ങളും പഠിക്കേണ്ടതാണ്. മലയാള ബ്രാഹ്മണനായിരുന്ന ആഗമാനന്ദസ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ച ആളാണ് പി. പരമേശ്വരൻ എന്നതും സമാജാംഗങ്ങളായ നാം അറിഞ്ഞിരിക്കണം. സമാജത്തിന്റെ ആചാര്യനായ ജഗദ്ഗുരു ശ്രീശങ്കരാചാര്യർ തന്റെ അദ്വൈതസിദ്ധാന്തം പ്രചരിപ്പിക്കാൻ ഭാരതമെമ്പാടും സഞ്ചരിച്ചത് പ്രസിദ്ധമാണല്ലോ.

'ഒരാദർശദീപം കൊളുത്തൂ
കെടാതായതാജന്മകാലം വളർത്തൂ
അതിന്നായഹോരാത്രമേകൂ സ്വജീവന്റെ
രക്തം' എന്നെഴുതിയ പരമേശ്വർജിയും അതുപോലെ താൻ വിശ്വസിച്ച ആദർശത്തിന്റേയും പ്രസ്ഥാനത്തിന്റേയും പ്രചാരകനായി ഭാരതമെങ്ങും പലവട്ടം സഞ്ചരിച്ചിട്ടുണ്ട്. കഴിഞ്ഞ നാലുപതിറ്റാണ്ടായി കേരളത്തിലുണ്ടായ ഹിന്ദു നവോത്ഥാനത്തിന്റേയും സാംസ്കാരിക പരിവർത്തനത്തിന്റേയും പിന്നിൽ പ്രവർത്തിച്ച ചാലകശക്തി മുഖ്യമായും പരമേശ്വർജി ആയിരുന്നു. 1981 ൽ ഭാരതീയ വിചാരകേന്ദ്രം സ്ഥാപിച്ചതോടുകൂടി ബൗദ്ധികരംഗത്തും 1982 ലെ വിശാലഹിന്ദു സമ്മേളനം, നിലയ്ക്കൽ പ്രക്ഷോഭം എന്നിവയോടുകൂടി സാമൂഹ്യരംഗത്തും കേരളത്തിലെ ഹൈന്ദവപ്രസ്ഥാനങ്ങളുടെ അനിഷേധ്യമായ നേതൃത്വം പരമേശ്വർജിയിലേക്ക് സ്വാഭാവികമായി എത്തുകയാണുണ്ടായത്.

സംഘപ്രചാരകൻ, രാഷ്ട്രീയ പ്രവർത്തകൻ, വാഗ്മി, കവി തുടങ്ങി എല്ലാമേഖലകളിലും തന്റേതായ കയ്യൊപ്പ് ചാർത്തിയ ആളാണ് പരമേശ്വർജി, എ. ബി. വാജ്പേയ്, എൽ. കെ. അദ്വാനി തുടങ്ങിയവരോടൊപ്പം രാഷ്ട്രീയ രംഗത്തും പ്രവർത്തിച്ചു. അതിന്റെ തുടർച്ചയെന്ന വണ്ണമാണ് പിന്നീട് കേന്ദ്രമന്ത്രി സ്ഥാനവും ഉപരാഷ്ട്രപതിസ്ഥാനവും അദ്ദേഹത്തിന് വാഗ്ദാനം ചെയ്യപ്പെട്ടത്. എന്നാൽ പരമേശ്വർജി വിനയാന്വിതനായി അവ നിരസിക്കുകയാണുണ്ടായത്. അതിന് കാരണം ബ്രാഹ്മണ്യത്തിന്റെ സാത്വിക തേജസ്സല്ലാതെ മറ്റെന്താണ് ?



സ്കൂളിൽ നടന്ന കവിതാരചനാമത്സരത്തിൽ സഹപാഠിയായിരുന്ന വയലാർ രാമവർമ്മയെ പിന്തള്ളി ഒന്നാം സ്ഥാനം നേടിയ പരമേശ്വർജി ശ്രീനാരായണഗുരു: നവോത്ഥാനത്തിന്റെ പ്രവാചകൻ, മാർക്സും വിവേകാനന്ദനും, ഭാവിയുടെ ദാർശനികൻ ശ്രീ അരവിന്ദൻ, മാർക്സിൽ നിന്ന് മഹർഷിയിലേക്ക്, ഹിന്ദുധർമ്മവും ഇന്ത്യൻ കമ്മ്യൂണിസവും, യജ്ഞപ്രസാദം (കവിതാസമാഹാരം) തുടങ്ങിയ ഒട്ടേറെ ഈടുറ്റ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ദിശാബോധത്തിന്റെ ദർശനം എന്ന കൃതിക്ക് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

എല്ലാ അർത്ഥത്തിലും ധന്യവും സഫലവുമായ ആ ജീവിതം മലയാള ബ്രാഹ്മണ സമാജത്തിന് മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു വഴികാട്ടിയാവേണ്ടതാണ്.

അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിന് സമാജത്തിന് എന്തുചെയ്യാം എന്നുകൂടി ആലോചിക്കണം. പരമേശ്വർജി മുൻകൈയെടുത്ത് കേരളമെമ്പാടും നടത്തിയ ഗീതാസ്വാദ്ധ്യായ ശിബിരങ്ങളിൽ യുവതലമുറ ആവേശത്തോടുകൂടിയാണ് പങ്കെടുത്തത്. അത്തരത്തിൽ ഭാരതീയ സംസ്കാരത്തെപ്പറ്റിയും ദേശീയതയെപ്പെറ്റിയും പഠിക്കാൻ യുവതലമുറയ്ക്ക് അവസരമൊരുക്കുന്ന കാര്യപരിപാടികൾ സമാജം ആസൂത്രണം ചെയ്യുന്നത് ഉചിതമായിരിക്കും. മലയാള ബ്രാഹ്മണകുടുംബത്തിൽ ജനിച്ച് രാഷ്ട്രദേവതയുടെ ഉപാസകനായി ഋഷിതുല്യമായ ജീവിതം സമർപ്പിച്ച പരമേശ്വർജിയെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനും സമാജാംഗങ്ങൾക്ക് ഈ കുറിപ്പ് പ്രചോദനമാകട്ടെ എന്ന് ആശിക്കുന്നു.

ബാലഗോകുലം മുൻ സംസ്ഥാനപ്രസിഡന്റും ചങ്ങനാശ്ശേരി എസ്.ബി.കോളേജ് മലയാളവിഭാഗം അദ്ധ്യാപകനും (Retd) ആണ് ലേഖകൻ.

# കണ്ണനോട്

ഭാഗവതാചാര്യ
രുക്മിണി അന്തർജ്ജനം
9037889295

കണ്ടു ഞാൻ കണ്ണാ, നീയെന്നുടെ ഗേഹത്തിൽ
കള്ളച്ചിരിയുമായെത്തിയിന്ന്
കണ്ടില്ലേ ഗോകുലം, കേട്ടില്ലേ ഗീതങ്ങൾ?
കൂട്ടുകാരൊക്കെയെൻ വീട്ടുകാരും
കൂടെ നീ കൂടീട്ട് മോടി പകർന്നില്ലേ?
മായാ ഗോകുലം ഭക്തിസാന്ദ്രം!
മായമയാ നിന്റെ സന്ദേശമോരോന്നും
ആകാശവാണിയായ് എത്തിയല്ലോ.
നാമഘോഷത്തോടെ, ഭജന പാടുന്നേരം
കേട്ടുഞാൻ നേർത്ത മുരളി നാദം
പാർത്ഥന്റെ ദുഃഖമോടുക്കിയ സാരഥേ
ഗീതാപാഠം ഞങ്ങൾക്കേറെയിഷ്ടം
നാവുരുളൽ, പിന്നെ കൊച്ചു കഥകളും
ചോദ്യോത്തരത്തിൽ, നിൻ ഉത്തരവും
ആരുടെ നാമം ഞാൻ ചൊല്ലണം എന്നുനീ
നാരായണ നാമം ചൊല്ലെന്നുണ്ണി
എന്നുടെ നാമം ഞാൻ ചൊല്ലണം എന്നാണോ
കള്ളച്ചിരിയോടെ കൈകൾ കൂപ്പി
കണ്ണാ നീ ഇങ്ങനെ ഓടി കുഴങ്ങേണ്ട
വീട്ടിലെ ഗോകുലം മാറ്റുകൂട്ടൂ
കോവിഡ് മാറ്റിനീ കോവിൽ തുറന്നിടൂ
ഒന്നാകാം ഒന്നിക്കാം ഗോകുലത്തിൽ
കൃഷ്ണ ഹരേ ജയ കൃഷ്ണാ
ഹരേ ജയ കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ (2)

# ഒരു ലളിതഗാനം

കെ.എൻ.നെടുവേലി
ചങ്ങനാശേരി, 9497578380

ഉത്സവമേളത്തിൻ ഘോഷങ്ങളിൽ
അമൃതം ചൊരിയുന്നു പൊന്നമ്പലം
ശ്രുതിലയ കീർത്തന നാദങ്ങളിൽ
ശ്രീകോവിലണിയുന്നു നവചൈതന്യം.(ഉത്സവ......)

ഭക്തിസംഗീതങ്ങൾ പാവനമാക്കുന്നു
മുക്തി സങ്കൽപ്പത്തിൻ നാലമ്പലം
തൊഴുകൈക്കുമ്പിളിൽ ദീപവുമായി
ഉഷസ്സു വന്നെത്തുന്നു തിരുനടയിൽ...

ദർശനപുണ്യം കൊതിക്കുന്ന ഭക്തർ
നാമലഹരിയിൽ രമിക്കുന്നു... (ഉത്സവ.....)

മണിനാദശംഖൊലി കുളിരേകുന്നു
മനം നിറയുന്നു ശാന്തിപുണ്യം
തുഷാര തീർത്ഥം ജപിച്ചെറിഞ്ഞെത്തീ
പ്രദക്ഷിണം ചെയ്യുന്നു മന്ദാനിലൻ

മോക്ഷദായക തിരുസന്നിധിയിൽ
മന്ത്രസഹസ്രം വിടരുന്നു... (ഉത്സവ......)

(AIR (റേഡിയോ) പ്രക്ഷേപണം ചെയ്ത ഗാനം )

## ശൃംഗാരഭംഗി

മീനച്ചൂടിലതും പൊരിഞ്ഞ വെയിലിൽ
ക്ഷീണിച്ചു പോയീ ഭവാൻ
നൂനം തെല്ലിട വിശ്രമിക്ക സുഖമി
പ്പേരാൽ മരച്ചോട്ടിലായ്
ശൂന്യം താൻ വഴിയമ്പലം , തരുണി ഞാ
നങ്ങേകനും, ചൊല്ലുവാൻ
നാണം , നല്ലസമർത്ഥനങ്ങറിയുമേ
കാലോചിതം ചേഷ്ടിതം

കെ . പി. സി.

വഴിപോക്കനോട് ഒരു സ്ത്രീ പറഞ്ഞതാണിത് . ഇതേ കാര്യം ഒരു പുരുഷൻ സ്ത്രീയോട് പറയുന്നുവെന്ന് വിചാരിക്കുക. അയാൾ പറയുന്നതിങ്ങനെയാകാം .

ചുക്കോടു ചിറ്റമൃതുതിപ്പലി വേരുചേർന്ന
മുക്കൂട്ടു കേൾക്ക വിഷമജ്വര താപഹാരീ
മൈക്കണ്ണി നീ , വിജനവാടി, ഞാനുമെന്ന
മുക്കൂട്ടു കേൾക്ക മദനജ്വര താപഹാരീ

ചുക്ക് , ചിറ്റാമൃത്, തിപ്പൊലി ഈ മൂന്നു കൂട്ടം ചേർന്നത് മുക്കൂട്ട്. ഇത് ഏത് വിഷമജ്വരത്തെയും ഇല്ലാതാക്കും. നീ, ഞാൻ , വിജനമായ സ്ഥലം ഇവ ചേർന്ന മുക്കൂട്ട് മദനജ്വരത്തെ ഇല്ലാതാക്കും. വിഷമജ്വരത്തിന്റെയും മദനജ്വരത്തിന്റെയും ശമനത്തിനുള്ള മുക്കൂട്ടിന്റെ പട്ടിക! അഷ്ടാംഗഹൃദയവും കാമശാസ്ത്രവും കൈകോർക്കുന്ന ഒരപൂർവനിമിഷം!!
( പ്രശസ്തമായ ശൃംഗാര ശ്ലോകങ്ങളുടെ സമാഹാരമായ , യശശ്ശരീനായ കെ എസ് . മൂസതിന്റെ ' പ്രസാദം ' എന്ന പുസ്തകത്തിൽ നിന്ന് .)

ജന്മമുണ്ടാകിൽ മരണവും നിശ്ചയം
ജന്മം മരിച്ചവർക്കും വരും നിർണ്ണയം

# ഒരു കൊറോണാ വിചാരം

**പി.കെ.കൃഷ്ണശർമ്മ**
പെരുമ്പോഴിപ്പുറത്ത് ഇല്ലം
നീലംപേരൂർ പി.ഒ, കുറിച്ചി, 9446794356

കൊറോണയെന്ന 'കോവിഡ്–19' മഹാമാരിയുടെ മുമ്പിൽ ലോകം മുഴുവനും അത്യധികം ദുഃഖത്തോടെയും ഉൽക്കണ്ഠയോടെയും അന്ധാളിച്ച് നിൽക്കുമ്പോൾ ഒരു ഭാരതീയനായ എന്റെ ചിന്തയിൽ ഉടലെടുത്ത വിചാരങ്ങൾ ഇവിടെ പങ്കുവയ്ക്കുന്നു. നമ്മുടെ പൂർവ്വികരായ ഋഷീശ്വരന്മാർ നമ്മളെ പഠിപ്പിച്ച ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇപ്പോൾ ലോകം മുഴുവനും രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുന്നതു കാണുമ്പോൾ; വ്യക്തികൾ പരസ്പരം കാണുമ്പോൾ രണ്ട് കൈയ്യും കൂപ്പി 'നമസ്തെ' പറയുമ്പോൾ പുറത്ത് പോയി വന്നിട്ട് വസ്ത്രങ്ങൾ അലക്കിക്കുളിച്ച് അകത്ത് കയറുമ്പോൾ, പരസ്പരം കൂട്ടിമുട്ടാതെ (social distance keep ചെയ്യുമ്പോൾ) എപ്പോഴും വ്യക്തിശുചിത്വം പാലിക്കുമ്പോൾ, മരണവീട്ടിൽ നിന്ന് വന്നിട്ട് വസ്ത്രങ്ങൾ നനച്ച് കുളിക്കുന്നത് കാണുമ്പോൾ ഉള്ളിൽ ആത്മാഭിമാനംകൊണ്ട് ഋഷീശ്വരന്മാരെ പ്രണമിക്കുന്നു. ഇതേപോലെയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നമ്മുടെ പൂർവ്വികർ ആചരിച്ച് കാണിച്ച് തന്നത് അവനവന്റെ നന്മയ്ക്കും രാഷ്ട്ര നന്മയ്ക്കും വേണ്ടിയാണ്. ഈ ആചാരാനുഷ്ഠാനങ്ങൾ ആണ് ഇപ്പോൾ ലോകം മുഴുവനും രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുന്നത്.

ആ കാലഘട്ടത്തിലെ ആൾക്കാർ ഈ ആചാരങ്ങളെ എന്ത് പേരിട്ട് വിളിച്ചിരുന്നുവെങ്കിലും ഇതിന്റെ ഫലം ഇതായിരുന്നുവെന്ന് ഇപ്പോൾ നമ്മൾക്കെല്ലാം ബോദ്ധ്യം വരുവാൻ ഈ 'കൊറോണ' ഒരു കാരണമായി. ഈ ലോകത്തിൽ എന്ത് നടക്കണമെങ്കിലും എന്തൊക്കെ സംഭവങ്ങൾ ഉണ്ടായാലും അതിന്റെ പിന്നിൽ ജഗന്നിയാവിന്റെ അദൃശ്യ കരങ്ങൾ ഉണ്ടാകും. ഏത് കാര്യത്തിന്റെ പിന്നിലും ഒരു കാരണം കാണും.

ഓരോരുത്തരും അവരവരുടെ ജീവിത വ്യാപാരത്തിൽ തിക്കിത്തിരക്കി ഒന്നിനും സമയം ഇല്ലാതെ ഓടി നടന്നുകൊണ്ടിരിക്കുകയായിരുന്നു.

ഇപ്പോൾ അവരവരുടെ കുടുംബത്തോടൊപ്പം മാതാപിതാക്കളോടും കുട്ടികളോടൊത്തും ഭാര്യയോടൊത്തും കഴിഞ്ഞുകൂടുന്നതിന് ഈ കൊറോണ ഒരു കാരണമായി. ഈ പ്രകൃതിയെ മനുഷ്യന്റെ അഹന്തമൂലം പലവിധത്തിലും കഷ്ടപ്പെടുത്തിയപ്പോൾ എല്ലാം ഒന്ന് നേരെയാക്കുന്നതിനുവേണ്ടി പ്രകൃതിതന്നെ കണ്ടെത്തിയ ഒരു ഉപാധിയാണ് ഈ കൊറോണ. നമ്മുടെ എല്ലാം ഭവനങ്ങളിൽ എല്ലാവരുംകൂടി ഒന്നിച്ചിരുന്ന് നാമം ജപിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും ഈ കൊറോണ ഒരു കാരണമായി. നമ്മുടെ ഓരോ ഭവനങ്ങളിലും രണ്ട് നേരവും വിളക്ക് കത്തിക്കുന്നതും സന്ധ്യാവന്ദനം ചെയ്യുന്നതും എല്ലാവരുംകൂടി ഇരുന്ന് സന്ധ്യയ്ക്ക് നാമം ജപിക്കുന്നതും പണ്ട് കാലത്ത് കൃത്യമായി നടന്നിരുന്നു. ഇന്ന് ഇത് ആരൊക്കെ അനുഷ്ഠിക്കുന്നുയെന്ന് എല്ലാവരും സ്വയം വിശകലം ചെയ്യുക. നമ്മുടെ ഓരോ കുടുംബത്തിലും ഈ അനുഷ്ഠാനം ചെയ്യിക്കുവാൻ കൊറോണ ഒരു കാരണം ആയതാവാം. മുടങ്ങാതെ സന്ധ്യാവന്ദനവും നാമജപവും നടത്തുന്നവർ ധാരാളം ഉണ്ടാകും. ഇതൊന്നും എന്നെ ബാധിക്കുന്നതല്ലയെന്ന വിചാരത്തോടെ ജീവിക്കുന്നവരും ഉണ്ടാകാം. ഏത് സമയത്തും മനസ്സ് കൊണ്ടോ വാക്കുകൊണ്ടോ ഉച്ചത്തിൽ നാമം ജപിക്കുന്നതുകൊണ്ടോ ഉള്ള മഹാത്മ്യം വളരെ വലുതാണ്.

ഇപ്പോൾ ലോകത്തെ ഗ്രസിച്ചിരിക്കുന്ന കൊറോണയെ നമ്മുടെ ഈ രാജ്യത്തു നിന്നും ഉന്മൂലനം ചെയ്യുവാൻ കേന്ദ്രസർക്കാരും കേരള സർക്കാരും കൈക്കൊള്ളുന്ന നടപടികൾക്ക് പൂർണ്ണ പിന്തുണ നൽകിക്കൊണ്ട് നമുക്കെല്ലാവർക്കും അവരവരുടെ വീടുകളിൽ ഇരുന്നുകൊണ്ട് ജഗദീശ്വരനോട് പ്രാർത്ഥിക്കാം.

ലോകാ സമസ്താ സുഖിനോ ഭവന്തുഃ
ഓം ശാന്തി ശാന്തി ശാന്തി



ചങ്ങനാശേരി
കുറിച്ചി പെരിയമന
ഇല്ലത്ത്
**ഉമാദേവി**
**അന്തർജ്ജനം**
2020 ജൂൺ 4ന്
വിഷ്ണു പാദം പൂകി



കോട്ടയം ടൗൺ ശാഖ
അംഗം തിരുവഞ്ചൂർ
ദ്വാരകയിൽ ഇല്ലത്ത്
(മുഖ്യപ്പുറത്ത് ഇല്ലം
മണിമല)
**വി എൻ കൃഷ്ണൻ**
**നമ്പൂതിരി(80)**
24-06-2020
വിഷ്ണുപാദം പൂകി.

ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണയം

# അമ്മാത്ത് ഓർമ്മകൾ

ശ്രീകാന്ത് .എം.എൻ
മഴുവഞ്ചേരി ഇല്ലം, മൂവാറ്റുപുഴ,
: 9447376948

രാവിലെ എഴുന്നേറ്റപ്പോൾ ഒരു ചിന്ത... എന്നാൽ അമ്മാത്തേയ്ക്ക് അങ്ങ് പോയാലോ..... എന്നാൽ പോയേക്കാം എന്ന് അച്ഛനും

അന്ന് ബസ് ആണ് ഏക വഴി.. മൂവാറ്റുപുഴയ്ക്ക് വള്ളിക്കടയിൽ നിന്നും 8.30 ന് 'ശക്തി' ബസ് ഉണ്ട്..

മൂവാറ്റുപുഴയിൽ നിന്നും മണ്ണത്തൂർ വടകര വഴി കൂത്താട്ടുകുളം KSRTC ബസ്.

ഇല്ലെങ്കിൽ പിറവം ബസിൽ കയറി പാമ്പാക്കുടയിൽ ഇറങ്ങി അവിടെ നിന്നും മണ്ണത്തൂർ വഴി കൂത്താട്ടുകുളം പോകുന്ന ബസ് വരണം (ബസിന്റെ സമയക്രമം പാമ്പാക്കുടയിൽ ബിസിനസ് നടത്തുന്ന അടുത്ത ബന്ധുക്കളായ പുരുഷോത്തമൻ ചേട്ടനോ ഉണ്ണികൃഷ്ണൻ ചേട്ടനോ പറഞ്ഞു തരും.... ഇല്ലെങ്കിൽ ഓട്ടോ വിളിക്കണം കാശ് കൂടും)..

മൂവാറ്റുപുഴയിൽ നിന്നുമുള്ള KSRTC ബസ് സമയ വിവരം ചെല്ലമണി അമ്മാവനോട് ചോദിച്ചാൽ കൃത്യമായി അറിയാം... മണ്ണത്തൂര് നിന്നും പോകുന്ന എല്ലാ ബസുകളുടെ സമയവും പേരും വലിയ നിശ്ചയമുള്ള ആളാണ്.....

6 മണിക്ക് കല്യാണി എറണാകുളം
7.30 ന് ചിത്ര കൂത്താട്ടുകുളം
8 ന് കോൺകോഡ് കോലഞ്ചേരി
അങ്ങനെ പോകുന്നു ആ നിര....

അങ്ങനെ 8.30 ന് ഉള്ള KSRTC മണ്ണത്തൂർ വടകര വഴി കൂത്താട്ടുകുളം പോകുന്ന വണ്ടിയിൽ കയറി ഡ്രൈവറുടെ തൊട്ടു പുറകിലുള്ള സീറ്റിൽ സ്ഥാനം പിടിച്ചു...

ബസ് ഓടിക്കുന്നത് പുത്തൻപുരയിലെ ബാബു ചേട്ടനാണ്....

കണ്ടക്ടർ അടുത്തു വന്നു....മണ്ണത്തൂർ.....
3 രൂപ 50 പൈസ ആണ് ഒരാൾക്ക്
ആത്താനിക്കൽ എന്ന് പറഞ്ഞാൽ വാളിയപ്പാടം വരെയുള്ള ചാർജ് മേടിക്കും... അത് നഷ്ടമാണ്....അതുകൊണ്ട് മണ്ണത്തൂര് ഇറങ്ങും....

ബസ് കൃത്യം നിർത്തുന്നത് കുഞ്ഞപ്പൻ ചേട്ടന്റെ പലചരക്ക് കടയുടെ മുന്നിൽ....

ബസിൽ നിന്നും ഇറങ്ങുന്നത് സ്വർണപ്പല്ലും കാണിച്ച് ചിരിക്കുന്ന അദ്ദേഹത്തിന്റെ മുന്നിലേയ്ക്ക്...

വിശേഷങ്ങളൊക്കെ ചോദിച്ചറിഞ്ഞ ശേഷമേ കുഞ്ഞപ്പൻ ചേട്ടൻ അവിടുന്ന് വിടുകയുള്ളൂ.....

അമ്മാത്തേക്കല്ലേ.... കുറച്ച് സാധനങ്ങൾ ഒക്കെ മേടിച്ച് പയ്യെ നടന്നു തുടങ്ങി...

നാട്ടുകാരെ കണ്ട് കത്തിവച്ചാണ് അമ്മയുടെ നടത്തം....

മേനോൻ സാറിന്റെ വീടാണ് ആദ്യം.... ഏലിയാസ്, ലാലു, മാമച്ചൻ, ദേവകി, ഗോപാലൻ, തുളുവ അങ്ങനെ പോകുന്നു ആ നിര.....വരമ്പിലൂടെ വരുന്നതും നോക്കി മുത്തശ്ശി നിൽപുണ്ടാവും അമ്മാത്ത്.....

മുത്തശ്ശൻ പതിവുപോലെ തുണിക്കസേരയിൽ മുറുക്കുംമുറുക്കി പത്രം വായനയിൽ ആയിരിക്കും...... അമ്മാവൻമാരുടെ വേളി ഒന്നും ആയിട്ടില്ല....

വൽസലചിറ്റയുടെ വേളി കഴിഞ്ഞു.. ഇന്ദിര ചിറ്റ മണ്ണത്തൂർ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പോകുന്നുണ്ട്.

ഉണ്ണികൃഷ്ണൻ അമ്മാവൻ മിക്കവാറും സ്കൂളിൽ പഠിപ്പിക്കുവാനും പോയിട്ടുണ്ടാവും.....

കുളിച്ച് സുന്ദരക്കുട്ടപ്പനായി തോർത്തുമുണ്ടാക്കെ ഉടുത്ത് പശുവിനേയും കൊണ്ട് ചെല്ലമണി അമ്മാവനും പറമ്പിൽ കാണും....

കുട്ടപ്പനും തങ്കയും ആണ് അമ്മാത്തെ സ്ഥിരം പണിക്കാർ. കുട്ടപ്പന്റെ കയ്യിൽ നിന്നും മുത്തശ്ശൻ ബീഡി മേടിച്ച് വലിക്കും.. മുത്തശ്ശൻ മൂക്കിൽ കൂടെ പുകവിടുന്നത് വളരെ ആശ്ചര്യത്തോടെ ഞാൻ നോക്കി നിൽക്കുമായിരുന്നു..

ഉണങ്ങിക്കഴിഞ്ഞാൽ പ്രധാന വരുമാന മാർഗ്ഗമായ റബ്ബർഷീറ്റ് മുത്തശ്ശൻ മണ്ണത്തൂർ റബ്ബർ കടയിൽ കൊണ്ടു പോയി കൊടുക്കും. തിരിച്ചു വരുമ്പോൾ ചായക്കടയിൽ നിന്നും ബോണ്ട, സുഖിയൻ ഒക്കെ മേടിച്ചു കൊണ്ടുവരും. ആദ്യമായി ബോണ്ടയും സുഖിയനും കഴിച്ചതിന്റെ സംതൃപ്തി എന്റെ കണ്ണുകളിൽ അന്ന് മുത്തശ്ശനും മുത്തശ്ശിയും കണ്ടതുകൊണ്ടാവാം പിന്നീട് മഴുവഞ്ചേരിയിലേയ്ക്ക് വരുമ്പോൾ അവർ ഈ പലഹാരങ്ങളും ആയാണ് വരാറുള്ളത്.

രാവിലെ 9 മണി ആകുമ്പോൾ കോളിംഗ് ബെൽ അടിക്കുന്ന ശബ്ദം കേൾക്കാം. ചെന്ന് നോക്കി, റബ്ബർ വെട്ടുന്ന രാജു ചേട്ടൻ കാപ്പി കുടിയ്ക്കുവാൻ വരുന്നതാണ്. മുത്തശ്ശി രണ്ട് ദോശയും ഒരു കപ്പ് കട്ടൻ ചായയും കൊടുക്കും. കാപ്പിയും കുടിച്ച് പത്രവും വയിച്ച ശേഷമേ പുള്ളിക്കാരൻ പോവുകയുള്ളൂ..

അൽപം സംഗീതവാസന ഉള്ള ആളാണ് ചെല്ലമണി അമ്മാവൻ.. കുളത്തിൽ കുളിക്കാൻ പോകുമ്പോഴും പശുവിനെ കെട്ടാൻ പോകുമ്പോഴും ഒക്കെ ഉച്ചത്തിൽ പാട്ട് പാടുന്നത് അമ്മാവന് ഹരമാണ്.. 'വൈക്കത്തപ്പനും ശിവരാത്രി' ആണ് അമ്മാവന്റെ ഏറ്റവും പ്രിയപ്പെട്ട ഗാനം..

ടെലിവിഷൻ ഇല്ലാത്ത സമയമായതിനാൽ റേഡിയോ ആണ് അന്ന് ഏക വാർത്താ ഉപാധി.. കാർപോർച്ചിന്റെ തൂണിൽ ഒരു സ്പീക്കർ ഫിറ്റ് ചെയ്ത് ഉച്ചത്തിൽ റേഡിയോ വയ്ക്കലാണ് ചെല്ലമണി അമ്മാവന്റെ പരിപാടി.

മുത്തശ്ശി എന്തെങ്കിലുമൊക്കെ സ്പെഷ്യൽ ഉണ്ടാക്കിയിട്ടുണ്ടാവും... സ്റ്റോർ മുറിയിൽ ചെന്നാൽ കിട്ടും.... ചീട, അവലോസ് പൊടി, ഒറോട്ടി, ഉപ്പേരി, ഉണ്ണിയപ്പം..... ഗുരുതി എനിക്ക് വല്ല്യ ഇഷ്ടമായതു കൊണ്ട് ചെല്ലമണിയമ്മാവൻ അമ്പലത്തിലെ പൂജ കഴിഞ്ഞ് വരുമ്പോൾ ഗുരുതി കൊണ്ട് വന്നിട്ടുണ്ടാകും..

അമ്മാത്തെ എല്ലാ ഇല്ലക്കാർക്കും ഓരോ കുളം വീതം ഉണ്ട്...

കരോട്ട്, വടക്കേത്താഴത്ത്, താഴുത്തില്ലത്ത് അങ്ങനെ എല്ലാ ഇല്ലങ്ങളുടേയും കിഴക്കുവശങ്ങൾ കുളങ്ങളെ കൊണ്ട് സമ്പന്നമാണ്.....

മധ്യവേനൽ അവധിയുടെ ഭൂരിഭാഗവും ഞാൻ ചിലവഴിക്കുന്നത് അമ്മാത്താണ്....

മൂവാണ്ടൻ മാങ്ങാ, ചക്കപ്പഴം എല്ലാം കൊണ്ടും സമ്പന്നമാണ് അമ്മാത്ത്.....

രാത്രിയിൽ ഉറക്കം മിക്കവാറും ഉണ്ണികൃഷ്ണൻ അമ്മാവന്റെ മുറിയിൽ ആണ്. ഇന്ദിര ചിറ്റയുടെ കൂടെ ആണ് ഉറക്കം...

പകൽ മുഴുവൻ ചിറ്റയുമായി വഴക്ക് കൂടൽ ആണെങ്കിലും രാത്രിയാകുമ്പോഴേയ്ക്കും വഴക്ക് തീർന്നിട്ടുണ്ടാവും... അൽപം മുൻ ശുണ്ഠി ഉണ്ടെങ്കിലും ശുദ്ധ പാവമാണ് ഇന്ദിരച്ചിറ്റ...

കരകൗശല പണികളിൽ പ്രാവീണ്യമുള്ള ആളായിരുന്നു വൽസലചിറ്റ.ഹാളിലെ ഷോകേസ് നിറയെ ചിറ്റ നിർമ്മിച്ച കരകൗശല വസ്തുക്കളാൽ അലങ്കൃതമാണ്. ഇപ്പോഴും അവയിൽ ചിലത് ഷോകേസിൽ കാണാം. ചിറ്റയും ഞാനും പൂരോരുട്ടാതി നാളുകാരാണ്...

വടക്കേത്താഴത്തെ സ്മിതകുഞ്ഞീറ്റ അൽപം സാഹിത്യവാസന ഉള്ള ആളാണ്...ഭാവനയിൽ വിരിഞ്ഞ ഒത്തിരികഥകൾ ഡയറികളിൽ കുറിച്ചു വച്ചിട്ടുള്ളത് ഓർക്കുന്നു....

മുത്തശ്ശന്റെ അനുജൻ കുഞ്ഞു കേശവൻ അഫന്റെ മക്കളായ സ്മിതകുഞ്ഞീറ്റ, സൗമ്യ, തങ്കമണി അമ്മാവന്റെ മക്കളായ സുമ,ശ്രീജ എന്നിവരൊത്തുള്ള സാറ്റ്കളി പഴയ ഓർമകളിലേയ്ക്ക് കൂട്ടികൊണ്ടുപോകുന്നു...

അവധിക്കാലത്ത് പൂനയിൽ നിന്നും ലീല ചിറ്റയും അഫനും പ്രശാന്തും പ്രവീണും വരും

... പ്രവീൺ തീരെ ചെറിയ കുട്ടിയാണ്. കഷ്ടി മലയാളം പറയും അത്രേ ആയിട്ടുള്ളൂ.. പ്ര ശാന്തിന് നന്നായി മലയാളം അറിയാം..കാര ണം അവൻ സുമയുടെ കൂടെ അവധിക്കാലം മുഴുവൻ വെട്ടിമൂട് നഴ്സറിയിൽ പോയിട്ടു ണ്ട്. ലീലച്ചിറ്റ കൊണ്ടുവരുന്ന സ്പെഷ്യൽ ബോംബേ മിക്സ്ചർ അന്നത്തെ രുചിയേറി യ പലഹാരങ്ങളിൽ ഒന്നാണ്.....

അന്യഭാഷകൾ കൈകാര്യം ചെയ്യുന്ന പ്രശാ ന്തിനേയും പ്രവീണിനേയും അത്ഭുതത്തോ ടെ ഞാൻ നോക്കിയിരുന്നിട്ടുണ്ട്. ഉണ്ണികൃ ഷ്ണൻ അമ്മാവനും പ്രശാന്തും കൂടിയുള്ള ഹിന്ദി, ഇംഗ്ലീഷ് സംവാദങ്ങൾ എനിക്ക് ഒ ന്നും മനസ്സിലായില്ലെങ്കിലും കേൾക്കുവാൻ നല്ല രസമായിരുന്നു...

അമ്മാത്ത് ചെന്നാൽ മിക്കവാറും താഴുത്ത് ഇല്ലത്താണ് ഞാൻ.... അവിടെ ആണെങ്കിൽ രാജൻ ചേട്ടനും ജയക്കുട്ടൻ ചേട്ടനുമുണ്ട്....

പിന്നെ സൈക്കിൾ ഉണ്ട്..... സൈക്കിൾ ചവി ട്ടാൻ പഠിപ്പിക്കലാണ് ജയൻ ചേട്ടൻ.

താഴത്തില്ലത്തെ മുത്തഫനെ ഒരു ചെറിയ ഓ ർമയേ ഉള്ളൂ.... ചുവന്ന പട്ടാണ് വേഷം, ദേഹമാസകലം ഭസ്മവും കുങ്കുമവും. ' വെടിയൻ അഫൻ' എന്നാണ് മറ്റില്ലക്കാർ അദ്ദേഹത്തെ വിളിയിരുന്നത്... ബഹു രസിക ൻ ആയിരുന്നു എന്ന് അമ്മ പറഞ്ഞു കേട്ടിട്ടു ണ്ട്.

താഴുത്തില്ലത്തെ വല്യമുത്തശ്ശിയേയും കൊച്ചു മുത്തശ്ശിയേയും ശരിക്കും ഓർക്കു ന്നുണ്ട്.. ഒരു പൊതി മിഠായിയും കൊണ്ടാ ണ് അന്ന് അമ്മയും ഞാനും വല്യ മുത്ത ശ്ശിയെ കാണുവാൻ പോകാറ്...

പുത്തൻപുര സാറിന്റെ വീട്ടുപടിയ്ക്കൽ സൈക്കിളിൽ നിന്നും ഞങ്ങൾ വീണതും സാറ് അതുകണ്ട് ചിരിച്ചതും, ജയൻ ചേട്ടൻ വൈക്കോൽ തുറുവിന് തീയിട്ടതും ചിരിപട ർത്തുന്ന ഓർമകളാണ്.....

വിജയൻ അമ്മാവന്റെ മൃദംഗത്തിൽ താളമടി ക്കുന്നതും തങ്കമണി അമ്മാവന്റെ സ്തെത സ്കോപ്പ് ചെവിയിൽ വച്ച് സ്വയം പ രിശോധിക്കുന്നതും കുട്ടിയമ്മ മുത്തശ്ശിയുടെ വിഢിത്തം പറയലും, കരവട്ടെ അഫന്റെ ദേഷ്യപ്പെടലുകളും രസാവഹങ്ങളായിരുന്നു ..അമ്മാത്ത് ആരെങ്കിലും ഒന്ന് മുറുക്കെ തു മ്മിയാൽ ശ്രീകാന്ത് അമ്മാത്തായിരിക്കും എ ന്ന് പറഞ്ഞവർ ധാരാളം.....

മെലിഞ്ഞ് എല്ലുംകോലിയായി അമ്മാത്തേ യ്ക്ക് പോകുന്ന ഞാൻ തക്കിടിമുണ്ടനായിട്ടാ ണ് ഇല്ലത്തേയ്ക്ക് തിരിച്ചു വരാറ്.....

എന്ന് അമ്മാത്ത് വന്ന് തിരികെ പോരു മ്പോഴും മുത്തശ്ശനും മുത്തശ്ശിയും എനിക്ക് പൈസ തരുമായിരുന്നു.. ആ പൈസ കി ട്ടുമ്പോഴുള്ള സുഖം പറഞ്ഞറിയിക്കാൻ പറ്റാ ത്തതാണ്....

അമ്മാത്ത് വിശേഷങ്ങൾ പറഞ്ഞാൽ തീരുക യില്ല.... അത്രയ്ക്ക് മനോഹരമാണ്.....

മുത്തശ്ശനും മുത്തശ്ശിയും അച്ഛനും അമ്മയും ഉള്ള ആ സുവർണ്ണജീവിതകാലം നാം എപ്പോഴും കുട്ടികളായിത്തന്നെ ഇരിക്കും.....

മുത്തശ്ശനും മുത്തശ്ശിയും പ്രായാധിക്യത്താ ൽ വിട്ടുപോയെങ്കിലും ഉണ്ണിക്കൃഷ്ണനമ്മാ വന്റെയും വിജയനമ്മാവന്റെയും വേർപാട് താങ്ങാവുന്നതിന് അപ്പുറമാണ്.....

കണ്ണ് നിറയുന്നതിനാൽ നിർത്തുന്നു.

**പദപ്രശ്നം8 ; ശരിയുത്തരമയച്ചവർ**

1. ഡോ. ഹരിശർമ , പറഞ്ചിക്കാട്ടില്ലം, ആണ്ടൂർ
2. ഇന്ദിരാദേവി , തിരുമംഗലത്തില്ലം ,വേങ്ങൂർ , പെരുമ്പാവൂർ
3. ഗിരിജ എൻ. നമ്പൂതിരി , വടുതലായിൽ ഇല്ലം , കുടക്കച്ചിറ
4. പ്രസീത പരമേശ്വരൻ , കൈലാസം , ആണ്ടൂർ ശാഖാ
5. പി.എൻ മുരളീമോഹനശർമ , പെരുമ്പുഴ ഇല്ലം , ഏഴാച്ചേരി
6. ഉമ ഉണ്ണികൃഷ്ണൻ , സൗമ്യ സങ്കൽപ് അപ്പാർട് മെൻറ്സ്, ബാംഗളൂർ.
7. രമണിക്കുട്ടി വി.എൻ., ശ്രീവാസ് , ചിറമംഗലത്തില്ലം , ആനിക്കാട്
8. ഗിരിജ കേശവൻ , രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ
9. പി . എൻ.രമാദേവി അന്തർജനം ,തോട്ടത്തിൽ ഇല്ലം , ഏഴാച്ചേരി
10. എം. വി. ആദിത്യൻ, മണക്കാട്ട് ഇല്ലം, ഐക്കൊമ്പ്, കടനാട്



പിന്നെ വിശേഷിച്ചു ദക്ഷിണ ദിക്കിന
തൃന്നതന്മാർ പലരുംപോയ് തിരയേണം

# സമസ്യാപൂരണങ്ങൾ

പല പല കഴിവൊക്കെക്കാറ്റിനുണ്ടാകുമെന്നാൽ,
ചിലതിനു സമമാകും ശക്തി മറ്റാർക്കുമില്ലാ
മലയുടെ തലമോളിൽ ചാടിയോടിക്കളിയ്ക്കാം,
മലയുടെ തലതാഴ്ത്താൻ കാറ്റിനാകില്ല തെല്ലും.

**അപ്പു, കരിയ്ക്കാട് , ചേർത്തല 9400440680**

മനമതിലതിരോഷം പൂണ്ട ഗാഥി തനൂജൻ
മനമുരുകിന പീഢാം ശ്രീഹരിശ്ചന്ദ്രനേകീ
മധുരിപു കനിവാലേ ഭൂപനേറ്റില്ലതൊന്നും
മലയുടെ തലതാഴ്ത്താൻ കാറ്റിനാകില്ല തെല്ലും.

**ടി.എൻ. എൻ. ഇളയത് , താഴൂരില്ലം,**
**കുമ്മനം 9961600485**

പല പല ഖലരാകും ചോര രാജാസനങ്ങൾ
നിലയിലടി തകർന്നേ തീർന്ന ദുർദർശനങ്ങൾ
പലകുറിയിരയാക്കീ ശ്രേഷ്ഠമീ ഭാരതത്തെ
മലയുടെ തല താഴ്ത്താൻ കാറ്റിനായില്ല തെല്ലും !!

**ഹരികുമാർ , പാണാട്ടില്ലം , കുറിച്ചിത്താനം**

പരമമിതൊരു മന്ത്രം 'സത്യമേവം ജയിപ്പൂ'
വരതരമിതു തത്വം ഭാരതത്തേ നയിപ്പൂ
പലരു പലവഴിക്കും പാറ്റുവാനോങ്ങിയിട്ടും
മലയുടെ തല താഴ്ത്താൻ കാറ്റിനായില്ല തെല്ലും

**രാജീവ് , പാണാട്ടില്ലം , കുറിച്ചിത്താനം**

**സമസ്യാകാരിയുടെ പൂരണം**

ചലനരഹിതനായോരദ്രി തൻ ചാരെയെത്തി
പലവുരു ശ്രമമാർന്നൂ പാവകൻ തള്ളി വീഴ്ത്താൻ
ബലമധികമെനിയ്ക്കുണ്ടെന്നുറച്ചെത്തിയെന്നാൽ
മലയുടെ തല താഴ്ത്താൻ കാറ്റിനായില്ല തെല്ലും

**ഗിരിജ എൻ നമ്പൂതിരി ,**
**വടുതലായിൽ ഇല്ലം, കുടക്കച്ചിറ**

## അടുത്ത സമസ്യ

**'കാലം കാത്തൊരു കാവ്യനീതിയണയും**
**കാലം വരെക്കാത്തിടാം'**

വൃത്തം : ശാർദ്ദൂലവിക്രീഡിതം
പന്ത്രണ്ടാൽ മസജം സതംത ഗുരുവും ശാർദ്ദൂലവിക്രീഡിതം
**അയച്ചുകിട്ടേണ്ട അവസാന തീയതി : ആഗസ്റ്റ് 15**
സാധാരണ തപാലിലോ ബ്രഹ്മശ്രീയുടെ
ഇമെയിൽ വിലാസത്തിലോ, ചീഫ് എഡിറ്ററുടെ
whatsapp നമ്പറിലോ അയക്കാം.

# ഭീകരൻ

ഗിരിജ എൻ നമ്പൂതിരി ,
വടുതലായിൽ ഇല്ലം, കുടക്കച്ചിറ

**വരുന്നു കൊറോണായതാം ഭീകരൻ താൻ**
**തരുന്നൂ നമുക്കൊക്കെയും രോഗഭീതി**
**മരുന്നിനുപോലും ഗുണം നൽകിടാതേ**
**വിരുന്നെത്തി ലോകർക്കു നാശത്തിനായി**
**വരുന്നൂ തകർക്കാൻ സ്വരാജ്യം സ്വബന്ധം**
**വിടില്ലാരെയും തൊട്ടടുത്തെത്തിയെന്നാൽ**
**മടങ്ങാൻ മടിയ്ക്കുന്നൊരീ ഭീകരനെ**
**തുരത്താൻ ശ്രമിയ്ക്കാം നമുക്കൊത്തു ചേർന്നാൽ**
**അടുക്കുന്നുവോ, കൽക്കിതൻ ഭാവമായി**
**പിറക്കുന്നൊരാക്കാലമോർമ്മപ്പെടുത്താൻ**
**പലേരൂപമായ് രോഗമായ് കാണ്മതെല്ലാം**
**വിനാശത്തിനാണെന്നതോർക്കുന്നുവോനാം**
**മഹാമേരുപോലെ വിരുന്നെത്തിയുള്ളിൽ**
**മഹാഭീതി ചേർക്കും കൊറോണേ വണങ്ങാം**
**മഹാപാപമീമർത്ത്യനൊന്നും വരുത്തി**
**ലിഹത്തീന്നു നീയും പിരിഞ്ഞീട വേണം.**
**കരുത്തോടെ വന്നെത്തിനീമർത്ത്യവൃന്ദം**
**പെരുത്തുള്ളൊരീലോകമാകെ ഭരിച്ചു.**
**കരുത്തോടെ വർത്തിച്ചൊരീലോകരേ നീ**
**വിരൽത്തുമ്പിലാക്കി നിറുത്തീ ഭയങ്കരം**
**മഹാമാരി നീ മനുഷ്യർക്കു നിത്യം**
**ഉറക്കം കെടുത്താതെ പിൻവാങ്ങിടേണം**

## പരിഭവം !

ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിക്കുന്ന രചനകളെക്കുറിച്ചുള്ള വായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും വിലയിരുത്തലുകളും അറിയാൻ ആഗ്രഹിക്കുന്നു. 'മാറ്റൊലി' എന്നൊരു പംക്തി ഇതിനായി നമുക്കുണ്ട്. പക്ഷെ പ്രതികരണങ്ങൾ തീരെ ഇല്ല എന്നതാണ് സത്യം. കൂടുതൽ 'ഒലികൾ' ഗംഭീരമായ മുഴക്കത്തോടെ പ്രതീക്ഷിക്കുന്നു!!

*പത്രാധിപർ*

## വാർത്തകൾ അയക്കുമ്പോൾ

ശാഖാ വാർത്തകൾ ടൈപ്പ് ചെയ്ത്, തെറ്റു തിരുത്തി കഴിയുന്നത്ര വൃഥാ സ്ഥൂലത ഒഴിവാക്കി അയച്ചുതരാൻ ഭാരവാഹികൾ ശ്രദ്ധിക്കുക. നമുക്ക് സ്ഥലപരിമിതിയുണ്ട് എന്ന് ഓർക്കുക.

*പത്രാധിപർ*



രജ്ജുഖണ്ഡത്തിലെപ്പന്നഗ ബുദ്ധിപോലെ
മൂഢന്മാർ ഭാവത്തത്വമെങ്ങനെയറിയുന്നു

# പാഠം 1
# കൊറോണ

രാജീവ് പാണാട്ട്, കുറിച്ചിത്താനം
ഫോൺ – 8547590292

കാരണം എന്തുതന്നെയായിക്കൊള്ളട്ടെ , എന്റെ യാത്രാസ്വാതന്ത്ര്യത്തെ സർക്കാരുകൾ കവർന്നെടുത്തുകഴിഞ്ഞു . നടന്നുപോലും ചില പഞ്ചായത്ത് അതിർത്തി കടക്കാൻ പൊലീസിന്നു അനുവദിക്കുകയില്ല . ഞാനെവിടെ പോകുന്നു , ആരെ കാണുന്നു എന്നൊക്കെയവർക്കു അറിഞ്ഞേ തീരു . ചിലസ്ഥലങ്ങളിൽ വീടിനു പുറത്തിറങ്ങാൻ പോലും പാടില്ല! ഇതു വ്യക്തികളുടെ സുരക്ഷയ്ക്കുവേണ്ടി മാത്രമല്ല കോറോണയുടെ സമൂഹവ്യാപനം തടയാൻകൂടി വേണ്ടിയാണു . ചുരുക്കത്തിൽ , ഞാൻ ആരോഗ്യവാനായിരുന്നു വേണം സമൂഹത്തെ ആരോഗ്യപൂർണമാക്കി തീർക്കാൻ . കൊള്ളാം , നല്ലയാശയം. ഞാനെന്നത് പൂർണ്ണമായും കലർപ്പില്ലാത്ത ഒരു ഞാനല്ല , മറിച്ച് ഞാനെന്നതിന്റെ കുറച്ചുഭാഗം സമൂഹത്തിനു കൂടി അവകാശപ്പെട്ടതാണ് . ഈ ബോധമാണ് മനുഷ്യനെ സമൂഹജീവിയാക്കുന്നത്. പഴയ പാട്ടുശീലുകൾ ഓർമ്മയിലേക്കോടിയെത്തി .

’ എന്റെ ദേഹമെന്റെ മനസ്സെന്റെ
മനധനാദികൾ
എന്നുവേണ്ട സമസ്തവും
സമാജദത്തം. ’

ഒരു സമൂഹജീവി എന്ന നിലയിൽ ചില വ്യക്തി സ്വാതന്ത്ര്യങ്ങളെ നാം അടിയറ വെയ്ക്കുകയും അത് ഈ ജനാധിപത്യ ഭരണ സംവിധാനത്തിന് നിയമത്തിന്റെ ബലം നല്കുകയുമാണല്ലോ ചെയ്തിട്ടുള്ളത് .ഈ നിയമത്തിന്റെ ബലത്തിലാണ് അവർ നമ്മുടെ സ്വാതന്ത്ര്യങ്ങൾക്കു വിലക്ക് ഏർപ്പെടിത്തിയിരിക്കുന്നത്. എന്റെ കൈകൾകൊണ്ട് എന്റെ മുഖത്തുതൊടാൻ പോലും എനിക്കിന്നർഹതയില്ല . പ്രകൃതിയിൽനിന്നുള്ള ശുദ്ധവായുവിനെ പോലും നമുക്കിന്നു വിശ്വാസമില്ലാതായിരിക്കുന്നു .

മുഖാവരണം ധരിക്കാതിരിക്കുന്നതു ശിക്ഷയർഹിക്കുന്ന കുറ്റമായി മാറി . അരക്കിലോ പഴം വാങ്ങാൻ വഴിയിലേക്കിറങ്ങാൻ നമുക്കിന്നു മടിയാണ്. നാം നാളെയെന്തു കഴിക്കണമെന്നു തീരുമാനിക്കുന്നതുപോലും വഴിയിൽ കാവലേൽപ്പിച്ച പൊലീസുകാരനാണ് . വെള്ളത്തിന്റെ ദുരുപയോഗം മൂലം നാളെമുതൽ ശൗചം ചെയ്യാൻ ടോയ്ലറ്റ് പേപ്പർ മതിയെന്ന നിയമം വന്നാലും നാം അദ്ഭുതപ്പെടേണ്ടതില്ല .

എന്തുകൊണ്ടാണ് നാം ഈ അവസ്ഥയിൽ എത്തിപ്പെടാൻ കാരണം?. ഉത്തരം വളരെ വ്യക്തം. നാം ഒരു സമൂഹജീവിയാണെന്ന സത്യം മറന്നു പ്രവർത്തിച്ചത് തന്നെ. നമ്മുടെ അവസാനമില്ലാത്ത അത്യാഗ്രഹങ്ങൾ തന്നെ. എല്ലാം സ്വന്തമായി നേടണമെന്നുള്ള അടങ്ങാത്ത ആഗ്രഹങ്ങളുടെ ദുഷ്ഫലങ്ങൾ തന്നെ. തന്റെ വ്യക്തിപരമായ സുഖങ്ങൾക്കായി മറ്റു മനുഷ്യരെന്നല്ല പ്രകൃതിയെ കൂടി അവൻ മറന്നു. പ്രകൃതി കനിഞ്ഞുറഞ്ഞു തരുന്ന ശുദ്ധജലത്തിനും ജീവാമൃതമായ ശുദ്ധവായുവിനും പകരംവെയ്ക്കാൻ മറ്റൊന്നില്ലായെന്ന തിരിച്ചറിവ് നമുക്കിപ്പോഴും ഉണ്ടായിട്ടില്ലയെന്നത് ഒരു ദൗർഭാഗ്യം തന്നെ . സമ്പത്തുകൊണ്ടു എന്തും നേടാമെന്നും സാങ്കേതികവിദ്യ ഏതിനെയും എന്തിനെയും മാറ്റിസ്ഥാപിക്കാനുള്ളതാണെന്നുമുള്ള മിഥ്യാധാരണ ഒരു സുഖത്തിന്റെ ക്യാൻസറായി സമൂഹത്തിൽ പടർന്നുകഴിഞ്ഞു . ശാസ്ത്ര സിദ്ധികൾ പകർന്നുതന്ന ശരീരത്തിന്റെ സുഖവും മനസ്സിന്റെ സന്തോഷവും അവനെ വേടന്മാരുടെ കൂടെ കാട്ടിൽ പോയ കിളിയുടെ അവസ്ഥയിലാണാക്കിയത്. ആദ്ധ്യാത്മികത പറഞ്ഞുതന്ന ഉയർന്ന തലത്തിലുള്ള ആസ്വാദനങ്ങളായ ആനന്ദവും ആഹ്ലാദവും മതം വച്ചുനീട്ടിയ കറുപ്പായെ അവർക്കു കാണാൻ കഴിഞ്ഞുള്ളു .


ദുർജ്ജന സംസർഗ്ഗമേറ്റമകലവേ
വർജ്ജിക്ക വേണം പ്രയത്നേന സത്പുമാൻ

!ഈ വലിയ സുഖവും സന്തോഷവും പുറത്തുള്ള വസ്തുക്കളിലല്ല മറിച്ച് ഉള്ളിൽത്തന്നെ ഉണ്ടാക്കുന്ന പരിവർത്തനങ്ങളിലാണ് എന്നുള്ളതുകൊണ്ട് ഇതു പ്രകൃതിയിൽ ഒരു നാശവും വരുത്തുന്നില്ലായെന്നു മാത്രമല്ല പ്രകൃതിയെ അറിയാനും ബഹുമാനിക്കാനും നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ ഊർജ്ജത്തിന്റെ ആവശ്യം ദിനംപ്രതി കൂടിക്കൂടി വന്നു. രാത്രിയെ പകലാക്കുന്ന തരത്തിലുള്ള വെളിച്ചം നമുക്കുവേണം. വാഹനങ്ങളിലെ സുഖസൗകര്യങ്ങൾ നമുക്ക് ഒരു കാലത്തും മതിവന്നിട്ടില്ല . ഒരാൾക്ക് അയാളുടെ കായികശക്തിക്കുതകുന്ന ഒരു നിശ്ചിതദൂരമേ ഓടിയെത്താൻ സാധിക്കൂ . സാങ്കേതികവിദ്യയുടെ ബലത്തിൽ അവനിന്ന് അതിലും എത്രയോ അധികം ദൂരം സഞ്ചരിക്കാൻ സാധിച്ചു . എന്നിട്ടും മതിയാവുന്നില്ല വേഗം . ഇതിൽ അന്വേഷണബുദ്ധിയെക്കാൾ സുഖപരതയാണ് കൂടുതൽ .

മനുഷ്യരെ ഉപഭോക്താവെന്ന നിലയിലും പ്രകൃതി വിഭവങ്ങളെ അസംസ്കൃത വസ്തുവെന്ന നിലയിലും മാത്രമായി കാണാനാണ് സാമ്പത്തികശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത് . എവിടെ ആരാധനാലയങ്ങൾ മുതൽ ആശുപത്രിവരെ വ്യവസായമാണ് . പൂജാരിയും ഭിഷഗ്വരനും വെറും തൊഴിലാളികളും. ഇതിലും ഉദാത്തമായ ഒരു സങ്കല്പമല്ലേ ഈ രംഗങ്ങളിൽ ഉണ്ടാവേണ്ടതായി നാം കരുതുന്നത് . സമ്പത്തികലാഭത്തിനു വേണ്ടി മറ്റു മനുഷ്യരെ കൊല്ലാൻ പോലും തയ്യാറായി നിൽക്കുകയാണിന്നു ലോകം . സാമ്പത്തികത്താൽ നയിക്കപ്പെടുന്ന ഒരു സമൂഹമായി മാറിക്കഴിഞ്ഞു നാം . ഹൃദയവും സ്നേഹവുമൊക്കെ ഇവിടെ മാറ്റിവെയ്ക്കാവുന്നവയും അളന്നുനല്കാവുന്നവയുമൊക്കെയാണ് .

പ്രകൃതിയിലെ മറ്റു ജീവികളുടെ ജീവന്റെ കാര്യത്തിൽ ഈ പറയുന്ന സോഷ്യലിസം ബാധകമല്ല താനും . രുചിക്കുവേണ്ടി (ജീവൻ നിലനിർത്താനുള്ള ആഹാരത്തിനെക്കുറിച്ചല്ല) ഏതു ജീവിയേയും കൊല്ലാനൊരു വിഷമവും നമുക്കില്ല . 'കരുണാനിധി ' യെ കുറിച്ച് പാടുകയും ഒട്ടും കരുണയില്ലാതെ പ്രവർത്തിക്കാനും ഈ മനഃസാക്ഷിയില്ലാത്ത മനുഷ്യന് മാത്രമേ സാധിക്കു . പ്രകൃതി നമ്മോടു് കരുണകാണിക്കുന്നില്ലായെന്നു പറയാൻ പോലും നമ്മൾ അനർഹരാണ്

വെള്ളക്കുപ്പികൾകൊണ്ട് യാത്ര ചെയ്തിരുന്ന നാം ഇനി ഓക്സിജൻകൂടി കൈയ്യിൽ കരുതേണ്ടിവരും . ചില രാജ്യങ്ങളിൽ ഇതു തുടങ്ങിക്കഴിഞ്ഞു .

'സംഭ്രമിക്കായ്ക നവീനശാസ്ത്രങ്ങൾതൻ
സംഭാവനകളാണീ നിണച്ചാലുകൾ

എന്നെഴുതിയ കവിയുടെ ദീർഘദർശനത്തെ നമസ്കരിക്കാം .'നവമന്ത്രക്കടലാസുകളാൽ പൂതീർത്തു രമിക്കാമെന്നും
രസതന്ത്രച്ചെപ്പിൽ വിരിയും പുത്തരിയും കൂട്ടാമെന്നും ' എന്ന് കവി ദശാബ്ദങ്ങൾക്കുമുമ്പ് തന്നെ കണ്ടിരിക്കുന്നു .

ഓർക്കുക , ഭരണകർത്താക്കളുടെ ദുഷ്ചെയ്തികളുടെ പാപത്തിലെ ചെറിയ ഒരു ഘടകം നമ്മളോരോരുത്തരിലേക്കും കടന്നുവരുന്നു. ഇത്തവണ അത് കൊറോണയുടെ രൂപത്തിലായീ എന്നേ ഉള്ളൂ. ധർമബോധമില്ലാത്ത ശാസ്ത്രവും സാങ്കേതികവിദ്യയും അതിലൂടെ സാമ്പത്തികനേട്ടം കൊയ്യാനൊരുങ്ങി നിൽക്കുന്ന വ്യവസായ അസുരരന്മാരും നാട് ഭരിക്കുന്ന ഈ രീതിയിൽ നിന്ന് നാം മാറേണ്ടിയിരിക്കുന്നു . ഇതിനു ധർമ്മാചരണം നടത്താൻ കഴിവുള്ളവരാവണം നമ്മുടെ ഭരണകർത്താക്കൾ .

പ്രകൃതിയെ സ്നേഹിക്കാർത്തവർക്കു , ഭൂമിയെ മാതാവായി കാണാത്തവർക്ക് , സഹജീവികളോട് കരുണയില്ലാത്തവർക്കു വോട്ടു ചെയ്യുകയില്ല എന്നുള്ള ദൃഢപ്രതിഞ്ജ ചെയ്യാനുള്ള മുഹൂർത്തമാണിത് .
ഭൂരിപക്ഷത്തിന്റെ എണ്ണമല്ല തിരിച്ചറിവിന്റെ തിണ്ണമാണ്, തൊഴിലാളിസത്തിന്റെ മദമല്ല , മാനവികതയുടെ ചിദമാണ് , ഭരണകർത്താവിന്റെ കഴിവ് .


നേരെ പെരുവഴിയുമറിയാവത
ല്ലാരെയും കാണ്മാനുമില്ലറിഞ്ഞീടുവാൻ



## അന്നപ്രാശം
## ശ്രീദേവ് ശർമ്മ

പെരുമ്പാവൂർ ശാഖ, മടക്കുഴ വലമ്പിരി മംഗലത്ത് ഇല്ലത്ത് സൂര്യനാരായണന്റെയും ഇന്ദിരാദേവിയുടേയും പൗത്രനും വിഷ്ണുവിന്റെയും വൃന്ദയുടേയും പുത്രനുമായ ശ്രീദേവ് ശർമ്മയുടെ വാതിൽ പുറപ്പാടും അന്നപ്രാശവും 2020 ജൂൺ 20ന് വലമ്പിരിമംഗലത്ത് ഇല്ലത്ത് വച്ച് നടന്നു.

**ശതം ജീവ ശരതോ**

## ശ്രദ്ധാഞ്ജലി



**9-ാം ശ്രാദ്ധദിനം**

**ദേവകി അന്തർജ്ജനം**
**09-06-2020**
**കടമ്പനാട്ടില്ലം കുറ്റിലഞ്ഞി, കോതമംഗലം**



**1-ാം ശ്രാദ്ധദിനം**
**15-06-2020**
**എൻ.എൻ. വിജയൻ ഇളയത് നെടുമ്പാ ഇല്ലം, കൂത്താട്ടുകുളം**



**കെ.എൻ.വേണു**
കീശ്ശേരി ഇല്ലം
(12-04-2020)
വേർപാടിന്റെ
4 വർഷങ്ങൾ



**എൻ.കെ.കുഞ്ഞിക്കുട്ടൻ ഇളയത്**
**നെടുമ്പള്ളി ഇല്ലം**
**28-06-2020 ൽ വിഷ്ണുപാദം പൂകി**
**ബ്രഹ്മശ്രീ മുൻ ഉപദേശകസമിതി അംഗവും ,തൃശ്ശൂർ മലയാളബ്രാഹ്മണ സമാജ സ്ഥാപക അദ്ധ്യക്ഷനും,എഴുത്തുകാരനുമായിരുന്നു**



## ഷഷ്ടിപൂർത്തി

# പി. എൻ. ഉണ്ണികൃഷ്ണൻ

2020 മെയ് 13 ന് ഷഷ്ടിപൂർത്തി ആഘോഷിച്ച കുറിച്ചി പുതുമന ഇല്ലത്ത് ബ്രഹ്മശ്രീ പി. എൻ. ഉണ്ണികൃഷ്ണന് ആശംസകളോടെ

സഹധർമ്മിണി : **എസ് ശ്രീലത**

മക്കൾ : **ലക്ഷ്മി കൃഷ്ണൻ**
**കീർത്തി കൃഷ്ണൻ**

മരുമകൻ : **വേണുജി .എം.എസ്**

പേരക്കുട്ടി : **അക്ഷർത്ഥ്.വി**

മറ്റു കുടുംബാംഗങ്ങൾ



## 75–ാം പിറന്നാൾ

# സാവിത്രി അന്തർജ്ജനം

പെരുമ്പാവൂർ മണ്ണൂർ വീപ്പാട്ട് ഇല്ലത്ത് സാവിത്രി അന്തർജ്ജനത്തിന്റെ 75–ാം പിറന്നാൾ 2020 മെയ് 28 ന് ആഘോഷിച്ചു.



## ഉപനയനം

# കാർത്തിക് ബാബു

കോട്ടയം ജില്ലയിൽ രാമപുരം ശാഖ, ഏഴാച്ചേരി വടക്കേൽ ഇല്ലത്ത് ബാബുക്കുട്ടൻ നമ്പൂതിരിയുടേയും ലതയുടേയും പുത്രൻ കാർത്തിക്ക് ബാബുവിന്റെ ഉപനയനവും സമാവർത്തനവും 2020 ജൂൺ 3 ബുധനാഴ്ച സ്വഗൃഹത്തിൽ വച്ചു നടന്നു.



## 1–ാം പിറന്നാൾ

## വേദാത്മിക


ചേർത്തല
കണത്തുരുത്തിൽ ഇല്ലത്ത്
നിഖിലിന്റെയും
സന്ധ്യയുടെയും
പുത്രി വേദാത്മികയുടെ
ഒന്നാം പിറന്നാൾ 2020
ജൂൺ 6ന് ആഘോഷിച്ചു



## ഒന്നാം പിറന്നാൾ

## ശിവാത്മിക വേദാത്മിക

**കുറിച്ചി പുതുമന ഇല്ലത്ത് സൗജിത്തിന്റെയും അശ്വതി യുടെയും പുത്രിമാരായ ശിവാത്മികയുടെയും വേദാത്മികയുടെയും ഒന്നാം പിറന്നാൾ 2020 മേയ് 4 ന് ആഘോഷിച്ചു**



## അന്നപ്രാശം

## ധ്വനി വിപിൻദാസ്

തൃശൂർ ഗുരുവായൂർ ശാഖയിൽ കൊണഞ്ചേരി ഇല്ലത്തു വിപിൻദാസ് ആർദ്ര ദമ്പതികളുടെ പുത്രി ധ്വനി വിപിൻ ദാസിന്റെ അന്നപ്രാശം 2020 മേയ് 27–ാം തീയതി ഇല്ലത്തു വച്ചു നടത്തി.



## ഉപനയനം
# ഗോകുൽ കൃഷ്ണൻ

മഴുവഞ്ചേരി ഇല്ലത്ത് യശശ്ശരീര നായ എം.ആർ കൃഷ്ണൻ ഇളയതി ന്റെയും യശശ്ശരീരയായ ആര്യഗംഗ അന്തർജനത്തിന്റെയും പൗത്രനും പുളി യനം കൃഷ്ണകുമാറിന്റെയും (ഉണ്ണി) അർച്ചനുയുടെയും പുത്രനുമായ ഗോകുൽ കൃഷ്ണന്റെ ഉപനയനവും സമാവർത്തനവും 2020 മെയ് 27ാം തീയ തി സമംഗളം നടന്നു.



## 50–ാം
# വിവാഹ വാർഷികം

ചങ്ങനാശ്ശേരി പെരളി ഇല്ലത്ത് **കേശവൻ ചേട്ടനും (പരമേശ്വരൻ ഇള യത്) ഇന്ദിരച്ചേച്ചിക്കും** 50–ാം വിവാഹ വാർഷിക ആശംസകൾ.

**വിനീത പ്രണാമങ്ങളോടെ**
കുറിച്ചിത്താനത്ത്
**പാണാട്ടില്ലം കുടുംബാംഗങ്ങൾ**



## ടി.എൻ. സുധാകരൻ ഇളയത്
## പി.എൻ രമാദേവി അന്തർജ്ജനം

**40–ാം വിവാഹ വാർഷികം** ആഘോഷിക്കുന്ന രാമപുരം ശാഖ ഏഴാച്ചേരി തോട്ടത്തി ൽ ഇല്ലത്ത് ടി.എൻ. **സുധാകരൻ ഇളയതിനും സഹധർമ്മിണി പി.എൻ രമാദേവി അന്തർജ്ജനത്തിനും** ആയുരാരോഗ്യ സൗഖ്യങ്ങൾ നേർന്നു കൊണ്ട്
മക്കൾ, മരുമക്കൾ,
പേരക്കുട്ടികൾ

**“ശന്നോ ദേവിരഭീഷ്ടയ ആപോഭവന്തു പീതയേ, ശംയോരഭിസ്രവന്തുനഃ”**

(പുണ്യാഹമന്ത്രത്തിലെ 4-ാം ഋക്ക്)

**മുഖചിത്രം - ഫോട്ടോ : ശ്രീകാന്ത് മഴുവഞ്ചേരി ഇല്ലം**
**രൂപകല്പന - സെൻ**

അർത്ഥം: പാപവിനാശം ഹേതുവായിട്ട് ഞങ്ങൾക്ക് സുഖം ഭവിക്കട്ടെ! അപ്പുകൾ(ജലം) ഞങ്ങളുടെ യാജ്ഞഅംഗമായി ഭവിക്കട്ടെ! അമൃതോപമമായ ജലം ഞങ്ങൾക്ക് പാനം ചെയ്യുവാൻ സാധിക്കട്ടെ. അതുപോലെ തന്നെ അപ് ദേവികൾ ഞങ്ങൾക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള രോഗങ്ങളുടെ ശമനവും, ഭാവിയിൽ ഉണ്ടാകാവുന്നവയുടെ ദുരീകരണവും ചെയ്യട്ടെ! അത്രയുമല്ല ഞങ്ങളുടെ ശാരീരികവും മാനസികവുമായ എല്ലാ മാലിന്യങ്ങളെയും കഴുകിക്കളയുവാൻ തക്കവണ്ണം ജലം സമൃദ്ധമായി ശിരസ്സിൽ പ്രവഹിക്കട്ടെ! ('ശം യോ:' എന്ന പദദ്വയത്തിന് ഉല്പന്നരോഗങ്ങളുടെ ശമനവും, ഭാവിരോഗങ്ങളുടെ ദുരീകരണവുമാണ് അർത്ഥം.)
(കോടനാട്ട് നാരായണൻ നമ്പൂതിരിപ്പാടിന്റെ 'മന്ത്രാർത്ഥപ്രകാശിക' എന്ന പുസ്തകത്തോട് കടപ്പാട്)

- വ്യാസോപദേശം :
  **സ്വർഗ്ഗലോകോ ഗൃഹസ്ഥാനാം**
  **പ്രതിഷ്ഠാനിയതാത്മനാം**
  *(മഹാഭാരതം 12-243-28)*
  സംയമന ശീലരായ ഗൃഹസ്ഥന്മാർക്ക് സ്വർഗ്ഗലോകം സുനിശ്ചിതമാണ് .
- ഗാർഹസ്ഥ്യ മഹിമയെക്കുറിച്ചു അർജുനൻ :
  **കുടുംബ വിധിനാനേന**
  **യസ്മിൻ സർവം പ്രതിഷ്ഠിത .**
  *( മഹാഭാരതം 12-11-21)*
  ഗാർഹസ്ഥ്യത്തിൽ സകല തപസ്സുകളും അന്തർഭവിക്കുന്നു
- പരമശിവൻ പാർവതിയോട് :
  **'അഹിംസാ, സത്യവചനം ,**
  **സർവഭൂതാനുകമ്പനം,**
  **ശമോ, ദാനം യഥാശക്തി**
  **ഗാർഹസ്ഥ്യ: ധർമ്മ ഉത്തമ '**
  അഹിംസ, സത്യവചനം, സർവഭൂതങ്ങളിലും അനുകമ്പ, സംയമനം, ശക്തിയ്ക്കനുസരിച്ചു ദാനം ഇത്രയുമാണ് ഗൃഹസ്ഥന്റെ ഉത്തമ ധർമ്മങ്ങൾ

## വേളിയാലോചന

HOROSCOPE

| | | | |
|---|---|---|---|
| ച | | ശി | |
| മ | പുരുഷജാതകം | | |
| | | | ശു |
| ല | സ മാ | ബു കു | ര ഗു |

**പുരുഷജാതകം**
ജനനം:1993 സെപ്തം.30, **11.52 am**
നക്ഷത്രം: ഉതൃട്ടാതി
Education : BSc. Computer science, MBA(Pursuing )
ഉയരം: 178 സെ.മി.
Job: Sr Software Developer, Technopark, Trivandrum.
Ph: 9037189990, 9400555673.

HOROSCOPE

| | | | |
|---|---|---|---|
| ച | ശി | | കു |
| മ | പുരുഷജാതകം | | |
| | | | |
| മാ | | ല ഗു ശു സ | ര ബു |

**പുരുഷജാതകം**
ജനനം:1994 സെപ്തം.20, **9.51 am**
**ശിഷ്ടദശ: 14-8-11**
നക്ഷത്രം: ഉതൃട്ടാതി
Education : BA Sanskrit (Thantraratnam) MA 2nd Year
ജോലി : Thanthrik (Pooja)
ഉയരം: 160 സെ.മി.
Ph: 94958 68665, 81292 37887

HOROSCOPE

| | | | |
|---|---|---|---|
| കു | ല | ര ബു ച ശു | ശി |
| | പുരുഷജാതകം | | |
| മ | | | ഗു |
| സ മാ | | | |

**പുരുഷജാതകം**
ജനനം: 1992 ജൂൺ 2, **4.13 am**
നക്ഷത്രം: മകയിരം
Education : B Tech Electrical & Electronic
ഉയരം: 173 സെ.മി.
Ph: 90482 70417

HOROSCOPE

| | | | |
|---|---|---|---|
| | ശി | കു | ച |
| മ | പുരുഷജാതകം | | ര ബു |
| | | | ല മാ |
| | | ഗു സ | ശു |

**സ്ത്രീജാതകം**
ജനനം: 1994 ആഗസ്റ്റ് 5, **8.39 am**
**ശിഷ്ടദശ: 14-4-24**
നക്ഷത്രം: പുണർതം
Education : Msc (Maths)
ഉയരം: 167 സെ.മി.
Ph: 9446057417



ഒരുത്തനായാലവനരികേ ശുശ്രൂഷിപ്പാൻ
ഒരുത്തിവേണമതിനിവുളുണ്ടെനിക്കിപ്പോൾ

# ലോഹസഞ്ചാരം

ഗോകുൽ എസ്., ഗോകുലം, കുടക്കച്ചിറ, 9526586185

പ്രിയപ്പെട്ടവരെ, നിങ്ങൾക്ക് ഞാൻ അപരിചിതനാവാൻ വഴിയില്ല. നിങ്ങളുടെ ഓരോരുത്തരുടെയും കയ്യിലും കാതിലും കഴുത്തിലും, അലമാരകളിലെ ആഭരണപ്പെട്ടികളിലും കരുതലോടെ എന്നെ പലപ്പോഴായി കാത്തുവച്ചിട്ടുണ്ടാവും. ഈ ഭൂമിയിൽ ജീവൻറെ തുടിപ്പ് മുളപൊട്ടുന്നതിനും ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ഞാൻ ഇവിടെ ഉണ്ടായിരുന്നു. ആയുസ്സെത്തിയ പല നക്ഷത്രങ്ങളും സൂപ്പർനോവ വിസ്ഫോടനം എന്ന പ്രതിഭാസത്താൽ പ്രപഞ്ചമാകെ ഒരു മഴപോലെ പെയ്തിറങ്ങിയപ്പോൾ ഞാനും എൻറെ സഹോദര മൂലകങ്ങളും ഈ ഭൂമിയിൽ വന്നു പതിച്ചു.

ഹൈഡ്രജൻ എന്ന ഏറവും ലളിതമായ മൂലകമാണ് ഞങ്ങളുടെ അമ്മ. ഹൈഡ്രജനിൽ കാലക്രമേണ പല പരിണാമങ്ങളും സംഭവിച്ച്, നക്ഷത്രങ്ങളിൽ എന്നെപ്പോലെ പല മക്കൾ ജനിച്ചു. അവർ ഭൂമിയിലെത്തിയപ്പോൾ ചിലരെ മാത്രം മനുഷ്യർ കണ്ടുപിടിച്ചു. ഉപയോഗിക്കുവാൻ ശീലിച്ചു. ജീവൻ നിലനിർത്തുവാൻ ശ്വസിക്കുന്ന ഓക്സിജൻ മുതൽ നശിപ്പിക്കുവാൻ ഉപയോഗിക്കുന്ന അണുബോംബിലെ സീഷ്യം വരെ എൻറെ സഹോദരന്മാരാണ്. എന്നാൽ എന്നെ മാത്രം അവർ പ്രത്യേക കരുതലോടെ ശേഖരിച്ചു, സൂക്ഷിച്ചു. മനുഷ്യർക്കിടയിലെ പല സുന്ദര നിമിഷങ്ങളിലും ചേർത്തുപിടിച്ച് അവർ മഞ്ഞ ലോഹാമായ എനിക്കൊരു ഓമനപ്പേരു നൽകി. സ്വർണ്ണം ...! ഇത് എൻറെ കഥയാണ്. ബഹിരാകാശത്തെ ഏതോ നക്ഷത്രങ്ങൾക്കുള്ളിൽ ജനിച്ച ഞാൻ, നിങ്ങളുടെ അരികിലേക്കും പിന്നെ അലമാരക്കുള്ളിലേക്കും നടത്തിയ സഞ്ചാരത്തിൻറെ കഥ.

ഞാനിപ്പോൾ വിശ്രമിക്കുന്നത് കേരളത്തിലെ ഒരു വീട്ടിലെ ലോക്കറിലാണ്.

പക്ഷെ ഈ യാത്രയുടെ തുടക്കം കിലോമീറ്ററുകൾക്കപ്പുറമുള്ള ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ കോങ്ഗോ റിപബ്ലിക് എന്ന രാജ്യത്തിൻറെ മണ്ണിനടിയിൽ നിന്നുമായിരുന്നു. ആഫ്രിക്കയിലെ പല ദരിദ്രരാജ്യങ്ങളിലും ഇന്നും തദ്ദേശീയരെ അടിമകളാക്കി ആയുധധാരികളായ അധോലോകസംഘം സ്വർണ്ണ ഖനനം നടത്തിക്കൊണ്ടിരിക്കുന്നു. നാമമാത്രമായ ഭക്ഷണവും ടെന്റുകളിൽ അനേകം ആൾക്കാരുടെയൊപ്പം താമസവും, യാതൊരു സുരക്ഷയുമില്ലാത്ത ജോലിയും ചെയ്ത് അവർ ജീവിക്കുന്നു.

നിയമവിരുദ്ധമായി സ്വർണഖനനം നടത്തുന്ന ആയിരക്കണക്കിന് ഗ്രാമങ്ങളും, അവിടെ പ്രാകൃതവും അപകടകരവുമായ രീതിയിൽ ജോലിചെയ്യുന്ന ലക്ഷക്കണക്കിന് നിരാലംബരും ആഫ്രിക്കയിൽ പലയിടത്തായിട്ടുണ്ട്. സ്വർണ്ണക്കടത്തൽ നടത്തുന്ന ഒരു പ്രാദേശിക നേതാവിൻറെ തോക്കിൻക്കുഴലിനു കീഴിലാണ് അവരുടെ ജീവിതം. മണിക്കൂറുകളോളം മണ്ണിനടിയിലെ ഗുഹകളിലും ജലാശയങ്ങളുടെ അടിത്തട്ടിലും മരണത്തോട് മുഖാമുഖം നോക്കിയുള്ള ജോലിക്കിടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യം പോലും തീരെ കുറവായിരിക്കും. ഇങ്ങനെ എന്നെ ഖനനം ചെയ്യുനതിനിടെ മണ്ണിനും നദികൾക്കും ഉൾപ്പടെയുള്ള പ്രകൃതി ചൂഷണം അതിലേറെ രൂക്ഷമാണ്.വനങ്ങൾ കയ്യേറി നശിപ്പിച്ചും ജലസ്രോതസ്സുകൾ മലിനമാക്കിയും സ്വാർഥരായി അവർ പലയിടത്തും എന്നെ തിരഞ്ഞു വരാറുണ്ട്.

മെർക്കുറിയിൽ അലിഞ്ഞ എന്നെ ചൂടാക്കുമ്പോൾ മെർക്കുറി ആദ്യം വാതകമായി പോവുകയും ഞാൻ മാത്രം അവശേഷിക്കുകയും ചെയ്യും.

ഈ മെർക്കുറിയും അതിൻറെ വാതകവും നാഡീസംബന്ധമായ രോഗങ്ങൾക്ക് കാരണവും തലച്ചോറിൻറെയും വൃക്കകളുടെയും പ്രവർത്തനത്തിനുവരെ ദോഷകരവുമാണെന്ന് വിശപ്പിൻറെ കാഠിന്യത്താലും, ജീവൻറെ നിലനിൽപ്പിനായുള്ള ആഗ്രഹാത്താലും അവർ മനപൂർവ്വം മറക്കുന്നു.

സ്വർണ്ണക്കടത്തുകാർ കുറച്ച് സ്വർണ്ണത്തെ അവരുടെ സാങ്കേതത്തിലേക്ക് കൊണ്ടുപോകും. പിന്നീട് കുറച്ചുനാൾ കഴിഞ്ഞ് ഞങ്ങളുടെ അളവ് വർധിച്ചപ്പോൾ അനധികൃതവും നിയമവിരുദ്ധവുമായ പല മാർഗ്ഗങ്ങളിലൂടെയും, ഉദ്യോഗസ്ഥരുടെ കണ്ണുവെട്ടിച്ചും, തിരിമറിനടത്തിയും, കൈക്കൂലി കൊടുത്തും എന്നെ അവർ സ്വിറ്റ്സർലെണ്ടിലെക്ക് കയറ്റിഅയച്ചു. അവിടെ പ്രമുഖമായ ഒരു കമ്പനി എന്നെയുൾപ്പെടെ കിലോക്കണക്കിന് സ്വർണ്ണം വാങ്ങി ശേഖരിച്ചു.

ഒരു നാൾ അവയെല്ലാം ചേർത്തുരുക്കി ഓരോ കിലോയുടെ കട്ടികളാക്കി മൈയ്ഡ് ഇൻ സ്വിറ്റ്സർലെണ്ട് എന്ന മുദ്ര ചാർത്തി, ലോകത്തിൻറെ പല ഭാഗത്തേക്ക് കയറ്റുമതി ചെയ്തു. സ്വിസ്സ് ഗോൾഡ് ലോക പ്രസിദ്ധമാണല്ലോ! എന്നാൽ കേവലം ഒരു സ്വർണ്ണഖനി പോലും ഇല്ലാത്ത ആ രാജ്യമാണ് ലോകത്തെ 70 നിയമവിരുദ്ധ സ്വർണ്ണത്തിൻറെ ഇടപാടുകാർ.

അവിടെ നിന്നും ഞാൻ എത്തപ്പെട്ടത് ദുബായിലാണ്. എൻറെ നിറമുള്ള മണലാരണ്യത്തിലെ എതോ ഒരു വ്യാപാരകേന്ദ്രത്തിൽ നിന്നും ഒരു പ്രവാസി എന്നെ അനധികൃതമായി വീണ്ടും കടത്തുകയുണ്ടായി. എന്നാൽ ഇത്തവണ ഞാൻ വന്നുപെട്ടത് ഈ കേരളത്തിലാണ്. മനുഷ്യന്റെ നവദ്വാരങ്ങളിൽ വരെ സ്വർണ്ണം ഒളിച്ചുകടത്താൻ വിദഗ്ദ്ധരായ, സങ്കൽപ്പിക്കുവാൻ പോലും സാധികാത്ത മാർഗ്ഗങ്ങളിലൂടെ സ്വർണ്ണം കടത്തി പണം സമ്പാദിക്കുവാൻ ശ്രമിക്കുന്ന ആൾക്കാരാണ് ഇത്തവണ എന്നെ ഇങ്ങോട്ട് എത്തിച്ചത്.

ഇവിടെ എത്തിയ ഞാൻ അറിയപ്പെടുന്ന ഒരു ജ്വല്ലറിയിൽ വിൽക്കപ്പെട്ടു. അവിടുത്തെ ജോലിക്കാർ പലവിധ പ്രക്രിയയിലൂടെ ഒരു നെക്ലേസിൻറെ രൂപത്തിലാക്കി അവരുടെ ചില്ലുകൂട്ടിൽ പ്രദർശിപ്പിച്ചു.

കുറച്ചുനാൾ അവിടെയിരുന്ന ശേഷമാണ് ഒരു സാധാരണക്കാരൻ മലയാളി അയാളുടെ മകളുടെ കല്യാണത്തിനായി എന്നെ വാങ്ങുന്നത്. ഒരായുസ്സ് മുഴുവൻ വിയർത്തും കഷ്ടപെട്ടും സമ്പാദിച്ച്, ബാക്കി കടം വാങ്ങിയ പൈസയുമായി അയാൾ എന്നെയും എൻറെ തന്നെ പല രൂപത്തെയും മേടിച്ച് ആ മകൾക്ക് അണിയുവാൻ നൽകി. പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്, ഞാൻ എങ്ങനെയാവും ഒരു അമൂല്യ വസ്തു ആയിട്ടുണ്ടാവുക?, എന്തിനാവും മനുഷ്യർക്ക് ഇത്ര വില കൊടുത്ത് എന്നെ വാങ്ങി സൂക്ഷിക്കുവാൻ തോന്നിയിട്ടുണ്ടാവുക

എൻറെ മറ്റു പല സഹോദരന്മാരായ ലോഹങ്ങളും ആക്രി കടയിലും മറ്റും കിടക്കുമ്പോൾ ഞാനാകട്ടെ മനുഷ്യന് കഴിയാവുന്നതിൽവച്ച് ഏറവും സുരക്ഷിത സ്ഥാനങ്ങളിലാണ്.

എന്നെ പൊന്നും വിലക്ക് വാങ്ങുന്ന മനുഷ്യരോ ഏതെങ്കിലും കുടുംബങ്ങളോ ആലോചിചിട്ടുണ്ടാവുമോ അവർ മൂലം, ദുരിതമനുഭവിക്കുന്ന ആഫ്രിക്കൻ പട്ടിണിരാജ്യങ്ങളിലെ ലക്ഷക്കണക്കിന് മനുഷ്യരെപ്പറ്റി. ഇവിടങ്ങളിൽ ഞാൻ അഭിമാനത്തിൻറെയും അന്തസ്സിൻറെയും ചിലപ്പോഴൊക്കെ അഹങ്കാരത്തിൻറെയും ചിഹ്നമാണ്. എന്നാൽ മറ്റൊരിടത്താകട്ടെ പട്ടിണിയുടെയും അടിമത്തത്തിൻറെയും ചൂഷണത്തിൻറെയും പിന്നെ പ്രകൃതിനശീകരണത്തിൻറെയും ചിഹ്നവും.

എന്തായലും ആ കല്യാണത്തിനു ശേഷം ഞാൻ ഒരു അലമാരയിൽ സുരക്ഷിതനാണ്. ഇടക്ക് ചില വിശേഷാവസരങ്ങളിൽ പുറത്ത് ഇറങ്ങാറുണ്ട്. ഒന്നോ രണ്ടോ ദിവസം മാത്രം. ബാക്കിയുള്ള സമയം പലതും ആലോചിച്ച് ഇവിടെ തന്നെ!

ഇന്നും എന്നെ കണ്ടെത്തുവാനായി പലരും പലയിടങ്ങളും നശിപ്പിക്കുന്നുണ്ടാവും, വനങ്ങൾ വെട്ടിനിരത്തുകയും, നദികൾ മാലിനമാക്കുകയും, കുന്നുകൾ ഇടിച്ചുനിരത്തുകയും ചെയ്യുന്നുണ്ടാവും. ഇടനിലക്കാരും കച്ചവടക്കാരും വേണ്ടുവോളം ലാഭം കൊയ്യുന്നുണ്ടാവും. പലരും ഇതൊന്നും ചിന്തിക്കാതെ രാപ്പകൽ അധ്വാനിച്ച പൈസയുമായി എന്നെ വാങ്ങുന്നുമുണ്ടാവും. ചില നേരം ഞാൻ എന്നിലേക്ക് തന്നെ നോക്കാറുണ്ട്. എന്നെ ഖനനം ചെയ്തെടുത്ത നിത്യപട്ടിണിക്കാരായ ഗ്രാമീണരുടെ കണ്ണീരിൻറെ പാടുകൾ മാഞ്ഞോ എന്നറിയാൻ ......! ഇല്ല ....! ഇന്നും അത് എന്നിൽ തന്നെ മായാതെ അവശേഷിക്കുന്നുണ്ട് .

**1. സ്വർണ്ണത്തിന്റെ നിർമ്മാണത്തിൽ ലോകത്തിലെ ആദ്യത്തെ 15 സ്ഥാനങ്ങളിൽ പോലും ഭാരതം ഇല്ലെങ്കിലും ഉപഭോഗത്തിൽ ലോകത്തിൽ രണ്ടാം സ്ഥാനത്താണ്.**

**2. ഭാരതത്തിൽ കേരളത്തിലാണ് ആളൊന്നുക്ക് ഏറവും കൂടുതൽ പണം സ്വർണ്ണം വാങ്ങാൻ ചിലവാക്കുന്നത്. രണ്ടാം സ്ഥാനത്തുള്ള ഗോവയെക്കാൾ 6 ഇരട്ടിയോളം കൂടുതൽ ആണിത്.**

# നാടോടുമ്പോൾ... ഭഗവാനും....

**അഡ്വ.വിജി.വി.നമ്പൂതിരി**
പുത്തൻപുര ഇല്ലം, കോഴിപ്പള്ളി,
കൂത്താട്ടുകുളം, 9400792678

ഉച്ചപ്പൂജ കഴിഞ്ഞ് നടയടച്ച് മേൽശാന്തി ശ്രീകോവിലിന്റെ പടിയിറങ്ങുമ്പോൾ ഉണ്ണി മുൻപേ ഓടിയിറങ്ങി. കൈയ്യിലെ ചെറുകിണ്ടിയിലെ വെള്ളം ചുറ്റും തളിച്ചാണ് ഓട്ടം. നമസ്കാര മണ്ഡപം ഒന്നു വലം വച്ച് ഗണപതി ശ്രീകോവിലിന്റെ കതക് തള്ളിത്തുറന്ന് ഉള്ളിലേക്കെത്തി നോക്കി.പായസ നിവേദ്യം കണ്ണടച്ചിരുന്ന കത്താക്കുന്ന വിഘ്നേശ്വരനെ തോണ്ടി വിളിച്ചു.

'വര്യാ, ഒരൂട്ടം കളിക്കാം.'

നിവേദ്യപ്പാത്രം നക്കിത്തുടച്ചെഴുന്നേറ്റ് ബദ്ധപ്പെട്ട് പടിയിറങ്ങി ഉണ്ണിക്കൊപ്പമെത്താൻ ക്ലേശിച്ചു ഗജാനനൻ.

നോക്കൂ, പുറത്തേക്കൊന്നും ഓടണ്ട രണ്ടാളും.കൂടിപ്പോയാ കൊടിമരം വരെ..... ട്ടോ.'

മേൽശാന്തി വര വരച്ചു.

കേട്ട ഭാവം വയ്ക്കാതെ രണ്ടാളും കൊടിമരച്ചോട്ടിലേക്കോടി. ഉച്ചക്കൊട്ട് കഴിഞ്ഞ് വഴിപാട് കൗണ്ടറിന്റെ പിന്നിലിരുന്ന് തോർത്തു വീശി വിയർപ്പാറ്റുന്ന രാഘവ മാരാരുടെ തോർത്ത് തട്ടിയെടുത്ത് ഊട്ടുപുരയ്ക്കുള്ളിലേക്കൂളിയിട്ട കണ്ണനെ ഓടാൻ വിട്ട് മാരാരുടെ അരികിൽ മൂലക്ക് ചാരി വച്ചിരിക്കുന്ന പഴക്കുലയ്ക്കരികിൽ വിസ്തരിച്ചിരുന്നു ഉമാസുതൻ, തുമ്പി നീട്ടി ഏറ്റവും അടിയിലെ പടല ഇരിഞ്ഞ് ഭിത്തിയിൽ ചാരി ,മാരാരുടെ മുഖത്തേക്കൊന്നു പാളി നോക്കി, പടലയിൽ നിന്ന് ഉള്ളതിൽ ചെറുത് ഒരെണ്ണം എടുത്തു നീട്ടി.

' വേണ്ടാ, ഉണ്ണി കഴ്ച്ചോളൂ.'

മാരാരെ ദീപാരാധന സമയത്ത് സമൃദ്ധമായി ഒന്നനുഗ്രഹിക്കണംന്ന് നിശ്ചയിച്ചു പാർവതി നന്ദനൻ.

മാരാരുടെ തോർത്ത് പാറാവുകാരൻ രാമചന്ദ്രന്റെ തോളിലിട്ട് പകരം അയാളുടെ വടി കൈക്കലാക്കി, പ്രദക്ഷിണവഴിയിൽ കിടന്ന അഞ്ചു രൂപയെടുത്ത് മാരാരുടെ കയ്യിൽ വച്ചു കൊടുത്ത് കണ്ണൻ നിന്നു കിതച്ചു.

'കണ്ണാ എട്ത്തൂ ഇനീം ഒരാള്?'

മാരാർ ചോദിച്ചതേ കണ്ണൻ തെക്കേ മുറ്റത്തേക്കോടി ,പുറകെ പഴക്കുലയും തൂക്കി ,ആടിയാടി ഗജമുഖനും.

അയ്യപ്പന്റെ നടയിലെ കവര വിളക്ക് തട്ടിമറിച്ച് നടവാതിൽ തള്ളിത്തുറക്കാനാഞ്ഞ കണ്ണനെ ഒരു കയ്യാൽ തൂക്കിയെടുത്ത് തെക്കേ നടയിലിരുത്തി മേൽശാന്തി.

' അതിനെ വിളിച്ചുണർത്തണ്ട. അതിനു തീരെ വയ്യ .'

'ന്തേ .....ന്തു പറ്റീ അയ്യപ്പന്?'

'രാവിലെ അഭിഷേകം കഴിഞ്ഞപ്പോ രണ്ടുവട്ടം ഛർദ്ദിച്ചിരിക്കണു.നേദ്യം തൊട്ടു നോക്കീട്ടില്ല.'

' പുളിയാറിലയിട്ടു കാച്ചിയ മോര് കൊടുക്കാർന്നില്ലേ മേശാന്തീ? '

പഴക്കുലയുമായ് വന്ന ഗണേശനും പടിയിലിരുന്നു.

'ഉവ്വ്, ശ്ശി നിർബ്ബന്ധിച്ച് കുടിപ്പിച്ചു. '

'മിച്ച ണ്ടാവോ കാച്ച് മോര്?'

'ന്തേയ് ?''

' അത്താഴത്തിന് നിക്കുള്ള നേദ്യത്തിൽ ത്തിരി ഒഴിച്ചോളൂ'

മേൽശാന്തി ആനത്തലയിൽ തലോടി.

രണ്ടാളും ഇവിടെത്തന്നെയിരുന്ന് കളിച്ചോളൂ. പൊഴേലിക്കൊന്നും പോവരുത്. തിടപ്പള്ളി വരെ പോയിട്ടു വരാം ട്ടോ.'

# നാഗമാണിക്യം

ടി.ജെ ഉണ്ണികൃഷ്ണൻ
തോട്ടത്തിൽ ഇല്ലം ഓച്ചിറ
7907931775

മുത്ത് , മാണിക്യം, വൈഡൂര്യം, ഗോമേദകം , മരതകം , വജ്രം , പവിഴം , പത്മരാഗം , നീലം എന്നിവയാണ് നവരത്നങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്.

മുക്താ മാണിക്യ വൈഡൂര്യ
ഗോമേദാ വജ്രവിദ്രുമൗ
പത്മരാഗോ മരതകം
നീലശ്ചേതി യഥാക്രമം .

എന്ന് പ്രമാണം.

നവരത്നങ്ങളിലെ മാണിക്യം ഒരു ചുവന്ന കല്ലാണ്. റൂബി എന്ന പദം കൊണ്ടാണ് ഇംഗ്ലീഷുകാർ ഇതിനെ കുറിക്കുന്നത്. മാണിക്യക്കല്ലിനെ സർപ്പ മണി, സർപ്പ ഫണിജം എന്നീ വാക്കുകൾ കൊണ്ടും സൂചിപ്പിച്ച് കാണുന്നുണ്ട്. നാഗരത്നം വിലയേറിയ ഒരു കല്ലാണെന്നും ഇത് നല്ല നാഗങ്ങളുടെ ഫണത്തിൽ ഇരിപ്പുള്ളതായി സങ്കൽപ്പിക്കുന്നുണ്ടെന്നും ശബ്ദതാരാവലിയിൽ കാണുന്നു.

അഷ്ടനാഗങ്ങൾ എന്ന് പുകഴ്പെറ്റ വാസുകി , തക്ഷകൻ , കാർക്കോടകൻ , ശംഖപാലൻ , ഗുളികൻ , പത്മൻ , മഹാപത്മൻ , അനന്തൻ എന്നിവ മണിനാഗങ്ങൾ ആയിരുന്നുവത്രേ .

അഷ്ടനാഗങ്ങളിൽ പ്രധാനിയായിരുന്ന അനന്തൻ തന്റെ ശിരോ രത്നങ്ങൾ കൊണ്ട് സകല ദിക്കുകളേയും പ്രകാശിപ്പിച്ചിരുന്നു എന്ന് പുരാണങ്ങളിൽ പരാമർശമുണ്ട് .

പക്ഷി രാജാവായ ഗരുഡനേയും ജഡായുവിനേയും ഒരിക്കൽ നാഗലോകാധിപതിയായ വാസുകി ഒരു ഘോരയുദ്ധത്തിൽ തോൽപ്പിച്ച് അവരെ കൊണ്ടുപോയി തടവറയിലാക്കി . ഈ സംഭവം അറിഞ്ഞ് ഗണപതി നാഗലോകത്തെത്തി വാസുകിയുമായി ഏറ്റുമുട്ടി . മൽപ്പിടുത്തത്തിനിടയിൽ ഗണപതി ഒറ്റ ചാട്ടത്തിന് വാസുകിയുടെ തലയിലെ രത്നം പറിച്ചെടുത്തു . അതോടെ നാഗലോകത്ത് ഇരുട്ട് പരന്നു . തോൽവി സമ്മതിച്ച വാസുകി ഗരുഡ നേയും ജഡായുവിനേയും മോചിപ്പിച്ചു എന്ന ഒരു കഥയും നാഗമാണിക്യവുമായി ബന്ധപ്പെട്ട് ഗണപതി പുരാണത്തിൽ കാണുന്നുണ്ട് .

അതലം, വിതലം, സുതലം, തലാതലം, മഹാതലം, രസാതലം, പാതാളം എന്നീ ലോകങ്ങളെപ്പറ്റിയുള്ള വിവരണങ്ങളിൽ പാതാള ലോകത്ത് എപ്പോഴും പ്രകാശമുണ്ട് എന്ന് പറഞ്ഞിരിക്കുന്നു .

**മുൻപേജിൽ നിന്ന്....**

മേൽ ശാന്തിയുടെ കോണകം വാൽ മറഞ്ഞ പിറകെ രണ്ടാളും സർപ്പത്തിങ്കലേക്കോടി.സർപ്പങ്ങൾ മയക്കത്തിലാണ്. നാഗയക്ഷിയുടെ പ്രതിഷ്ഠയ്ക്ക് മുമ്പിൽ മഴവെള്ളം ചുവന്നു കിടക്കുന്നു. പൂജപ്പാലയുടെ ഇലകൾ പറിച്ചെടുത്ത് അതിൽ ഓരോ കൂനനുറുമ്പുകളെ ഇരുത്തി, മഴവെള്ളപ്പുഴ കടത്തിവിടാനാരംഭിച്ചു രണ്ടാളും.

‘ നോക്കൂ കണ്ണാ കൊടിമര ച്ചോട്ടില് നിന്ന് തൊഴണ ഭക്തർക്കൊക്കെയെന്താ മുഖത്തൊരു കഷ്ണം തുണി?‘

‘ആവൂ, ശരിയാട്ടോ.ന്താ ല്ലാർക്കും പറ്റിയേ?‘ ചോദിക്ക്യന്നെ.

‘മേശാന്തീ, ന്താ ല്ലാർടേം മുഖത്ത് ഒരു തുണി? പറയ് മേശാന്തീ.‘

അത് മാസ്ക്കാണ് ഉണ്ണികളേ .മുഖാവരണം. നാടു നീളെ പകർച്ചവ്യാധിയല്ലേ? പകരാണ്ടിരിക്കാൻ .ഇവിടന്നിറങ്ങിയാൽ എനിക്കും വേണം മാസ്ക്ക്.‘

അതെയോ? അപ്പോ ഞങ്ങൾക്കും വേണം മാസ്ക്ക്. ഇന്നന്നെ വേണം. പല നിറത്തില് പുള്ളിയുള്ളത്.

നാരായണ! ഈശ്വരൻമാർക്ക് മാസ്ക്കോ?‘

‘ഞങ്ങൾ കുട്ടികളല്ലേ മേ ശാന്തീ, ഞങ്ങൾക്ക് പകർച്ചവ്യാധി പിടിച്ചാലോ? മാസ്ക്ക് കെട്ടിയിട്ടേ ഞാനിന്ന് ദീപാരാധനക്ക് കയറൂ.‘

കണ്ണൻ തറപ്പിച്ച് പറഞ്ഞു.

ലേഡീസ് സ്റ്റോറിൽ നിന്നും രണ്ട് പുള്ളിമാസ്ക്കുകൾ വാങ്ങി വരുമ്പോൾ മേൽ ശാന്തിയുടെ തലച്ചോറിൽ വെള്ളിടി വെട്ടി. വായും മൂക്കും തമ്മിൽ കുറഞ്ഞത് ഒരടി ദൂരവ്യത്യാസമുള്ള ആ മുഖത്ത് രണ്ട് സാധ്യത ഉള്ളിൽക്കണ്ട് തിരികെ ലേഡീസ് സ്റ്റോറി ലേക്ക് കയറി.നാളെ വ്യാഴാഴ്ചയാണ്.ചന്ദനം ചാർത്തുണ്ട്. കണ്ണാ ഉണ്ണിക്കണ്ണാ , ഞാനെന്തു ചെയ്യേണ്ടൂ??

വാസുകി തുടങ്ങിയ നാഗലോകാധിപന്മാരുടെ തലയിലെ രത്നങ്ങൾ പ്രകാശിക്കുന്നത് കൊണ്ടാണത്രേ ഇങ്ങനെ സംഭവിക്കുന്നത് .

നാഗമാണിക്യം എന്നത് നാഗങ്ങളുടെ തലയിലിരിക്കുന്നതും എപ്പോഴും പ്രകാശിക്കുന്നതും രത്ന സമാനവുമായ എന്തോ ആണെന്നാണ് മേൽ പുരാണ പരാമർശങ്ങളിൽ നിന്നും നമുക്ക് മനസ്സിലാവുന്നത് .

നാഗമാണിക്യവുമായി ബന്ധപ്പെട്ട ചില കഥകൾ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലും കാണുന്നുണ്ട് .

പണ്ട് പാമ്പുമ്മേക്കാട്ടെ ഒരു നമ്പൂരി അസമയത്ത് തിരുവഞ്ചിക്കുളത്തെ തീർത്ഥക്കുളത്തിൽ വെള്ളമെടുക്കാൻ എത്തി . അപ്പോൾ തേജസ്വിയായ ഒരാൾ അവിടെ കുളിക്കുന്നതായി കണ്ടു . അയാളുടെ കയ്യിൽ തീക്കട്ട പോലെ തിളങ്ങുന്ന എന്തോ ഒരു സാധനം ഇരിക്കുന്നതായി കണ്ട നമ്പൂരി അതിശയത്തോടെ അതെന്താണെന്ന് അന്വേഷിച്ചു .

ഇതൊരു മാണിക്യ കല്ലാണെന്നും തിരിച്ച് തരാമെന്ന് ഉറപ്പ് പറഞ്ഞാൽ അങ്ങയുടെ കയ്യിൽ ഇത് കാണാനായി തരാമെന്നും ആ തേജസ്വി പറഞ്ഞപ്പോൾ നമ്പൂരി കൗതുകത്തോടെ ആ മാണിക്യം വാങ്ങി . തുടർന്ന് തേജസ്വി കുളിക്കാനായി ഇറങ്ങി .

അസാധാരണ പ്രകാശത്തിൽ തിളങ്ങുന്ന ആ മാണിക്യത്തെ കൊടുങ്ങല്ലൂർ കോവിലകത്തെ തമ്പുരാനെ ഒന്ന് കാണിച്ചാലോ എന്നാലോചിച്ച് നമ്പൂരി അതുമായി കോവിലകത്തെത്തി . രത്നം കണ്ട തമ്പുരാൻ വല്ലാതെ അതിശയിച്ചു . എത്ര വിലയായാലും അത് തനിക്ക് തരണമെന്ന് അദ്ദേഹം അപേക്ഷിച്ചു .

എന്നാൽ തമ്പുരാന് മാണിക്യം നൽകിയാൽ സത്യ ഭംഗം വരും എന്നതിനാൽ അതും വാങ്ങി നമ്പൂരി കുളക്കടവിലെത്തി ആ തേജസ്വിക്ക് തന്നെ രത്നം മടക്കി നൽകി .

തുടർന്ന് താൻ നാഗരാജാവായ വാസുകിയാണെന്നും ഇല്ലത്ത് ഇനിമേൽ തന്റെ സാന്നിധ്യമുണ്ടാകുമെന്നും ആ തേജസ്വി നമ്പൂരിയെ അറിയിച്ച് അനുഗ്രഹിച്ചു . ഒരു ചെറിയ പാമ്പിന്റെ രൂപത്തിൽ നമ്പൂരിയോടൊപ്പം ഇല്ലത്തെത്തിയ വാസുകി നമ്പൂരിക്ക് നാഗമാണിക്യം നൽകിയെന്നും ഐതിഹ്യം പറയുന്നു .

ആലത്തൂർ നമ്പിയെന്ന അഷ്ടവൈദ്യൻ ഒരിക്കൽ പാമ്പുമ്മേക്കാട്ട് മനയിൽ ചികിത്സയ്ക്കായി ചെന്നപ്പോൾ ഉഗ്രരൂപിയായ ഒരു സർപ്പത്തിന്റെ തലയിൽ കൊണ്ട മുള്ള് മാറ്റി അതിനേയും ചികിത്സിച്ച് ഭേദമാക്കിയെന്നും പ്രത്യുപകാരമായി ആ നമ്പിക്ക് സർപ്പം നാഗമാണിക്യം നൽകിയെന്നുമുള്ള മറ്റൊരു കഥയും ഐതിഹ്യമാലയിൽ ഉണ്ട് .

നാഗാരാധന നടത്തിവരുന്ന പാമ്പുമേക്കാട്ട് , മണ്ണാർശാല , വെട്ടിക്കോട്ട് എന്നീ ഇല്ലങ്ങളിലെ നിലവറകളിൽ നാഗമാണിക്യം ഉണ്ടെന്ന വിശ്വാസം അതത് ഇല്ലക്കാർ വച്ച് പുലർത്തുന്നുണ്ട് .

നാഗമാണിക്യത്തെപ്പറ്റി ഇങ്ങനെ പല പുരാണ കഥകളും ഐതിഹ്യ കഥകളുമൊക്കെയുണ്ടെങ്കിലും നാഗ മാണിക്യം കണ്ടിട്ടുള്ളവർ ആരുമില്ല . അതുപോലെ തന്നെ പ്രകാശിക്കുന്ന മാണിക്യം തലയിലുള്ള നാഗങ്ങളേയും ആരും കണ്ടിട്ടില്ല . ആധുനിക ജന്തുശാസ്ത്രത്തിന് ഇങ്ങനെയുള്ള സർപ്പങ്ങൾ ഉളതായി യാതൊരറിവുമില്ല .

എന്നാൽ ഇപ്പോഴും ഭാരതത്തിന്റെ പല ഭാഗത്തുമുള്ളവർ നാഗമാണിക്യം എന്ന ഒരു രത്നം ഉള്ളതായി വിശ്വസിക്കുന്നുണ്ട് .

പുരാണ കഥകളിലും ഐതിഹ്യ കഥകളിലും നാടോടിക്കഥകളിലുമൊക്കെ പരാമർശിക്കുന്ന മാണിക്യ ധാരികളായ നാഗങ്ങൾ ഇന്ത്യക്കാരന്റെ വന്യമായ ഭാവനയിൽ ഉദിച്ച വെറും കഥകൾ മാത്രമായിരിക്കുമോ ?

ഏതെങ്കിലും കാലത്ത് മാണിക്യ ധാരികളായ സർപ്പങ്ങൾ ഭൂമുഖത്ത് അധിവസിച്ചിരുന്നുവോ ?

ഏറെ കൗതുകമുണർത്തുന്ന ചോദ്യങ്ങളാണിവ . ഈ സമയത്ത് ഇത് സംബന്ധിച്ച് ചില വസ്തുതകൾ നാം പരിശോധിക്കേണ്ടതായിട്ടുണ്ട് .

ഉദ്ദേശം 2500 വർഷങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ടത് എന്ന് വിശ്വസിക്കുന്ന 'വേദാംഗ ജ്യോതിഷം' എന്ന ജ്യോതിശാസ്ത്ര സംബന്ധിയായ ഗ്രന്ഥത്തിൽ ഗണിതത്തിന്റെ പ്രാധാന്യം കാണിക്കാനായി കൊടുത്തിരിക്കുന്ന ശ്ലോകം ശ്രദ്ധിക്കുക .

' യഥാ ശിഖാ മയൂരാണാം
നാഗാനം മണയോ യഥാ
തദ്വദ് വേദാംഗ ശാസ്ത്രാണാം
ഗണിതം മൂർദ്ധനി സ്ഥിതം '

അതായത് മയിലുകൾക്ക് തലയിലെ ശിഖ പോലെയും നാഗങ്ങൾക്ക് തലയിലെ രത്നങ്ങൾ പോലെയും എല്ലാ വിജ്ഞാനങ്ങളുടേയും മൂർധാവിലാണ് ഗണിതത്തിന്റെ സ്ഥാനം എന്നാണ് മേൽ ശ്ലോകം പറയുന്നത് .

ഒരു ശാസ്ത്ര ഗ്രന്ഥത്തിൽ സാങ്കൽപിക ബിംബങ്ങളെ കൊണ്ടുവന്ന് ഉദാഹരണം നൽകേണ്ട ആവശ്യമില്ല . കാരണം വിഷയം ശാസ്ത്രമാണെന്ന വസ്തുത തന്നെ .

ഇതൊരു സാമാന്യ യുക്തിയാണ് .

ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നത് പോലെ മയൂരങ്ങളുടെ ശിരസ്സിൽ ശിഖയുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണെന്ന് നമുക്കറിയാം . അപ്പോൾ ഗണിതത്തെപ്പറ്റി പറഞ്ഞിരിക്കുന്ന രണ്ടാമത്തെ വിശേഷണവും സത്യമാകാതെ തരമില്ല .

രത്നസമാനമായ എന്തോ തലയിൽ ഉള്ള സർപ്പങ്ങൾ അന്ന് ഉണ്ടായിരുന്നത് കൊണ്ടാവാം വേദാംഗ ജ്യോതിഷത്തിൽ ഇങ്ങനെയുള്ള ഒരു പരാമർശം ഉണ്ടായതെന്ന് നമുക്ക് ന്യായമായും സംശയിക്കാം .

രാമായണത്തിൽ പറഞ്ഞിരിക്കുന്ന രാമസേതു ഹിന്ദുക്കളുടെ വന്യമായ ഭാവന മാത്രമായിരുന്നു എന്ന് പറഞ്ഞ് നമ്മെ പലരും പരിഹസിച്ചിട്ടുണ്ട്. നാസയുടെ കണ്ടെത്തലോടെ രാമസേതു ഒരിക്കൽ ഒരു യാഥാർത്ഥ്യമായിരുന്നു എന്ന് ഇപ്പോൾ നാം തിരിച്ചറിയുന്നുണ്ട് .

ആനകളുടെ പതിന്മടങ്ങ് വലിപ്പമുള്ള ഭീമാകാരന്മാരായ ധാരാളം ജീവജാലങ്ങൾ ഭൂമുഖത്ത് ഒരിക്കൽ ഉണ്ടായിരുന്നു എന്നും അവയൊക്കെ വംശനാശം വന്ന് അപ്രത്യക്ഷമായി എന്നും നമുക്കിപ്പോൾ അറിയാം .

അത് പോലെ വംശനാശം വന്ന് ഭൂമുഖത്ത് നിന്നും അപ്രത്യക്ഷമായ എത്രയോ ജീവികളെക്കുറിച്ച് ശാസ്ത്രം ഇപ്പോൾ ചർച്ച ചെയ്യുന്നു .

രണ്ടോ മൂന്നോ ദശാബ്ദങ്ങൾക്ക് മുമ്പ് വിഷുവിന്റെ വരവറിയിച്ച് നമ്മുടെ തൊടികളിൽ 'വിത്തും കൈക്കോട്ടും' .... എന്ന് പാടി വന്നിരുന്ന വിഷുപ്പക്ഷിയെ ഇപ്പോൾ കാണാനേയില്ല . പഴയ തലമുറ ഇപ്പോഴും വിഷു വരുമ്പോൾ വിഷുപ്പക്ഷിയുടെ പാട്ട് കേൾക്കാൻ കാതോർക്കാറുണ്ട് .

ഒരു പക്ഷേ നാളെ വിഷുപ്പക്ഷികളും ഭൂമുഖത്ത് നിന്നും അപ്രത്യക്ഷമായി എന്ന വാർത്ത നമുക്ക് കേൾക്കേണ്ടി വന്നേക്കാം .

നാഗമാണിക്യം അമൂല്യമായ രത്നമാണെന്നും പലരോഗങ്ങളേയും അതിന് ശമിപ്പിക്കാൻ കഴിവുണ്ടെന്നും അത് ഭവനത്തിൽ സൂക്ഷിച്ചാൽ ഐശ്വര്യം ഉണ്ടാകുമെന്നും പണ്ട് ആൾക്കാർ വിശ്വസിച്ചിരുന്നതായി കഥകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം .

അത്ഭുത സിദ്ധിയുള്ളതും വിശിഷ്ടങ്ങളുമായ കാര്യങ്ങൾ സ്വന്തമാക്കാൻ മനുഷ്യർ എക്കാലത്തും താൽപര്യം കാട്ടിയിട്ടുണ്ട് . സർപ്പ ജന്യമായ ഇങ്ങനെ വിശേഷപ്പെട്ട ഒരു സാധനം ഉണ്ടായിരുന്നു എങ്കിൽ അത്യാഗ്രഹികളായ മനുഷ്യർ മണിധാരികളായ നാഗങ്ങളെ കൊന്ന് അത് അപഹരിച്ചിട്ടുണ്ടാകാനുള്ള സാധ്യത ഏറെയാണ് . യാതൊരു തത്വദീക്ഷയുമില്ലാതെയുള്ള വേട്ടയാടലാകാം ഇത്തരം നാഗങ്ങളുടെ വംശനാശത്തിന് കളമൊരുക്കിയത് .

മൂല്യവത്തായ ആനക്കൊമ്പിന് വേണ്ടി ആനകളെ മനുഷ്യർ കൂട്ടത്തോടെ കൊന്നൊടുക്കി തുടങ്ങിയപ്പോഴല്ലേ അത് തടയാനുള്ള നിയമം ഉണ്ടായത് . വന്യജീവി സംരക്ഷണ നിയമം ഉള്ളത് കൊണ്ട് മാത്രമാണ് ഇന്ന് ഇന്ത്യയിൽ പല ജീവികളും വംശനാശം വരാതെയിരിക്കുന്നത് .

ഈ ഭൂമുഖത്ത് ആയിരക്കണക്കിന് ജീവജാലങ്ങളുണ്ട് . അവയുടെയൊന്നും തലയിൽ മാണിക്യമിരിക്കുന്നതായി സങ്കൽപിച്ചുള്ള പുരാണ കഥകൾ കാണുന്നില്ല . വയറ്റിൽ ലൈറ്റ് കത്തിക്കുന്ന മിന്നാമിനുങ്ങും , വെയിലിൽ വെട്ടിത്തിളങ്ങുന്ന വെള്ളി പൊട്ട് തലയിലുള്ള ചുട്ടിപ്പൂശനും , വിലപ്പെട്ട കസ്തൂരി നമുക്ക് തരുന്ന കസ്തൂരിമാനുമാക്കെ നമ്മെ വിസ്മയിപ്പിക്കുന്ന ജീവികളാണ് .

അപ്പോൾ തലയിൽ വെള്ളിവെളിച്ചം പരത്തുന്ന മാണിക്യ സമാനമായ ഒരു ഭാഗത്തോട് കൂടിയ നാഗങ്ങൾ ഒരിക്കൽ ഭൂമുഖത്ത് ഉണ്ടായിരുന്നു എന്ന് വിശ്വസിക്കുന്നതിൽ യാതൊരു അപാകതയുമില്ല . മറിച്ച് അത് യുക്തിസഹമായ ഒരു നിരീക്ഷണമായി കാണാം എന്നുള്ളതാണ് വസ്തുത .
അതെ , അത്യാഗ്രഹിയായ മനുഷ്യന്റെ നിരന്തരമായ വേട്ടയാടലിൽ അന്യം നിന്നുപോയ ഒരു ജീവി തന്നെയായിരുന്നു മണിധാരികളായ നാഗങ്ങൾ . അല്ലെങ്കിൽ ഇവയെക്കുറിച്ച് ഇത്രയധികം ഐതിഹ്യകഥകളും പുരാണ കഥകളുമുണ്ടാകാൻ യാതൊരു സാധ്യതയുമില്ല .

# നഷ്ട വസന്തം

എൻ.കെ.നമ്പൂതിരി
ചിറമംഗലത്തില്ലം, ആനിക്കാട്
മൊബൈൽ : 9446381061

ഓർമ്മതൻ മാറാപ്പുതുത്തുതുടയ്ക്കുമ്പോൾ
ഓർമ്മിയ്ക്കാനൊത്തിരി ഓർമ്മകളും
ബാല്യസൗഭാഗ്യ സുദിനസ്മരണകൾ
എന്നുമെൻ ഓർമ്മയിൽ തങ്ങിനിൽക്കും
കഷ്ടദുഃഖങ്ങളാലെൻമനം തേങ്ങുമ്പോൾ
തെല്ലൊരാശ്വാസമേകുന്നു ബാല്യസ്മരണകൾ
ഓർമ്മതന്നോളങ്ങളോടിയെത്തുമ്പോ
ളോരോരോ ചിന്തകൾ ഓർത്തുവെയ്ക്കും.
അമ്മതൻചാരത്ത് അമ്മിഞ്ഞിപ്പാലിനായ്
രോദനംചെയ്തു ശഠിച്ചിടുമ്പോൾ
അമ്മതൻ വാത്സല്യപ്പാലമൃതാസ്വദി–
ച്ചെൻമനമാനന്ദം കൊണ്ടിരുന്നു.
അച്ഛനുമൊത്തെന്നും മുറ്റത്തുവാശിയിൽ
ആനകളിച്ചു രസിച്ചിടുമ്പോൾ
ആനപ്പുറത്തുന്ന് താഴത്തു വീണുട–
നുച്ചത്തിൽ നിന്ന് കരഞ്ഞിടുമ്പോൾ
അമ്പിളിമാമ്മനെ കാട്ടിത്തരാമെന്നു
ഇളയച്ഛന്റെ വാത്സല്യ സാന്ത്വനവും
എല്ലാമെന്നോർമ്മയിലോടിയെത്തു
മ്പൊഴോ വല്ലാതെ നീറിപുകഞ്ഞിടുന്നു
അക്ഷരംചൊല്ലി പഠിപ്പിക്കുമാശാന്റെ
ചാരത്തുചെന്നങ്ങിരിന്നിടുമ്പോൾ
പാഠങ്ങൾ ഒന്നും പഠിക്കാതെ കിട്ടിയ
ചൂരൽക്കഷായവും ശാസനയും.

മുറ്റത്തുപൂക്കളം തീർക്കും പുലരിയിൽ
കൂട്ടുകാരൊത്തുകളിച്ചിടുമ്പോൾ
മത്സരച്ചൂടേറ്റു തങ്ങളിൽത്തങ്ങളിൽ
വാക്കേറ്റവും പിന്നെ സൗഹൃദവും.
ക്ഷേത്രക്കുളത്തിലെ നീന്തൽ കുളികളും
അമ്പലമുറ്റത്തെ മത്സരക്കളികളും
സന്ധ്യയ്ക്കു ക്ഷേത്രത്തിൽ നിന്നുയർന്നീടുമാ
ശംഖിൻനിനാദവുമെത്ര മനോഹരം.
വിദ്യാലയത്തിൻ പടവുകൾ കേറുമ്പോൾ
ഉള്ളിൽ തുളുമ്പുന്നൊരാഹ്ളാദവും
പൊയ്പ്പോയ കാലത്തെ സുന്ദര സ്മരണയും
ഇന്നെന്റെ ദുഃഖങ്ങൾക്കാശ്വാസമാം
ബാല്യകൗമാര സ്വപ്നങ്ങൾ പൂവിട്ട
വിദ്യാലയത്തിലെ സൗഭാഗ്യനാളുകൾ
എല്ലാമെന്നോർമ്മയിലോടിക്കളിയ്ക്കു
മ്പോളെങ്ങനെ മായ്ക്കുമെൻ മാനസവേദന.
നഷ്ടബാല്യങ്ങൾ തിരിച്ചിനി വന്നിടാ
ഭാവിയിലെന്നുള്ള സത്യമറിയുമ്പോൾ
ഒന്നിനി വന്നെങ്കിലാബാല്യകാലങ്ങ–
ളെന്നുഞ്ഞാനാശിച്ചു പോയിടുന്നു.


ജീവാത്മാവെന്നും പരമാത്മാവെന്നതുമോർക്കിൽ
കേവലം പര്യായ ശബ്ദങ്ങളെന്നറിഞ്ഞാലും

ജീവിതാനുഭവം

# അമ്മയുടെ ദൈവീക കരസ്പർശം

കെ.വി. നാരായണൻ നമ്പൂതിരി
മണിമല ശാഖാപ്രസിഡന്റ്, കാരടിയിൽ ഇല്ലം, തമ്പലക്കാട് പി.ഒ. 686 506

ഇടുക്കി അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്ന കാലഘട്ടം. ഇടുക്കിയിൽ അണകെട്ടി കുളമാവിൽ നിന്നും നാടുകാണി വഴി ഭൂഗർഭ ടണൽ നിർമ്മിച്ച് ജലം മൂലമറ്റം പവ്വർഹൗസിൽ സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററിൽ എത്തിച്ചാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. ടണൽ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗം സർവ്വേ ചെയ്യുകയാണ് ആദ്യ നടപടി. മൂലമറ്റത്തുനിന്നും പടിഞ്ഞാറോട്ടും കുളമാവിൽ നിന്ന് കിഴക്കോട്ടും ഏതാണ്ട് 20 അടി വ്യാസത്തിൽ പാറ തുരന്ന് നാടുകാണിയിൽ കൂട്ടിമുട്ടിക്കുന്നു. ഈ ടണൽ വഴി പൈപ്പ് ഉറപ്പിച്ചിട്ടാണ് വെള്ളം കൊണ്ടുവരുന്നത്.

എന്റെ അഫൻ മൂലമറ്റം കെ.എസ്.ഇ.ബി. സർക്യൂട്ട് ഹൗസിലെ കെയർടേക്കർ ആയിരുന്നു. ആ വഴിയിൽ എനിക്കും സർവ്വേ ജോലിയിൽ അവസരം ലഭിച്ചു. രാവിലെ 7 മണിയ്ക്ക് ജോലിയ്ക്ക് പോകാൻ തയ്യാറായി നിശ്ചിത സ്ഥലത്ത് എത്തണം. അപ്പോഴേയ്ക്കും എൻജിനീയർമാരും മറ്റ് ജോലിക്കാരും ജീപ്പുമായി വരും. സർവ്വേയ്ക്ക് വേണ്ട ഉപകരണങ്ങൾ മേലുദ്യോഗസ്ഥരുടെ ഭക്ഷണസാധനങ്ങൾ എന്നിവ കയറ്റി ജോലി സ്ഥലത്തേയ്ക്ക്. കുത്തനെയുള്ള മലകളാണ്. ജീപ്പ് ജോലിസ്ഥലം വരെ എത്തുകയില്ല . അതുകഴിഞ്ഞ് ചുമടായി ഈ സാധനങ്ങൾ എത്തിയ്ക്കണം.

ജീവനക്കാർക്ക് താമസിക്കുന്നതിന് ഗ്രേഡ് അനുസരിച്ച് ക്വാർട്ടേഴ്സ് പണിതിട്ടുണ്ട്. എനിക്ക് ഒരു ക്വാർട്ടേഴ്സിന്റെ ഒരു മുറിയും അടുക്കളയും ഏർപ്പാടാക്കി തന്നിട്ടുണ്ട്. ഒരു കാര്യം അഫൻ എന്നോട് പ്രത്യേകം നിർദ്ദേശിച്ചു. ഇനി നമ്മൾ തമ്മിൽ ഇവിടെ യാതൊരു ബന്ധവും ഇല്ല. കാര്യങ്ങൾ നീ നോക്കിക്കോണം. രാവിലെ എഴുന്നേറ്റ് ഹീറ്ററിൽ കടുങ്കാപ്പി തിളപ്പിച്ച് കപ്പയും കഴിച്ചിട്ട് ജോലിക്ക് പോകും. മലകയറി സർവ്വേ ജോലികൾ എല്ലാം കഴിയുമ്പോൾ രാത്രി 7 മണി ആകും. ക്വാർട്ടേഴ്സിൽ വന്ന് തളർന്ന് ഉറങ്ങിപ്പോകും. ചിലപ്പോൾ പച്ചരി വറ്റിച്ച് മുളകും കടിച്ച് വിശപ്പടക്കും. ദിവസവേതനക്കാരനായിട്ടാണ് എന്നെ എടുത്തിരിക്കുന്നത്. ജോലി കളഞ്ഞിട്ട് പോന്നാൽ അതിനേക്കാൾ വലിയ പട്ടിണിയാണ് ഇല്ലത്ത്. ജോലിയോടൊപ്പം അഫന് പശു വളർത്തലും ഉണ്ട്. പശുവിന് കൊടുക്കാൻ സർക്യൂട്ട് ഹൗസിൽ നിന്നും കാടിവെള്ളം എടുത്ത് കൊണ്ടുവരും. ദോശയും ഇഡ്ഢലിയും ഏത്തപ്പഴം പുഴുങ്ങിയതും കാടിവെള്ളത്തിൽ പൊങ്ങിക്കിടക്കും. പശുവിന്റെ ഭാഗ്യവും എന്റെ നിർഭാഗ്യവും ഓർത്ത് പലപ്പോഴും സങ്കടപ്പെടാറുണ്ടായിരുന്നു. അന്നൊക്കെ അഫനോട് വൈരാഗ്യവും ദേഷ്യവും തോന്നിയിട്ടുണ്ട്. കാലംകടന്നു പോയപ്പോൾ അതിനൊക്കെ മനസ്സുകൊണ്ട് മാപ്പിരുന്ന് പ്രായശ്ചിത്തം ചെയ്തിട്ടുണ്ട്. എനിക്കും ജീവിക്കണമെന്ന് ഒരു വാശി ഉണ്ടാക്കുന്നതിനുള്ള ഫീസില്ലാത്ത ക്ലാസ്സായിരുന്നു അത്.

സർവ്വേ ജോലികൾ തീർന്നപ്പോൾ ഞാൻ വീണ്ടും തൊഴിൽ രഹിതനായി. സർവ്വേയിലുണ്ടായിരുന്ന ഒരു എൻജിനീയറുടെ ശ്രമഫലമായി കൊല്ലം ജില്ലയിൽ കുന്നത്തൂർ എന്ന സ്ഥലത്തുള്ള ഒരു കശുവണ്ടി ഫാക്ടറിയുടെ 5 ഏക്കർ സ്ഥലവും അതിലുള്ള ഒരമ്പലവും നോക്കിനടത്താനുള്ള ജോലി ഏർപ്പാടാക്കിത്തന്നു. അക്കാലത്തു വേളിയും കഴിച്ചു .



എങ്കിലും പിഴച്ചിതു പോന്നതു സൗമിത്രേ നീ
ശങ്കയുണ്ടായീടാമോ ദുർവചനങ്ങൾ കേട്ടാൽ

ആ പുരയിടവും മറ്റും ഫാക്ടറിയുടെ വികസനത്തിനായി ഉടമസ്ഥർ ഉപയോഗിച്ച് തുടങ്ങിയപ്പോൾ എന്റെ ആവശ്യം ഇല്ലാതായി. ആ ജോലി വിട്ട് വീണ്ടും നാട്ടിലേക്ക് .........

ഭാര്യയും കുടുംബവും കൂടിയായപ്പോൾ ജീവിതം വഴിമുട്ടി. സ്ഥലം പാട്ടത്തിനെടുത്ത് കപ്പകൃഷിയും റബർടാപ്പിങ്ങും കൂലിപ്പണിയും ചെയ്ത് ജീവിതം തള്ളിനീക്കി. അക്കാലത്തു എന്റെ അമ്മ എന്റെ കൈവെള്ളയിൽ തടവിക്കൊണ്ട് നിനക്ക് ഒരു ജോലി കിട്ടിയില്ലല്ലോ, എന്റെ കുഞ്ഞിന്റെ കൈ മുഴുവൻ തഴമ്പിച്ചിരിക്കുകയാണല്ലോ എന്ന് പറഞ്ഞ് കരയുമായിരുന്നു. ഇത് പലതവണ ആവർത്തിച്ചിട്ടുണ്ട്. അപ്പോഴൊക്കെ എന്റെ മനസ്സിൽ എങ്ങിനെയോ ഒരു തോന്നൽ ഉണ്ടാകുമായിരുന്നു, എന്റെ കൈവെള്ള ആരെങ്കിലും എന്നെങ്കിലും പരിശോധിക്കുമ്പോൾ അന്ന് എനിക്ക് ഒരു ജോലി കിട്ടും എന്ന്.

ഇത് ഞാൻ ഡയറിയിൽ കുറിച്ചിട്ടിട്ടുണ്ട്.

കാലം കടന്നുപോയിക്കൊണ്ടിരുന്നു. അതിനിടയിൽ പ്രോജക്റ്റ് ഏരിയയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയവരിൽ നിന്ന് നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി വർക്കർ പോസ്റ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇന്റർവ്യൂ കഴിഞ്ഞ് ദിവസം 10 രൂപ വേതനത്തിൽ താൽക്കാലിക ജീവനക്കാരനായി ആമ്പല്ലൂർ സെക്ഷനിൽ എനിക്ക് നിയമനം കിട്ടി. 89 ദിവസം ജോലി. അതുകഴിഞ്ഞ് ഒരു ദിവസം ബ്രേക്ക്. ജോലിക്ക് സ്ഥിരത ആവശ്യപ്പെടാതിരിക്കുവാനുള്ള വഴി ആയിരുന്നു അത്. 89 ദിവസം കഴിഞ്ഞ് വീണ്ടും അതുപോലെ തന്നെ തുടരും. ബ്രേക്ക് വരുന്ന ദിവസം വീട്ടിലേക്ക് പോരും. തലയോലപ്പറമ്പിനടുത്ത് വടകര എന്ന സ്ഥലത്ത് സഹോദരിയുടെ വീട്ടിലായിരുന്നു താമസം. ജോലി ചെയ്യുമ്പോൾ വേതനത്തെപ്പറ്റി ചിന്തിച്ചിട്ടേയില്ല. ജോലിയിൽ ഒന്നാമനായി ഇരിക്കണമെന്നുള്ള വാശി എന്നിലുണ്ടായിരുന്നു. കാറ്റും മഴയും വെയിലും വകവെയ്ക്കാതെ കഠിനമായി ജോലികൾ ചെയ്തുകൊണ്ടിരുന്നു.

ഇതേ ജോലി ചെയ്തിരുന്ന സ്ഥിരം ജീവനക്കാർക്ക് അലവൻസുകളും മറ്റും കൂട്ടി ഇതിന്റെ പത്തിരട്ടി വേതനം ലഭിക്കുമായിരുന്നു. എപ്പോഴെങ്കിലും സ്ഥിരപ്പെടുമെന്നുള്ള ആഗ്രഹത്തിൽ ജോലി ചെയ്തുകൊണ്ടേയിരുന്നു.

എന്നാൽ മനസ്സിലുള്ള എല്ലാ പ്രതീക്ഷകളേയും തെറ്റിച്ചുകൊണ്ട് താൽക്കാലിക ജീവനക്കാർക്ക് അവസരം നൽകാതെ ബോർഡ് നിയമനം പി.എസ്.സി.യ്ക്ക് വിട്ടു . എങ്കിലും പ്രതീക്ഷയോടെ ഞാൻ ആത്മാർത്ഥമായി ജോലി ചെയ്തുകൊണ്ടിരുന്നു. കാലം കടന്നു പോകവേ, ദിവസവേതനത്തിൽ ജോലിചെയ്തുകൊണ്ടിരുന്ന രണ്ടായിരത്തോളം പേരിൽ നിന്ന് നിബന്ധനകൾക്ക് വിധേയരായി വർക്കർ തസ്തികയിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചു. കോട്ടയം കഞ്ഞിക്കുഴിക്ക് അടുത്തുള്ള ദേവലോകം സ്കൂളിലായിരുന്നു എന്റെ ഇന്റർവ്യൂ. സ്കൂളിന്റെ ദേശീയപതാക ഉയർത്തുന്ന തറയിലായിരുന്നു ഞാൻ ഇരുന്നിരുന്നത്. എന്തോ തോന്നലാൽ ഞാൻ എന്റെ കൈവെള്ള ആ സിമന്റ് തറയിൽ ഉരസിക്കൊണ്ടാണ് ഇരുന്നത് .

ആദ്യം സൈക്കിൾ ടെസ്റ്റ്. അതുകഴിഞ്ഞ് അഭിമുഖം. എന്റെ ഊഴം വന്നു. ഹാളിൽ കയറി ഇന്റർവ്യൂ ബോർഡ് അംഗങ്ങളെ അഭിവാദ്യം ചെയ്തു. 5 പേരായിരുന്നു ഇന്റർവ്യൂ ബോർഡിലുണ്ടായിരുന്നത്. ഇലക്ട്രിസിറ്റി വർക്കർ ജോലിയെപ്പറ്റി എന്തെല്ലാം അറിയാമെന്ന് എന്നോട് ചോദിച്ചു. ബോർഡിലെഎല്ലാ സാങ്കേതിക ദൈനംദിന ജോലികളും അറിയാമെന്നു ഞാൻ മറുപടി പറഞ്ഞു. ഒരു നമ്പൂതിരിയല്ലേ എന്നിട്ട് ഇത്രയും കഠിനമായ ജോലികൾ ചെയ്യാൻ പറ്റുമോ എന്നും എനിക്ക് വല്ല അമ്പലത്തിലും ശാന്തിപ്പണി ചെയ്യുന്നതല്ലേ നല്ലത് എന്നും ചോദിച്ചു. ഞാനിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് ഈ ജോലികൾ തന്നെയാണെന്ന് ഭവ്യമായി മറുപടി പറഞ്ഞു. അങ്ങനെയാണെങ്കിൽ എന്റെ കൈ അങ്ങോട്ട് നീട്ടാൻ പറഞ്ഞു.

എന്റെ അമ്മയുടെ മുഖം എന്റെ മനസ്സിൽ മിന്നി മറഞ്ഞു!!

ഞാൻ കൈവെള്ള നീട്ടി കാണിച്ചു. എന്റെ കൈവെള്ളയിൽ അദ്ദേഹം മെല്ലെ തടവിനോക്കി. പാറപ്പുറത്ത് ഉരസ്സിയതുപോലെ അനുഭവപ്പെട്ട് കാണണം. വെരിഗുഡ് എന്ന് പറഞ്ഞ് പരസ്യമായി അദ്ദേഹം അഭിനന്ദിച്ചു. 531 പേരിൽ ഇരുപതാമത്തെ റാങ്ക് എനിക്ക് കിട്ടി!!

നിയമനം ആമ്പല്ലൂരിൽത്തന്നെ. ലൈൻമാനായി പ്രൊമോഷൻ കിട്ടി മണിമല സെക്ഷനിൽ വന്നു. കറിക്കാട്ടൂർ എന്ന സ്ഥലത്തായിരുന്നു ആഫീസ്. പഴയിടം ആയിരുന്നു ജോലി സ്ഥലം. കാറ്റും മഴയും ഒന്നും വകവെയ്ക്കാതെ, അവധി എടുക്കാതെ കൃത്യമായി ജോലിചെയ്തു നാട്ടുകാരുടെ പ്രിയ ലൈൻമാൻ നമ്പൂതിരിയായി മാറി. അവിടെനിന്നും ട്രാൻസ്ഫറായി അരീക്കോട്ടയിലേക്ക് പോയപ്പോൾ അഞ്ച് അടി പൊക്കമുള്ള ഒരു നിലവിളക്ക് വെളിച്ചത്തിന്റെ പ്രതീകമായി പള്ളിവികാരി സമ്മാനിച്ചു. ആരോടും യാതൊരു പ്രതിഫലവും മേടിക്കാതെ കൃത്യമായി ഞാൻ ജോലി ചെയ്തുകൊണ്ടിരുന്നു. വീണ്ടും കാഞ്ഞിരപ്പള്ളിയിലേക്ക് മാറ്റം കിട്ടി. രാപ്പകലില്ലാതെ അദ്ധ്വാനം. നൈറ്റ് ഡ്യൂട്ടി കഴിഞ്ഞാൽ പിറ്റേദിവസം കുളി കഴിഞ്ഞ് ആഫീസിലേയ്ക്ക് പോകും. യൂണിഫോമിലല്ലാതെ ആരും എന്നെ തിരിച്ചറിയുകയില്ലായിരുന്നു.

പൊതുജനങ്ങൾക്ക് കറന്റ് കിട്ടുന്നതിനുള്ള എല്ലാ ശ്രമങ്ങളും രാപ്പകൽ ചെയ്തുകൊണ്ടിരുന്നു. കേരളത്തിലെ പ്രമുഖ പത്രങ്ങളിലെല്ലാം എന്നെക്കുറിച്ചു ഫീച്ചറുകൾ വന്നിരുന്നു. അറിയപ്പെടാത്ത അയൽക്കാർ എന്ന മനോരമയുടെ ഫുൾപേജ് ഫീച്ച റും ഉണ്ടായിരുന്നു.

പൊൻകുന്നം ഡിവിഷനിലെ ഏറ്റവും നല്ല ലൈൻമാൻ എന്ന സർട്ടിഫിക്കറ്റ് കിട്ടി. റിട്ടയർ ചെയ്യുന്നു എന്ന മാതൃഭൂമി വാർത്ത കണ്ട് ബോർഡ് ചീഫ് എൻജിനീയർ പി.റ്റി.യോഹന്നാൻ സാർ നേരിട്ട് ഇടപെട്ട് ബോർഡ് ചിലവിൽ കാഞ്ഞിരപ്പള്ളി പാരീഷ് ഹാളിൽ വച്ച് സെന്റ്ഓഫ് ഏർപ്പാടാക്കി. 10000/ രൂപയുടെ ക്യാഷ്അവാർഡും ഗുഡ്സർവ്വീസ് എൻട്രിയും സമ്മാനിച്ചു.

അന്നത്തെ സമ്മേളനത്തിൽ സദസ്സിന്റെ മുൻനിരയിൽ ഇരുന്ന് അന്ന് എന്റെ അമ്മ ഇതെല്ലാം കാണുന്നുണ്ടായിരുന്നു!! നമുക്ക് ഇങ്ങനെ ഒരു ലൈൻമാൻ ആയിരുന്ന അദ്ദേഹത്തിന്റെ അമ്മയാണ് ഇവിടെ ഇരിക്കുന്നത് എന്ന് പറഞ്ഞ് അമ്മയെ സദസ്സിന് പരിചയപ്പെടുത്തി ചീഫ് എൻജിനീയർ!

വളരെ അപകടം പിടിച്ച ഈ ജോലി ഇത്രയും അർപ്പണമനോഭാവത്തോടെ ചെയ്യുവാൻ സാധിച്ചത് അമ്മയുടെ അനുഗ്രഹം കൊണ്ട് മാത്രമാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ബ്രാഹ്മണനായി ജനിച്ചതിന്റെ ഒരു മാഹാത്മ്യവും ഇതിന്റെ പിന്നിൽ ഉണ്ട്.

തലമുറകളായി പൂവും ചന്ദനവും ദർഭയും പിടിച്ച കൈകളിൽ തൂമ്പയും സ്പാന്നറും ചുറ്റികയും കൂടി ഭദ്രമാണ് , കഠിനമായി അധ്വാനിക്കാൻ തയ്യാറുള്ള മനസ്സും ,ഒരു ജോലിയും മോശമല്ല എന്ന കാഴ്ചപ്പാടും ഉണ്ടെങ്കിൽ.

ഈ സന്ദേശമാണ് ഈ ചെറിയ ജീവിതാനുഭവത്തിലൂടെ യുവതലമുറക്ക് ഞാൻ പകരാൻ ആഗ്രഹിക്കുന്നത്.

ദൈവത്തിനു നന്ദി.

ഇന്ന് ഭാര്യയും മകളും കൊച്ചുമക്കളുമായി റിട്ടയർമെന്റ് ജീവിതം സന്തോഷപൂർവ്വം കൊണ്ടാടുന്നു.

## മുക്തകം

മായം ചേർന്നവയൊക്കെ വാങ്ങി നിയതം ഭക്ഷിച്ചുകൊള്ളുമ്പോളി-
ക്കായം കേടു വരുന്നുമെന്നറിയുവാനില്ലാർക്കു മിന്നുത്സുകം.
ചായം ചേർന്ന പരസ്യമായി ദിനവും കാണുന്ന കോലാഹലം
ന്യായം ലേശവുമേശിടാത്ത ചതിവാ,ണാരുണ്ടു രക്ഷിയ്ക്കുവാൻ!

*ഗിരിജ എൻ നമ്പൂതിരി*
*വടുതലായിൽ ഇല്ലം*
*കുടക്കച്ചിറ*



ലോകവിശുദ്ധിവരുത്തുവാനായ്കൊണ്ടു
ലോകപാലന്മാർ നടക്കുമെല്ലാടവും

## പദപ്രശ്നം 9

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | | | 3 | |
| | | 4 | 5 | 6 | | 7 |
| 8 | 9 | 10 | | | | |
| | | 11 | | 12 | | |
| | 13 | | | | 14 | 15 |
| 16 | | | | 17 | | |
| 18 | | | 19 | | | |

**വലത്തോട്ട്**

1) താക്കോൽ കൊടുക്കാതരുണോദയത്തിൽ
 താനേ മുഴങ്ങും വലിയോരലാറം (5)
3) തിന്നില്ല, കുടിക്കില്ല, തല്ലാതെ മിണ്ടില്ല (2)
4) എല്ലാം തിന്നും എല്ലാം ദഹിക്കും
 വെള്ളം കുടിച്ചാൽ ഇല്ലാതെയാകും (1)
8) അടിയിൽ വട്ടക്കിണ്ണം മേലെ പച്ചപ്പന്തൽ (2)
10) പെട്ടിതുറക്കും ലോഹക്കുഞ്ഞൻ, കാവൽ
 ക്കാരൻ കാര്യസ്ഥൻ കുള്ളൻ ചാത്തൻ (3)
12) ഒരാൾക്ക് തലയിലും കാലിലും തൊപ്പി (3)
16) കറുത്ത പാറക്ക് നാല് തൂണ് (2)
18) കാളകിടക്കും കയറോടും (3)
19) ഈ നാക്കിൽ നിന്റെ വിരുന്ന് (4)

ഇത്തവണത്തെ പദപ്രശ്നത്തിന്റെ ചോദ്യങ്ങൾ കടങ്കഥകളാണ്. പുതിയ തലമുറക്ക് മുത്തശ്ശന്റെയോ മുത്തശ്ശിയുടെയോ സഹായം തീർച്ചയായും വേണ്ടിവരും!

**താഴോട്ട്**

1 ) നാരികളെന്നെ മുടിയിൽ വയ്ക്കും,
 പൂമ്പാറ്റയിലുണ്ട് നിലാവിലുണ്ട് (2)
2) ആയിരം കണ്ണുള്ളവൻ ചന്തക്കുപോയി (2)
3 ഓടും കുതിര ചാടും കുതിര വെള്ളം
 കണ്ടാൽ നിൽക്കും കുതിര (3)
5) കിക്കിലുക്കം കിലുകിലുക്കം
 ഉത്തരത്തേൽ ചത്തിരിക്കും (5)
6) ഒരമ്മ നേരം വെളുത്താൽ വീടിനു ചുറ്റും
 ഓടി നടക്കും, പിന്നെച്ചെന്നൊരു
 മുക്കിലിരിക്കും (2)
7) ഇല്ലിമേലായിരം പല്ലിമുട്ട (3)
8) വെള്ളത്തിലിട്ടാൽ നനയില്ല,
 വെയിലത്തിട്ടാൽ വാടും (3)
9) പലകയ്ക്കടിയിൽ പച്ചയിറച്ചി (2)
11) ഒരമ്മ പെറ്റതെല്ലാം ചാരക്കുണ്ടന്മാർ (4)
12 കാക്കയ്ക്കും കോഴിക്കും വേണ്ടാത്ത വിത്ത്,
 വെള്ളത്തിലിട്ടാൽ കാണാത്തവിത്ത് (2)
13) തൊപ്പിയൂരി മുതുകിൽ വച്ചു,
 മിണ്ടാതെ കാര്യം പറഞ്ഞു (2)
14) ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി (2)
15) ഊണുകഴിഞ്ഞാലുടനെ പിന്നെ
 കായ്ക്കാത്ത പൂക്കാത്ത ചെടിയുള്ള
 ഇല വേണം മുത്തശ്ശന് (3)
16) അപ്പം പോലെ തടിയുണ്ട്,
 അല്പം മാത്രം തലയുണ്ട്. (2)
17) ഇല പായ പോലെ, തടി തൂണുപോലെ (2)

ശരിയുത്തരങ്ങൾ ബ്രഹ്മശ്രീയുടെ ഇമെയിൽ വിലാസത്തിലേക്കോ , ചീഫ് എഡിറ്ററുടെ വാട്സപ്പ് നമ്പരിലേക്കോ അയക്കാം. ഫോട്ടോയെടുത്തോ സ്കാൻ ചെയ്തോ അയച്ചാൽ മതിയാകും

**അയച്ചുകിട്ടേണ്ട അവസാന തീയതി ആഗസ്റ്റ് 15**

Name.............................................................................................................

Address.........................................................................................................

Email.....................................................................Mob:.......................................................

### മുടങ്ങിയതിൽ ഖേദിക്കുന്നു .

മഹാമാരിയുടെ മാരക മുഷ്ടിയിൽ നാട് അമർന്നിരുന്നതിനാൽ കഴിഞ്ഞ ലക്കം ബ്രഹ്മശ്രീ പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. ഈ ലക്കത്തിൽ കൂടുതൽ പേജുകൾ ചേർത്തിട്ടുണ്ട്.

പത്രാധിപർ

### അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിക്കുന്ന ഫോട്ടോകളുടെയും മറ്റും തുക ഒരു ഓർമ്മപ്പെടുത്തൽ വേണ്ടിവരുന്നതിനു മുൻപായി തന്നെ അക്കൗണ്ടിലേക്കു അടക്കാൻ പ്രായോജകർ ശ്രദ്ധിക്കണം എന്ന് വിനീതമായി അപേക്ഷിക്കുന്നു. *പത്രാധിപസമിതി*



അകതളിരിലറിവു കുറയുന്നവർക്കേറ്റമു
ള്ളജ്ഞാനമൊക്കെ നീക്കേണം ബുധജനം

## തിരുവനന്തപുരം ജില്ല (ശാഖാവാർത്തകൾ)

**കൊറോണക്കാല പ്രവർത്തനങ്ങൾ**

സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി നാഗരാതിർത്തിയിലെ 21 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പിനായി വരുന്ന അമ്മമാർക്കും കുട്ടികൾക്കും നൽകാനായി ഏപ്രിൽ 22 നു സാനിറ്റൈസറും മാസ്കുകളും നൽകി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി. വി. അരുൺ , ഡോ . അരുണിമ എന്നിവർ ചേർന്ന് ഇവ ഏറ്റുവാങ്ങി. സമാജം കേന്ദ്ര വൈസ് പ്രസിഡന്റ് ശ്രീമതി മായാ നാരായണൻ ,കേന്ദ്ര കമ്മിറ്റി അംഗം ശ്രീ ശ്രീവത്സലൻ നമ്പൂതിരി,ജില്ലാ നിർവാഹക സമിതി അംഗം ശ്രീ ഗിരീഷ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഈ സദുദ്യമത്തിന് എല്ലാവിധ സഹായങ്ങളും ചെയ്തു തന്ന NHC PRO ശ്രീ ടോം ആന്റണിക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## ചികിത്സാ സഹായം (30/05/2020)

നമ്മുടെ സമുദായാംഗമായ ശ്രീ സംഗീതിന്റെ ഹൃദയ മാറ്റ ശസ്ത്രക്രിയയ്ക്കായി ചികിത്സാസഹായമായി 1,22,000 രൂപ സമാഹരിച്ചു. അംഗങ്ങളിൽ നിന്ന് പിരിച്ചെടുത്ത ഈ തുക സംഗീതിന്റെ ബന്ധുവും ജില്ലാ നിർവാഹക സമിതി അംഗവുമായ ശ്രീ ദാമോദരന് കൈമാറി. തദവസരത്തിൽ സമാജം കേന്ദ്ര വൈസ് പ്രസിഡന്റ് ശ്രീമതി മായാ നാരായണൻ, കേന്ദ്ര കമ്മിറ്റി അംഗം ശ്രീ ശ്രീവത്സലൻ നമ്പൂതിരി, ജില്ലാ ട്രഷറർ ശ്രീ ശശികുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പ്രസ്തുത സംരംഭത്തിൽ പങ്കാളികളായ എല്ലാവർക്കും സമാജത്തിന്റെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.



**എറണാകുളം ജില്ല (ചികിത്സാസഹായം)**

സംഗീതിന്റെ ചികിത്സാനിധിയിലേക്ക് എറണാകുളം ജില്ലയിലെ ശാഖകളിൽ നിന്ന് സമാഹരിച്ച തുകയായ 67,000 രൂപ ബന്ധപ്പെട്ടവർക്ക് കൈമാറിയതായി ജില്ലാ സെക്രട്ടറി രവികുമാർ മംഗലപ്പള്ളി അറിയിച്ചു.

**ശാഖാ ഭാരവാഹികളുടെ ശ്രദ്ധയ്ക്ക്** .

ബ്രഹ്മശ്രീയുടെ വാർഷിക വരിസംഖ്യ അടയ്ക്കാനുള്ള ശാഖകൾ ഉടനെ തന്നെ തുക അക്കൗണ്ടിൽ അടക്കേണ്ടതാണ് . ചില ശാഖകൾ തുക ഭാഗികമായേ അടച്ചതായി കാണുന്നുള്ളൂ . ഇത്രയും ഓർമ്മപ്പെടുത്തലുകൾക്കു ശേഷവും ചുരുക്കം ചില ശാഖകൾ വരിസംഖ്യ അടച്ചിട്ടേയില്ല എന്നതാണ് ഏറെ വേദനാജനകം . കൃത്യസമയത്തു തന്നെ മുഴുവൻ തുകയും അടച്ച ശാഖാ ഭാരവാഹികൾക്ക് ബ്രഹ്മശ്രീയുടെ പ്രത്യേക അഭിനന്ദനങ്ങൾ !!

പത്രാധിപസമിതി

**യശ:ശരീരനായ ശ്രീ. നെടുമ്പിള്ളി കുഞ്ഞിക്കുട്ടൻ ഇളയതിനെ അനുസ്മരിച്ച് ഡോ.പി.സി.മുരളീമാധവന്റെ അനുസ്മരണക്കുറിപ്പ്.**

ജീവിതകാലം മുഴുവനും സൗമ്യത കാത്തുസൂക്ഷിച്ച ബ്രാഹ്മണശ്രേഷ്ഠനായിരുന്നു കുഞ്ഞിക്കുട്ടൻ ഇളയത്. നിസ്വാർത്ഥവും ഉദാത്തവുമായ ഔദ്യോഗികകർമങ്ങൾ അദ്ദേഹത്തെ പല ഉൽകൃഷ്ട പദ്ധതികളുടെയും ശില്പിയാക്കി. ലോകപൈതൃകത്തിൽ ജ്വലിക്കുന്ന രത്നങ്ങളായ വടക്കുനാഥൻ ക്ഷേത്രം ഉൾപ്പടെ ഉള്ളവയുടെ സംരക്ഷണത്തിനും കൂടുതൽ വികസനത്തിനും, ആയതിന്ന് കേന്ദ്രസർക്കാരിൽ നിന്ന് വലിയ സാമ്പത്തിക സഹായം നേടുന്നതിനും അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ എന്നും ശ്ലാഘനീയമാണ്.വിരമിച്ചതിന്ന് ശേഷം എഴുത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച അദ്ദേഹം, ഭാരതീയ ആർഷ സനാതന ധർമങ്ങളെ സംരക്ഷിക്കുവാനും പ്രചരിപ്പിക്കുവാനുമായി, പുരാണേതിഹാസങ്ങളെയും, ഉപനിഷത്തുക്കളെയും ആധാരമാക്കി നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. സാധാരണക്കാർക്ക് വളരെ ഉപയോഗപ്രദങ്ങളാണ് അവയെല്ലാംത്തന്നെ. എഴുതുന്നതിനും വായിക്കുന്നതിനും ശാരീരികമായ പ്രയാസങ്ങൾ തടസമായി നിൽക്കുമ്പോഴും അവയെല്ലാം കൃത്യമായ ലക്ഷ്യബോധത്തോടെ അവഗണിച്ചു, ഗ്രന്ഥരചനയിൽ അദ്ദേഹം മുഴുകുകയാണ് ഉണ്ടായത്. ജീവിതത്തിൽ ഒരു നിമിഷവും പാഴാക്കാതെ ഈശ്വരൻ തന്ന ആയുസ്സ് എങ്ങിനെ സമൂഹത്തിന്റെ നന്മക്ക് സാർത്ഥകമായി ഉപയോഗിക്കാമെന്ന് നമ്മെ ഉപദേശിച്ച മഹദ്വ്യക്തിക്ക് സ്മരണാഞ്ജലികൾ

ബ്രഹ്മശ്രീ മുൻ ഉപദേശകസമിതി അംഗവും, തൃശ്ശൂർ മലയാളബ്രാഹ്മണ സമാജ സ്ഥാപക അദ്ധ്യക്ഷനും, എഴുത്തുകാരനുമായിരുന്ന അദ്ദേഹത്തിന്റെ ഓർമയ്ക്ക് മുന്നിൽ ബ്രഹ്മശ്രീയുടെയും മലയാള ബ്രാഹ്മണസമാജത്തിന്റെയും വിനീത പ്രണാമം .

**ഉദിച്ചു , വർത്തിച്ചു നശിച്ചുമാത്ര**
**യ്ക്കകത്തതിൽ സർവ്വവുമസ്തമിച്ചു.**
**ഇതെന്തിനുള്ളാരുടെയിന്ദ്രജാലം?**
**പ്രപഞ്ചമേ , തീപ്പൊരിയല്ലി നീയും!**

**ചങ്ങമ്പുഴ**

**മലയാള ബ്രാഹ്മണ സമാജം നടത്തിയ ഓൺലൈൻ കലാമത്സരങ്ങളുടെ ഫലങ്ങൾ ചുവടെ ചേർക്കുന്നു. വിജയികൾക്ക് മലയാള ബ്രാഹ്മണ സമാജത്തിന്റെ അഭിനന്ദനങ്ങൾ. വിജയികൾക്കുള്ള സമ്മാനങ്ങൾ ഉചിതമായ ഒരു വേദിയിൽ വിതരണം ചെയ്യുന്നതാണ്.**

### പ്രൗഢവിഭാഗം

**തിരുവാതിരപാട്ട്**

ഒന്നാം സ്ഥാനം : സന്ധ്യ, കണത്തുരുത്തി ഇല്ലം ചേർത്തല ശാഖ

രണ്ടാം സ്ഥാനം : വിദ്യ, കണത്തുരുത്തി ഇല്ലം ചേർത്തല ശാഖ

**കവിതാ പാരായണം**

ഒന്നാം സ്ഥാനം : ജയേഷ്, മുല്ലശ്ശേരി ഇല്ലം തുറവൂർ ശാഖ

### യുവ വിഭാഗം

**ലളിതഗാനം**

ഒന്നാം സ്ഥാനം: ദേവകൃഷ്ണൻ, തുറവലൂർ ഇല്ലം വൈക്കം ശാഖ, ആദർശ് പുതുമന ഇല്ലം ചങ്ങനാശേരി ശാഖ

രണ്ടാം സ്ഥാനം: ശ്രീരഞ്ജിനി അറവികുളത്തില്ലം മണിമല ശാഖ

**ശങ്കരദർശനപരിചയം**

ഒന്നാം സ്ഥാനം: ശ്രീരഞ്ജിനി, അറവികുളത്തില്ലം, മണിമല ശാഖ

**കവിതാ പാരായണം**

ഒന്നാം സ്ഥാനം: ശ്രീരഞ്ജിനി, അറവികുളത്തില്ലം, മണിമല ശാഖ

### തരുണ വിഭാഗം

**ലളിതഗാനം**

ഒന്നാം സ്ഥാനം: ശ്രീനന്ദന, പറഞ്ചികാട്ടില്ലം ആണ്ടൂർ, അനഘ കോശപ്പള്ളി ഇല്ലം, കോത്തല

രണ്ടാം സ്ഥാനം: കൃഷ്ണപ്രിയ, പുതുമന ഇല്ലം ചങ്ങനാശ്ശേരി ശാഖ

**കവിത പാരായണം**

ഒന്നാം സ്ഥാനം: വാസുദേവ്, താമരശ്ശേരി ഇല്ലം കോത്തല ശാഖ

രണ്ടാം സ്ഥാനം: ശ്രീരാഗ്, അറവികുളത്തില്ലം മണിമല ശാഖ

**ഭഗവത്ഗീത പ്രവചനം**

നാരായണൻ, കാരിക്കോട്ട് ഇല്ലം, എറണാകുളം ശാഖ

### ബാല വിഭാഗം

**ലളിതഗാനം**

ഒന്നാം സ്ഥാനം: നന്ദന, ചാവടി മഠം അമ്പലപ്പുഴ ശാഖ,

രണ്ടാം സ്ഥാനം: തീർത്ഥശ്രീ,വെള്ളൂർ ഇല്ലം തിരുവനന്തപുരം ശാഖ

**ഭഗവത്ഗീതാ പ്രവചനം**

ഒന്നാം സ്ഥാനം : കൃഷ്ണദേവ്, കൈലാസ് ഭവൻ ആണ്ടൂർ ശാഖ

രണ്ടാം സ്ഥാനം: കൃഷ്ണജ കെ ശർമ്മ, തോട്ടത്തിൽ ഇല്ലം, രാമപുരം ശാഖ

**സ്തോത്രാലാപനം**

ഒന്നാം സ്ഥാനം: കൃഷ്ണജ കെ ശർമ്മ, തോട്ടത്തിൽ ഇല്ലം രാമപുരം ശാഖ

രണ്ടാം സ്ഥാനം: ദുർഗ സനോജ്, കോറപ്പള്ളി ഇല്ലം മണിമല ശാഖ

### കിശോര വിഭാഗം

**ലളിതഗാനം**

ഒന്നാം സ്ഥാനം: അഭിരാമി, ഞെരിഞ്ഞാമ്പള്ളി ഇല്ലം പറവൂർ ശാഖ,

മൈഥിലി, വെള്ളൂർ ഇല്ലം, തിരുവനന്തപുരം ശാഖ

രണ്ടാം സ്ഥാനം: കൃഷ്ണജിത്ത് കെ ശർമ്മ, തോട്ടത്തിൽ ഇല്ലം രാമപുരം ശാഖ

**സ്തോത്രാലാപനം**

ഒന്നാം സ്ഥാനം: മാധവ് കൃഷ്ണ, കുഴിപ്പള്ളി ഇല്ലം കോത്തല ശാഖ

രണ്ടാം സ്ഥാനം: ശ്രീല , ആനിക്കാട്ടില്ലം കൂത്താട്ടുകുളം ശാഖ

ബദരിനാഥൻ, കൈനിക്കര ഇല്ലം, കോത്തല ശാഖ

**സുഭാഷിതം**

ഒന്നാം സ്ഥാനം: സാധിക എസ് ശർമ്മ ആനിക്കാട്ടില്ലം, കൂത്താട്ടുകുളം

രണ്ടാം സ്ഥാനം: ബദരിനാഥൻ, കൈനിക്കര ഇല്ലം, കോത്തല ശാഖ



## വേളി
## അതുല്യ & അനന്ത്കൃഷ്ണൻ

വൈക്കം കല്ലറ പെരുംതുരുത്ത് ഇടമന ഇല്ലത്ത് ഇ.വി.വാസുദേവന്റെയും ഇന്ദിര വാസുദേവന്റെയും പുത്രി അതുല്യയും അങ്കമാലി വാപ്പാലശേരി മഴുവഞ്ചേരി ഇല്ലത്ത് എം കെ ജാതവേദന്റെയും സുമംഗലാദേവിയുടെയും പുത്രൻ അനന്ത്കൃഷ്ണനും തമ്മിലുള്ള വേളി 2020 മെയ് 24ന് വരന്റെ ഇല്ലത്ത് വച്ചു നടന്നു.



## വേളി
## ഹരികൃഷ്ണൻ & ആതിര


പള്ളിക്കര പഴങ്ങനാട് ചിറമല ഇല്ലത്തു നാരായണൻ ഇളയതിന്റെയും സിന്ധു നാരായണന്റെയും പുത്രൻ ഹരികൃഷ്ണനും തൈക്കാട്ടുശ്ശേരി പാണാവള്ളി പട്ടമന ഇല്ലത്തു പരേതനായ രാമനാഥന്റെയും സുജാത രാമനാഥന്റെയും പുത്രി ആതിരയും 2020 മെയ് 4 നു നാൽപത്തെണ്ണീശ്വരം ക്ഷേത്രസന്നിധിയിൽ വെച്ച് വിവാഹിതരായി



27 – ാം വിവാഹവാർഷികം

## മുരളി & ഗീത മുരളി

കൈതാരം കീശ്ശേരി ഇല്ലത്ത് മുരളിയുടെയും & ഗീത മുരളിയുടെയും 27ാം വിവാഹ വാർഷികം 2020 ഏപ്രിൽ 12ന് ആഘോഷിച്ചു.



## വേളി

# പത്മേഷ്
# സംഗീത

പെരുമ്പാവൂർ മേതല മേയ്ക്കാട്ടില്ലത്ത് എം.കെ.കേശവൻ ഇളയതിന്റെയും രാജേശ്വരീ അന്തർജ്ജനത്തിന്റെയും പുത്രൻ പത്മേഷും പെരുമ്പാവൂർ മുടിക്കൽ പീശമ്പിള്ളി ഇല്ലത്ത് വേണുനാഥശർമ്മയുടെയും അമ്മിണി അന്തർജ്ജനത്തിന്റെയും പുത്രി സംഗീതയും തമ്മിലുള്ള വേളി 2020 മാർച്ച് 15-ാം തീയതി വരന്റെ ഇല്ലത്ത് വച്ച് നടന്നു.



## വേളി

# ഹരിദാസ് & അദ്വൈത

പെരുമ്പാവൂർ വായ്ക്കരതൈക്കാട്ടില്ലത്ത് റ്റി.എസ്. ശങ്കരൻ ഇളയതിന്റെയും ഇന്ദുവിന്റെയും പുത്രൻ ഹരിദാസും മണിമല മുഖ്യപുരത്തില്ലത്ത് സുരേഷിന്റെയും ബിന്ദുവിന്റെയും പുത്രി അദ്വൈതയും തമ്മിലുള്ള വേളി 2020 ജൂൺ 7ന് രായമംഗലം മുവർകുളങ്ങര ഭഗവതീക്ഷേത്രസന്നിധിയിൽ വച്ച് നടന്നു.

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)